"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - മാലിന്യമുക്ത സംസ്ഥാനം എന്ന ലക്ഷ്യം മുൻനിർത്തി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരുന്ന മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ കർമ്മ പദ്ധതി അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (WM) വകുപ്പ്**

സ.ഉ.(സാധാ) നം.1275/2024/LSGD    തീയതി,തിരുവനന്തപുരം, 12-07-2024

---

പരാമർശം:-    1. 12-04-2023 ലെ സ. ഉ. (സാധാ) 867/2023 നമ്പർ സർക്കാർ ഉത്തരവ്

**ഉത്തരവ്**

മാലിന്യമുക്തം നവകേരളം ക്യാമ്പയിന്റെ ഈ വർഷത്തെ കർമ്മ പദ്ധതി , അനുബന്ധമായി ചേർത്തിരിക്കുന്നത്, അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി
സ്പെഷ്യൽ സെക്രട്ടറി

ഉത്തരവിൻ പ്രകാരം
Signed by
Pradeesh Kumar M K
Date: 12-07-2024 16:45:03
സെക്ഷൻ ഓഫീസർ

കോ-ഓർഡിനേറ്റർ നവകേരളം കർമ്മ പദ്ധതി- 2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ) വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ) / (ഓഡിറ്റ് I) / (ഓഡിറ്റ് II) - കേരള, തിരുവനന്തപുരം
പ്രൊജക്ട് ഡയറക്ടർ, കെ എസ് ഐ ഡി സി
പ്രൊജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി

മാനേജിങ് ഡയറക്ടർ, കില
മിഷൻ ഡയറക്ടർ, അമൃത്
എല്ലാ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (തദ്ദേശ സ്വയംഭരണ (അർബൻ) വകുപ്പ് ഡയറക്ടർ മുഖേന)
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും (തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ് ഡയറക്ടർ മുഖേന)
മാനേജിംഗ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ഐ & പി ആർ (വെബ് & ന്യൂ മീഡിയ) വകുപ്പ്
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്. ്ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

<u>**ക്യാമ്പയിൻ പ്ലാൻ**</u>

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിൻ്റെ ഭാഗമായി കഴിഞ്ഞ ഒരു വർഷമായി നടന്നു വരുന്ന പ്രവർത്തനങ്ങളിലൂടെ കേരളത്തിലെ മാലിന്യ സംസ്കരണ മേഖലയിൽ ഉണ്ടായ മാറ്റങ്ങൾ സംസ്ഥാനത്തുടനീളം പ്രകടമാണ്. എന്നിരുന്നാലും സംസ്ഥാനത്തെ മുഴുവൻ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ സമ്പൂർണ്ണതയും സുസ്ഥിരയും ഉറപ്പാക്കുന്നതിനൊപ്പം, ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം വരുത്തുന്നതിലൂടെ മാത്രമേ മികച്ച ശാസ്ത്രീയ മാലിന്യ സംസ്ക്കരണ സംസ്കാരം സംസ്ഥാനത്ത് രൂപപ്പെടുത്തിയെടുക്കാൻ സാധിക്കുകയുള്ളു.

കാലാവസ്ഥാ വ്യതിയാനവും അതിന്റെ പ്രത്യാഘാതങ്ങളും സൃഷ്ടിക്കുന്ന പ്രതിസന്ധികൾ കൂടിക്കൂടി വരികയാണല്ലോ. വികസന പ്രവർത്തനങ്ങളും മനുഷ്യരുടെ ജീവിതരീതികളും എല്ലാം കാലാവസ്ഥാ വ്യതിയാനത്തിൻ്റെ പശ്ചാത്തലത്തിൽ സമഗ്രമായി പുനർനിർവചിക്കേണ്ട കാലം കൂടിയാണ് ഇത്. ഇതിൽ ഏറ്റവും പ്രസക്തമായ ഒരു മേഖലയാണ് മാലിന്യ സംസ്കരണം. അതുകൊണ്ടുതന്നെ മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി മാലിന്യ സംസ്കരണത്തോടൊപ്പം കാലാവസ്ഥ വ്യതിയാനത്തിനും ഗൗരവപൂർണ്ണമായ പഠനങ്ങളും ഇടപെടലുകളും നടത്തുവാൻ ഉദ്ദേശിക്കുന്നു.

ഈ ലക്ഷ്യം നേടിയെടുക്കുന്നതിനായി പ്രധാനമായും തദ്ദേശ സ്വയം ഭരണ വകുപ്പിൻ്റെ നേതൃതത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ, മറ്റു വകുപ്പുകളുടെ സഹകരണത്തോടെ നടത്തേണ്ട പ്രവർത്തനങ്ങൾ, വിവിധ സംഘടനകളുടെ സഹകരണത്തോടെ നടത്തേണ്ട പ്രവർത്തനങ്ങൾ എന്നിങ്ങനെ മൂന്ന് തരത്തിലാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

**സുസ്ഥിരതയും പൂർണ്ണതയും**

- ഇനിയും 100 ശതമാനം വാതിൽപ്പടി ശേഖരണം ഇല്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അതിലേക്ക് ഉയർത്തുക.
- അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കുക, ഒപ്പം തന്നെ സംവിധാനങ്ങളുടെ ആധുനികവൽക്കരണം.
- മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ തടസ്സം കൂടാതെ നിരന്തരമായി നടക്കുന്ന പ്രവർത്തനമാക്കി മാറ്റുക.
- ഇനിയും പരിഹരിക്കപ്പെടാത്ത പ്രശ്നങ്ങൾ പരിഹരിക്കുക – സ്പെഷ്യൽ വേസ്റ്റ്കളുടെ സംഭരണവും സംസ്കരണവും.
- മാലിന്യ സംസ്കരണവുമായി ബന്ധപെട്ട സേവനങ്ങളുടെ ഗുണപരത ഉറപ്പാക്കുക
- മാലിന്യ സംസ്കരണത്തെ ആകർഷകമായ ഒരു തൊഴിൽമേഖലയാക്കി മാറ്റുക.

ഇവയെല്ലാം സുസ്ഥിരതയും പൂർണ്ണതയും ഉറപ്പാക്കേണ്ടുന്ന പ്രവർത്തനങ്ങളിൽ പ്രധാനപെട്ടവയാണ്. ഇവക്കൊപ്പം തന്നെ നാം ഈ മേഖലയിൽ ഇന്ന് നേരിടുന്ന വെല്ലുവിളികൾ കൂടി പരിഹരിക്കേണ്ടതുണ്ട്.

**വെല്ലുവിളികൾ**

- തരംതിരിക്കൽ കൃത്യമായി നടക്കാത്തത് (വീട്ടുകളിലും, സംഭരണ കേന്ദ്രങ്ങളിലും)
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മാലിന്യസംസ്കരണം ഒരു പ്രധാന ഉത്തരവാദിത്വം ആയി ഇനിയും

കാണാത്തത്

- മെറ്റിരിയൽ കളക്ഷൻ , ട്രാൻസ്സ്പോർട്ടഷൻ എന്നിവ കൃത്യമാക്കൽ
- റിജെക്റ്റ് മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് സംവിധാനം ഒരുക്കുക
- മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനെതിരെ ഉയരുന്ന പ്രാദേശിക എതിർപ്പുകൾ
- സ്പെഷ്യൽ വേസ്റ്റുകൾ കൈകാര്യം ചെയ്യാൻ ആവശ്യമായ സംവിധാനങ്ങളുടെ അഭാവം
- മാലിന്യ സംസ്കരണത്തോടുള്ള മനോഭാവത്തിൽ വേണ്ട മാറ്റം

ഇവയെല്ലാം കണക്കിലെടുത്താൽ ഇനി വരുന്ന ഒരു വർഷക്കാലത്തേക്കുള്ള ക്യാമ്പയിൻ പ്രധാനമായും ഊന്നൽ നൽകേണ്ടത് താഴെപറയുന്ന ലക്ഷ്യങ്ങൾ നേടുന്നതിനായിരിക്കണം

1. മാലിന്യത്തിന്റെ പൂർണ്ണമായ തരംതിരിവ്
2. വലിച്ചെറിയൽ മുക്ത സംസ്ഥാനം
3. മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാലിന്യ സംസ്കരണത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമാക്കുക
4. മാലിന്യ സംസ്കരണവുമായി ബന്ധപെട്ട സംവിധാനങ്ങളുടെ ആധുനികവൽക്കരണം
5. മാലിന്യ സംസ്കരണവുമായി ബന്ധപെട്ട സേവനങ്ങളുടെ ഗുണപരത ഉയർത്തുക.

ഈ ലക്ഷ്യങ്ങൾ നേടുന്നതിനു വേണ്ടി തുടർന്നുള്ള നമ്മുടെ ക്യാമ്പയിൻ പ്രവർത്തനങ്ങൾ ചുവടെ പറയുന്ന വിഷയങ്ങളെ അടിസ്ഥാനമാക്കി അസൂത്രം ചെയ്യേണ്ടതുണ്ട്.

A. **മനോഭാവം മാറ്റൽ**

പൊതു സമൂഹത്തിനു മാലിന്യ സംസ്കരണത്തോടുള്ള മനോഭാവത്തിൽ ഏറെ മാറ്റങ്ങൾ വരുത്താൻ നമുക്കായെങ്കിലും ഇക്കാര്യത്തിൽ നാം ഇനിയും മുന്നോട്ടു പോവേണ്ടതുണ്ട്. ഈ അനുകൂലമായ മനോഭാവ മാറ്റം സാധ്യമാകണമെങ്കിൽ വരും വർഷ ക്യാമ്പയിൻ താഴെപറയുന്ന രീതിയിൽ ആസൂത്രണം ചെയ്യേണ്ടതുണ്ട്

- യുവത/കുട്ടികൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങൾ
- സമൂഹത്തിലെ എല്ലാ വിഭാഗത്തിലെയും ജനങ്ങളെ സ്പർശിക്കുന്ന രീതിയിൽ ഒരു ജനകീയ ക്യാമ്പയിൻ ആയിരിക്കണം
- പൊതു സമൂഹത്തിലെ എല്ലാ സ്ഥാപനങ്ങൾ/സംഘടനകൾ എന്നിവയുടെ പ്രധാന അജെണ്ടയിൽ മാലിന്യ സംസ്കരണം ഉൾപ്പെടുത്തണം

ഇത് മൂന്നും സാധ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആണ് വരും വർഷത്തിലേക്ക് ശുപാർശ ചെയ്യുന്നത്


B. **പൂർണ്ണത**

മാലിന്യ സംസ്കരണ രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ സാധ്യമാക്കുന്നതിലാണ് കേന്ദ്രീകരിച്ചിരുന്നത് എന്നാൽ ഇക്കാര്യത്തിൽ ഇനിയും മുന്നോട്ടു പോകാനുണ്ട്. ഇക്കാര്യത്തിൽ സമ്പൂർണ്ണത കൈവരിക്കലാണ് പ്രധാനം (saturation), എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ആവശ്യമായ ശേഷിയിലുള്ള, ആവശ്യമായ എണ്ണം മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പാക്കേണ്ടതുണ്ട് ഒപ്പം ഗുണനിലവാരവും.

## C. **സുസ്ഥിരത**

മാലിന്യ സംസ്കരണത്തിനായുള്ള അടിസ്ഥാന സൗകര്യങ്ങളിൽ പൂർണ്ണത കൈവരിച്ചതിനു ശേഷം ഏറെ പ്രധാനപ്പെട്ടതാണ് സജ്ജമാക്കിയ സംവിധാനങ്ങൾ നിലനിർത്തുക, ഇവ എന്നും പ്രവർത്തനക്ഷമമായി കാത്തു സൂക്ഷിക്കുക എന്നത്, ഇതാണ് സുസ്ഥിരത കൊണ്ട് ഉദ്ദേശിക്കുന്നത്. മാലിന്യ സംസ്കരണ മേഖലയിൽ നാം പ്രധാനമായും നേരിടുന്ന വെല്ലുവിളികൂടിയാണ് ഇത്.

മാലിന്യ സംസ്കരണ രംഗത്തെ അടിസ്ഥാന സൗകര്യങ്ങളുടെ പൂർണ്ണതയും സുസ്ഥിരതയുമാണ് ഈ ഘട്ടത്തിലെ ക്യാമ്പയിനിൽ ലക്ഷ്യമിടുന്നത്. എന്നാൽ ഇവ നേടുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗം ജനങ്ങൾക്കിടയിൽ ശക്തമായ മനോഭാവം മാറ്റം സാധ്യമാക്കേണ്ടതുണ്ട്. ആയതിനാൽ ഈ ഘട്ടത്തെ ക്യാമ്പയിനിൽ മനോഭാവ മാറ്റത്തെ അടിസ്ഥാനമാക്കി കൊണ്ട് മാലിന്യ സംസ്കരണ മേഖലയിൽ പൂർണ്ണതയും സുസ്ഥിരതയും സാധ്യമാക്കുക എന്നുള്ളതാണ്. ഈ മേഖലകൾ എല്ലാം ഉൾപ്പെടുന്ന ബൃഹത്തായ ക്യാമ്പയിൻ ആവണം വരും വർഷത്തിലേത്. ഇതിലേക്കായി വിവിധ മേഖലകളിൽ നടത്തുന്നതിനായി ആലോചനയിൽ ഉള്ള ചില പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.




**<u>തദ്ദേശ സ്ഥാപനങ്ങൾ കൈവരിക്കേണ്ട ലക്ഷ്യങ്ങളുടെ സമയ ക്രമം നിശ്ചയിച്ച് കൊണ്ടുള്ള ആക്ഷൻ പ്ലാൻ ഉണ്ടാകണം</u>**

| **ക്രമ നം** | **ലക്ഷ്യങ്ങൾ** | **സമയക്രമം** |
|---|---|---|
| 1 | 100% വാതിൽപ്പടി ശേഖരണം | 2024 ഡിസംബറിനുള്ളിൽ |
| 2 | 100% ശേഖരണത്തിന് ആനുപാതികമായ മിനി എം സി എഫ് ,എം സി എഫ് ഉടങ്ങിയ സംവിധാനങ്ങൾ | 2024 ഡിസംബർ 31ന് മുൻപ് |
| 3 | ഹരിതകർമ്മസേനയുടെ ശാക്തീകരണം , തരം തിരിക്കൽ മെച്ചപ്പെടുത്താനുള്ള പരിശീലനം | 2024 ഒക്ടോബർ 30ന് ഉള്ളിൽ |
| 4 | ജനസംഖ്യാ ആനുപാതികമായി ഓരോ തദ്ദേശ സ്ഥാപനത്തിലും തെരുവുകളിലും , വ്യാപാര | 2024 നവംബർ 30ന് മുൻപ് |

| | | |
|---|---|---|
| | സ്ഥാപനങ്ങളിലും, ഓഡിറ്റോറിയങ്ങൾ തുടങ്ങി ആളുകൾ വന്നു ചേരുന്ന ഇടങ്ങളിലും ബിന്നുകളുടെ 100% കവറേജ് | |
| 5 | GVP പൂർണ്ണമായും നിർമ്മാർജനം ചെയ്യൽ | 2025 ജനുവരി 30ന് മുൻപ് |
| 6 | പ്രധാന കേന്ദ്രങ്ങളിലെല്ലാം ക്യാമറ നിരീക്ഷണം | 2025 ജനുവരി 30ന് മുൻപ് |
| 7 | ടൂറിസം കേന്ദ്രങ്ങളുടെ ശുചിത്വ ലക്ഷ്യങ്ങൾ കൈവരിക്കേണ്ടതാണ് | 2025 ഫെബ്രുവരി 28ന് മുൻപ് |
| 8 | സർക്കാർ സ്ഥാപനങ്ങൾ / പൊതു സ്ഥാപനങ്ങൾ എന്നിവയുടെ സമ്പൂർണ്ണ ശുചിത്വം ഉറപ്പുവരുത്തൽ | 2024 ഡിസംബർ 30 |
| 9 | റിജെക്റ്റ് മാലിന്യം സംസ്കരിക്കാനുള്ള ആവശ്യമായ RDF ഉറപ്പു വരുത്തൽ | 2025 ഫെബ്രുവരി 28ന് മുൻപ് |
| 10 | സാനിറ്ററി മാലിന്യ സംസ്കരണ സംവിധാനം എല്ലാ ജില്ലകൾക്കും ക്രമീകരണം | 2025 മാർച്ച് 30 |
| 11) | STP/FSTP എന്നിവ ഉറപ്പു വരുത്തൽ | 2025 മാർച്ച് 30ന് മുൻപ് ജില്ലയിൽ ഒന്നെങ്കിലും നിർമ്മാണം ആരംഭിക്കൽ |
| | സംസ്ഥാനത്ത് മൊബൈൽ STPയുടെ സേവനം ലഭ്യമാക്കൽ | 2025 മാർച്ചിനുള്ളിൽ സംസ്ഥാനത്ത് 20 യൂണിറ്റുകളുടെ സേവനം ഉറപ്പാക്കുക |

## ക്യാമ്പയിൻ പ്രവർത്തനങ്ങൾ

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങളുടെ ഫലമായി സംസ്ഥാനത്തെ മാലിന്യ സംസ്കരണ മേഖലയിൽ അനവധി മികച്ച നേട്ടങ്ങൾ ഉണ്ടാക്കിയെടുക്കാനായെങ്കിലും നിരവധി വെല്ലുവിളികൾ ഇപ്പോഴും നമ്മുടെ മുന്നിൽ നിലനിൽക്കുന്നു. അതിൽ പ്രധാനം ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനത്തോടുള്ള ജനങ്ങളുടെ മോശം മനോഭാവമാണ്. ഇത് ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനത്തിൻ്റെ ഭാഗമായി മാറുന്നതിൽ നിന്നും ആളുകളെ പിന്നോട്ട് വലിക്കുന്നതിനൊപ്പം മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കെതിരെ എതിർപ്പുകൾ ഉണ്ടാകുന്നതിനും കാരണമാകുന്നു.

മാലിന്യം വലിച്ചെറിയൽ, ഉറവിടത്തിൽ തരംതിരിക്കൽ ശീലം ഇല്ലായ്മ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകളോടുള്ള മോശം സമീപനം, പരിസ്ഥിതി ഉത്കണ്ഠ ഇല്ലാതെയുള്ള മാലിന്യ ഉത്പാദനവും കൈകാര്യം ചെയ്യലും ഇങ്ങനെ മാറ്റിയെടുക്കേണ്ട ജനങ്ങളുടെ മനോഭാവം ഏറെയുണ്ട്. ജനങ്ങളുടെ മനോഭാവത്തിൽ മാറ്റം ഉണ്ടാക്കിയെടുക്കാത്തിടത്തോളം മാലിന്യ സംസ്കരണ സംവിധാനങ്ങൾക്കെതിരായുള്ള ജനങ്ങളുടെ സമരങ്ങളും തുടർന്നു കൊണ്ടിരിക്കും. ഇത്തരത്തിലുള്ള വെല്ലുവിളികൾ തരണം ചെയ്ത് മാലിന്യത്തോടുള്ള ജനങ്ങളുടെ മനോഭാവവും മാലിന്യ സംസ്കരണത്തിൽ നിലവിലുള്ള ശീലങ്ങളും മാറ്റിയെടുത്ത് സംസ്ഥാനത്ത് സമ്പൂർണ്ണവും സുസ്ഥിരവുമായ ശാസ്ത്രീയ മാലിന്യ സംസ്കരണ സംസ്കാരം ഉണ്ടാക്കിയെടുക്കുന്നതിന് ജനകീയ വിദ്യാഭ്യാസ ക്യാമ്പയിൻ അനിവാര്യമാണ്.

മാലിന്യമുക്തം നവകേരളം അടുത്ത ഘട്ടത്തിലെത്തിലേക്കെത്തുമ്പോൾ പ്രധാനമായും 4 രീതിയിലാണ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്.

1. തദ്ദേശ സ്വയംഭരണ വകുപ്പ് തദ്ദേശ സ്ഥാപനങ്ങൾ , ഇതര വകുപ്പുകൾ, ജനകീയ സംഘടന സംവിധാനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിൻ.

2. മറ്റ് വകുപ്പ് നേതൃത്വത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ.

3. മറ്റ് സംഘടനകളുടെ നേതൃത്വത്തിൽ ഏകോപിപ്പിക്കുന്ന പ്രവർത്തനങ്ങൾ.

4. അടിസ്ഥാന സൗകര്യങ്ങളുടെ ഗ്യാപ് പരിഹരിക്കൽ . ട്രാൻസ്പോർട്ടേഷൻ പ്ലാൻ - സമയബന്ധിതമായി

പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങൾ.

ഈ മേഖലകൾ എല്ലാം ഉൾപ്പെടുന്ന ബൃഹത്തായ ക്യാമ്പയിൻ ആവണം വരും വർഷത്തിലേത്. ഇതിലേക്കായി വിവിധ മേഖലകളിൽ നടത്തുന്നതിനായി ആലോചനയിൽ ഉള്ള ചില പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.

ക്യാമ്പയിൻ സംഘാടനത്തിനായി ജില്ലാ ചുമതലയുള്ള മന്ത്രി രക്ഷാധികാരിയും, DPC ചെയർമാൻ ചെയർമാനും, കളക്ടർ കോ ചെയർമാനും , ജില്ലാ ജെ ഡി കൺവീനറും, നവകേരളം കർമ്മ പദ്ധതി ജില്ലാ കോർഡിനേറ്റർ- ശുചിത്വ മിഷൻ ജില്ലാ കോർഡിനേറ്റർ- മാലിന്യ മുക്തം നവകേരളം കോ കോർഡിനേറ്റർ എന്നിവർ ജോയിന്റ് കൺവീനർമാരും, എല്ലാ സംഘടനകളുടെയും ജനപ്രതിനിധികളുടെയും പ്രാതിനിധ്യം ഉറപ്പാക്കി ജില്ലാ സംഘാടക സമിതിയും, നിയമസഭാ നിയോജക മണ്ഡല അടിസ്ഥാനത്തിൽ MLA ചെയർമാനായ കമ്മിറ്റിയും, തദ്ദേശ സ്ഥാപന തലത്തിലും വാർഡ് തലത്തിലും ജനകീയ സംഘാടക സമിതികളും രൂപീകരിച്ച് കൊണ്ട് ഈ ക്യാമ്പയിൻ സംഘടിപ്പിക്കാവുന്നതാണ്.

ക്യാമ്പയ്നിന്റെ ഫലപ്രദമായ സംഘടനത്തിനായി ബ്ലോക്ക് തലത്തിലും , പഞ്ചായത്ത്, നഗരസഭാ തലങ്ങളിലും പ്രത്യേക ക്യാമ്പയിൻ ടീം രൂപം നൽകുന്നത് പരിഗണിക്കാവുന്നതാണ്.

സംസ്ഥാനത്ത് രൂപപ്പെടുത്തിയ പ്രവർത്തനങ്ങളുടെ ചട്ടക്കൂടിനുള്ളിൽ നിന്ന് ജില്ലയുടെയും തദ്ദേശ സ്ഥാപനത്തിന്റെയും സ്വഭാവമനുസരിച്ച് ഓരോ പ്രവർത്തനങ്ങളിലും വൈവിധ്യമായ ആശയങ്ങൾ കൊണ്ട് വന്ന് മികച്ച പരിപാടിയായി മാറ്റി ലക്ഷ്യം കൈവരിക്കേണ്ടതാണ്.

## I. തദ്ദേശ സ്വയംഭരണ വകുപ്പ് തദ്ദേശ സ്ഥാപനങ്ങൾ , ഇതര വകുപ്പുകൾ, ജനകീയ സംഘടന സംവിധാനങ്ങൾ എന്നിവയുടെ നേതൃത്വത്തിൽ ജനകീയ ക്യാമ്പയിൻ

### 1. യൂത്ത് മീറ്റ്സ് ഹരിതകർമ്മസേന 2.0

മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ പ്രാരംഭ ഘട്ടം മുതൽ ക്യാമ്പയ്നിന്റെ വിവിധങ്ങളായ പ്രവർത്തങ്ങളിൽ യുവതയുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തങ്ങൾ നടന്നിരുന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി 4 ലക്ഷത്തിൽപ്പരം യുവജനങ്ങൾ ക്യാമ്പയിനുമായി സഹകരിച്ച് വിവിധ ക്യാമ്പയിൻ പ്രവർത്തങ്ങളിൽ പങ്കാളികളായി. യുവജന സംഘടനകളും വിവിധ വകുപ്പുകളും ക്യാമ്പയിൻ ഏറ്റെടുത്തതിന്റെ ഫലമായി ആണ് യുവതയുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞത്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്താനായി ജില്ലാതലങ്ങളിൽ രൂപീകരിച്ച യുവതയുടെ ടീമുകൾ പ്രവർത്തനങ്ങളിൽ സജീവ പങ്കാളിത്തമുണ്ട്. ക്യാമ്പയിനിൻ്റെ ഭാഗമായി എൻ.എസ്.എസ് ഏറ്റെടുത്ത സ്നേഹാരാമം മുതൽ വിവിധ വകുപ്പ് , സംഘടനകളുടെ പങ്കാളിത്തത്തോടെ നടന്ന ബീച്ച് ശുചീകരണം, ഡോർ ടു ഡോർ ക്യാമ്പയിനുകൾ, ഫ്ലാഷ് മോബ് , സ്ട്രീറ്റ് പ്ലേ, യൂത്ത് മീറ്റ്സ് ഹരിതകർമ്മസേന ഇങ്ങനെ നീളുന്നു ക്യാമ്പയിനിൻ്റെ ഭാഗമായുള്ള യുവതയുടെ പങ്കാളിത്തം.

ഹരിതകർമ്മ സേനക്ക് സമൂഹത്തിൽ കൂടുതൽ സ്വീകാര്യത ഉണ്ടാക്കിയെടുക്കാൻ സഹായകമായ ഒരു പ്രചാരണ പരിപാടി സംയുക്തമായി ഏറ്റെടുക്കാൻ എല്ലാ യുവജന സംഘടനകളും മുന്നോട്ട് വന്നിരുന്നു. ഇതേ തുടർന്ന് എല്ലാ ജില്ലകളിലും 2024 ഫെബ്രുവരി 18ന് **യൂത്ത് മീറ്റ്സ് ഹരിതകർമ്മസേന** സംഘടിപ്പിച്ചു. പരിപാടിയിൽ പങ്കെടുത്ത യുവതക്ക് മാലിന്യ സംസ്കരണത്തോടും ഹരിത കർമ്മ സേനയോടുമുള്ള മനോഭാവത്തിൽ വലിയ മാറ്റം ഉണ്ടായെന്നുള്ളത് അവരുടെ പ്രതികരണങ്ങളിൽ നിന്നും വ്യക്തമായിരുന്നു. ആദ്യ ഘട്ടമെന്ന നിലയിൽ ജില്ലാതലത്തിൽ നടത്തിയ പരിപാടി തദ്ദേശ സ്ഥാപന വാർഡ് തലത്തിൽ നടത്തുന്നത് ക്യാമ്പയിൻ കൂടുതൽ ജനകീയമാക്കാനും അതുവഴി മികച്ച ഒരു മാലിന്യ സംസ്കരണ സംസ്കാരം സംസ്ഥാനത്ത് ഉണ്ടാക്കിയെടുക്കുന്നതിനും സഹായകരമാകും. ക്യാമ്പയ്നിന്റെ ആദ്യ രണ്ട് മാസം ക്യാമ്പയിൻ "വ്യാപാര സ്ഥാപനങ്ങളും" BWGകളും" ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനാൽ വീടുകളോടൊപ്പം തന്നെ യുവതയും ഹരിതകർമ്മസേനയും ആ വാർഡിലെ വീടുകളോടൊപ്പം, വ്യാപാര സ്ഥാപനങ്ങൾ, BWGകൾ എന്നിവ സന്ദർശിക്കണം. ജില്ലയുടെയും തദ്ദേശ സ്ഥാപനത്തിന്റെയും സ്വഭാവമനുസരിച്ച് ഓരോ പ്രവർത്തനങ്ങളിലും വൈവിധ്യമായ ആശയങ്ങൾ കൊണ്ട് വന്ന് യൂത്ത് മീറ്റ്സ് ഹരിതകർമ്മസേന വിജയകരമാക്കുക.

| | |
|---|---|
| **തീയതി** | ആഗസ്റ്റ് 15 - ആഗസ്റ്റ് 30 |
| **സ്ഥലം** | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിലും(21908) |
| **പങ്കാളിത്തം** | വാർഡിലെ ഹരിതകർമസേന + വാർഡിലെ 15 മതൽ 20 യുവത |

**സംഘടനകൾ**

യുവജനകാര്യ വകുപ്പ്, യുവജന ക്ഷേമ ബോർഡ്, യുവജന കമ്മീഷൻ, എൻ എസ് എസ് ,ഭൂമിത്രസേന എന്നിങ്ങനെ സംസ്ഥാനത്തെ എല്ലാ സർക്കാർ അർദ്ധ സർക്കാർ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, പരിസ്ഥിതി സംഘടനകൾ, സാംസ്കാരിക സംഘടനകൾ, ശാസ്ത്ര സംഘടനകൾ രാഷ്ട്രീയ പാർട്ടികളുടെ യുവജന സംഘടനകൾ, ഇതര യുവജന സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ മറ്റ് ക്ലബ്ബ്കൾ തുടങ്ങിയ വിവിധ യുവജന സംഘടനാ വിഭാഗങ്ങൾക്കും

**സംഘാടനം**

സംസ്ഥാന തലം - ശുചിത്വ മിഷൻ , ക്യാമ്പയിൻ സെക്രട്ടേറിയേറ്റ്

ജില്ലാ തലം - ജില്ലാ ക്യാമ്പയിൻ സെക്രട്ടേറിയേറ് , ജില്ലാ ശുചിത്വ മിഷൻ

തദ്ദേശ സ്ഥാപന തലം - സംഘാടക സമിതി

വാർഡ് തലം - സംഘാടക സമിതി

**പ്രവർത്തനങ്ങൾ**

- ജില്ലാ തലത്തിൽ യൂത്ത് മീറ്റ്സ് ഹരിതകർമ്മസേന ഏകോപിപ്പിക്കുന്നതിനായി ജില്ലാ യൂത്ത് ടീമിനൊപ്പം സംവിധാനങ്ങളിൽ നിന്നുമുള്ള യുവജന ഉദ്യോഗസ്ഥരെയും ഭാഗമാക്കാവുന്നതാണ്(RGSA ,തീമാറ്റിക്ക് എക്സ്പെർട്സ്, RP മാർ, YP മാർ മുതായവർ

- ജില്ലാ തലത്തിൽ നിന്നും യുവജന ഏകോപനം ഉറപ്പ് വരുത്തണം- യുവജന ക്ഷേമ ബോർഡ് , യുവജന കമ്മീഷൻ , NSS,ഭൂമിത്രസേന , കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് , യൂത്ത് സംഘടനകൾ , രാഷ്ട്രീയ യുവജന സംഘടനകൾ, കോളേജ് യൂണിയൻ പ്രതിനിധികൾ, യൂത്ത് ക്ലബ്ബ്കൾ മുതലായ

- തദ്ദേശ സ്ഥാപന തലത്തിൽ ആ തദ്ദേശ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന എല്ലാ യുവജന സംഘടനകളുടെ പ്രതിനിധികളുടെയും മീറ്റിംഗ് വിളിച്ച് ചേർക്കുക

**ആദ്യ ദിനത്തിൽ**

- ഹരിതകർമ്മസേനയുമായി ആശയ സംവാദം - മാലിന്യ സംസ്കരണം, അവരുടെ പ്രതിദിന പ്രവർത്തനങ്ങൾ, നേരിടുന്ന പ്രശ്നങ്ങൾ, ആരോഗ്യം, സാമൂഹിക പ്രശ്നങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ഹരിതകർമസേന അംഗങ്ങളുമായി ഇടപഴകാൻ യുവത മുൻകൂട്ടി ചോദ്യങ്ങൾ തയ്യാറാക്കി സംവദിക്കൽ.

- ഹരിതകർമ്മസേനയും യുവതയും ഒന്നിച്ച് വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുന്നു

- വാർ ഡിലെ B W G കൾ സന്ദർശിക്കുകയും സംവിധാനങ്ങൾ പരിശോധിക്കുകയും ചെയ്യുന്നു.

- ശേഷം ഒന്നിച്ച് ഭക്ഷണം .

- ശേഷം, വാർഡ് തല ശുചിത്വാരോഗ്യ സമിതി , ADS, റസിഡൻസ് അസോസിയേഷൻ, വായനശാല അംഗങ്ങൾ തുടങ്ങി എല്ലാവരും ഒന്നിച്ച് കൂടി അനുഭവങ്ങൾ പങ്കിടുക

- മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ വാർഡിൽ ഏറ്റവും മോശം പ്രവർത്തനം ഉള്ളതും, സഹകരണം ഇല്ലാത്തതുമായ ഇടങ്ങൾ കണ്ടെത്തുക

- തുടർന്ന് വാർഡ് തല ശുചിത്വ സദസ്സ് എവിടെയെല്ലാം നടത്തണം എന്നതിനെ പറ്റി ചർച്ച ചെയ്ത് തീരുമാനിക്കുക. പ്രസ്തുത ലിസ്റ്റ് വാർഡ് ശുചിത്വാരോഗ്യ സമിതി അംഗങ്ങളെ ഏൽപ്പിക്കുക.

**രണ്ടാം ദിനം**

- തദ്ദേശ സ്ഥാപനം നിശ്ചയിക്കുന്ന ദിവസം വാർഡുകളിൽ പങ്കെടുത്ത യുവതയും , ഹരിതകർമ്മസേനയും ഒന്നിച്ച് തദ്ദേശ സ്ഥാപനം നിശ്ചയിച്ച ഒരു സ്ഥലത്ത് ഒത്തു ചേരുന്നു
- യുവതയുടെയും ഹരിതകർമ്മസേനയുടെയും അനുഭവങ്ങൾ പങ്ക് വെക്കുന്നു
- അനുഭവങ്ങളും , നിലവിൽ യുവാക്കൾ കണ്ടെത്തിയ പോരായ്മകൾ വിടവുകൾ എന്നിവ ചർച്ച ചെയ്യുന്നു
- ഓരോ വാർഡിലും എവിടെയെല്ലാം ആണ് ശുചിത്വ സദസ്സ് നടക്കുന്നത് എന്നത് കാരണം സഹിതം വിശദീകരിക്കുന്നു.
- യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയിൽ പങ്കെടുത്ത യുവതയ്ക്ക് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുക
- ഹരിതകർമ്മസേനയുടെ അനുഭവവും യുവതയുടെ അനുഭവവും ചെറു വീഡിയോകളായി ശേഖരിക്കാവുന്നതാണ്.

2. **ശുചിത്വ സദസ്സ് / വീട്ടുമുറ്റ സദസ്സ്** (സെപ്റ്റംബർ 1 - സെപ്റ്റംബർ 8 വരെ)

മാലിന്യ മുക്തമായ പ്രദേശങ്ങൾ ഉറപ്പാക്കുന്നതിൽ ഓരോ കുടുംബത്തിന്റെയും സ്ഥാപനങ്ങളുടെയും പങ്കാളിത്തവും ഉത്തരവാദിത്വവും പ്രധാനമാണ് . ശാസ്ത്രീയ മാലിന്യ പരിപാലന രീതി സംബന്ധിച്ച അറിവ് മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും എത്തിയെന്ന് ഉറപ്പാക്കണം ഇതിനായി എല്ലാ വാർഡിലും കുറഞ്ഞത് 10-15 വരെ ശുചിത്വ സദസ്സുകൾ സംഘടിപ്പിക്കുക. വാർഡ് തല യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയുടെ ഭാഗമായ യുവത , ഹരിതകർമ്മസേന, വാർഡ് തല ശുചിത്വാരോഗ്യ സമിതി , ADS മറ്റ് സംഘടനകൾ തുടങ്ങിയവരുടെ പങ്കാളിത്തത്തോടെ വാർഡിൽ വാർഡിലെ ഏറ്റവും മോശം സഹകരണം നൽകുന്ന പ്രദേശം കണ്ടെത്തി പരിസരവാസികളെയും വാർഡിലെ മറ്റു ജനങ്ങളെയും ഉൾപ്പെടുത്തി വാർഡിൽ പൊതുപരിപാടിയായി സംഘടിപ്പിക്കുക. ഇത്തവണത്തെ ലോക സാക്ഷരത ദിനത്തിനെ , ശുചിത്വ സാക്ഷരത ദിനമായി ആഘോഷിക്കുന്ന തരത്തിൽ.

| | |
|---|---|
| തീയതി | സെപ്റ്റംബർ 1 - സെപ്റ്റംബർ 8 വരെ |
| സ്ഥലം | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന വാർഡുകളിലും(21908) (കുറഞ്ഞത് 10 സ്ഥലത്ത്) |
| പങ്കാളിത്തം | പ്രദേശത്തെ നിവാസികൾ , വാർഡ് തല ജനപ്രതിനിധി, യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയിൽ പങ്കാളികളായ യുവത, ഹരിതകർമ്മസേന |
| പങ്കാളിത്തം ഉറപ്പാക്കേണ്ട സംഘടനകൾ | റെസിഡന്റ്സ് അസോസിയേഷനുകൾ, RD ഏജന്റുമാർ, ആശാ വർക്കർമാർ, അംഗനവാടി പ്രവർത്തകർ, പരിസരത്തെ ക്ലബ്ബ്കൾ, രാഷ്ട്രീയ പാർട്ടികൾ , മത - ആത്മീയ സംഘടനകൾ, തുടങ്ങി വാർഡിലെ എല്ലാ സർക്കാർ, സർക്കാർ ഇതര സംഘടനകൾ. |
| സംഘാടനം | തദ്ദേശ സ്ഥാപന തലം - സംഘാടക സമിതി<br><br>വാർഡ് തലം – വാർഡ് തല ശുചിത്വ ആരോഗ്യ സമിതി, സാക്ഷരതാ പ്രേരക്ക് |
| പ്രവർത്തനങ്ങൾ | |

| | |
|---|---|
| | 1. യൂത്ത് മീറ്റ്സ് ഹരിതകർമ്മസേന 2.0യുടെ ഭാഗമായി കണ്ടെത്തിയ വാർഡിലെ ഏറ്റവും മോശപ്പെട്ട പ്രദേശത്ത് ആണ് ശുചിത്വ സദസ്സ് നടത്തേണ്ടത് (വാർഡിൽ കുറഞ്ഞത് 10 ഇടങ്ങളിൽ)<br><br>2. വാർഡിലെ ജന പ്രതിനിധിയുടെ നേതൃത്വത്തിലായിരിക്കണം ശുചിത്വ സദസ്സ് കൂടേണ്ടത്.<br><br>3. പരിപാടിയിൽ ആ പ്രദേശത്തെ സംബന്ധിച്ച് യൂത്ത് മീറ്റ്സ് ഹരിതകർമസേനയിൽ പങ്കെടുത്ത യുവാക്കൾ അവർ കണ്ടെത്തിയ പോരായിമകൾ അവതരിപ്പിക്കുക.<br><br>4. തുടർന്ന് മാലിന്യ സംസ്കരണത്തിന്റെ പ്രസക്തി, നിലവിലെ സംവിധാനങ്ങൾ, ജനങ്ങളുടെ നിയമപരമായ ഉത്തരവാധിത്വം,പകർച്ചവ്യാധി, തരം തിരിക്കൽ, കത്തിക്കാതിരിക്കൽ, ഇവ പാലിച്ചില്ലെങ്കിൽ ഉണ്ടാവുന്ന നിയമനടപടി എന്നിവയെ സംബന്ധിച്ച ബോധവൽക്കരണ ക്ലാസ്സ്.<br><br>5. ശേഷം മാലിന്യ സംസ്കരണവുമായി ബന്ധപെട്ട് വാർഡിൽ ജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ ചർച്ചചെയ്തു വാർഡ്, തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉദ്യോഗസ്ഥർ എന്നിവരുടെ നേതൃത്വത്തിൽ പരിഹാരം കാണുക.<br><br>6. വാർഡിലെ വ്യാപാര സ്ഥാപനങ്ങൾ / BWG കൾ എന്നിവയിലെ പ്രതിനിധികളെയും ശുചിത്വ സദസിന്റെ ഭാഗമാക്കുക . സ്ഥാപനങ്ങളിൽ കൃത്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടെന്ന് ശുചിത്വ സദസ്സിൽ പങ്കാളികളാകുന്ന അംഗങ്ങളെ ഉറപ്പ് വരുത്തേണ്ടതും.<br><br>7. മാലിന്യം പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നതിനെതിരെയും , നിയമങ്ങൾ/ശിക്ഷ വ്യവസ്ഥകൾ സംബന്ധിച്ചും , മാലിന്യം തരംതിരിച്ച് കൈമാറേണ്ടത് സംബന്ധിച്ചും , പൊതു സ്ഥലങ്ങളിൽ സ്ഥാപിച്ച ബിന്നുകൾ / ബോട്ടിൽ ബൂത്തുകൾ എന്നിവയുടെ ഉപയോഗം സംബന്ധിച്ചുള്ള ബോധവത്കരണവും ഉണ്ടായിരിക്കണം.<br><br>8. യുവത കണ്ടെത്തിയ മാലിന്യം വലിച്ചെറിഞ്ഞിരിക്കുന്ന പ്രദേശങ്ങൾ സൗന്ദര്യ വത്കരിക്കുന്നതിന് വേണ്ടിയുള്ള പരിപാടി ആസൂത്രണം ചെയ്യുക ആയതിനായി വാർഡ് തലത്തിൽ പ്രവർത്തിക്കുന്ന സംഘടനകളെയും, സ്ഥാപനങ്ങളെയും കൂടി പങ്കാളികളാക്കുക<br><br>9. വാർ ഡിനെയും , ആ പ്രദേശത്തെയും പൊതു ഇടങ്ങൾ വൃത്തിയോടെയും ശുചിത്വത്തോടെയും മുന്നോട്ട് കൊണ്ട് പോകുന്നതിനായി ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുക. |

**3. മാലിന്യ മുക്ത നാട് എന്റെ അവകാശം - സംസ്ഥാനത്താകെ 50 ലക്ഷം ശുചിത്വ അംബാസിഡർമാർ.**

മാലിന്യ മുക്തം നവകേരളം രണ്ടാം ഭാഗത്തേക്ക് കടക്കുമ്പോൾ , മാലിന്യ സംസ്കരണ വിഷയങ്ങൾ എല്ലാ വീടുകളിലേക്കും എത്തിക്കുന്നതിനായി പൊതു ,ഉന്നത വിദ്യാഭ്യാസ വകുപ്പുകളുമായി ചർച്ച ചെയ്തു എല്ലാ വിദ്യാലയങ്ങളിലെയും മുഴുവൻ വിദ്യാർത്ഥികളെയും ക്യാമ്പയ്നിന്റെ ഭാഗമാക്കുന്നതിനായുള്ള പ്രവർത്തനം. 50 ലക്ഷം സ്കൂൾ കോളേജ് വിദ്യാർത്ഥികളെ ശുചിത്വ അംബാസിഡർമാരായി പ്രഖ്യാപിച്ച് കൊണ്ടുള്ള പ്രവർത്തനം. ഒക്ടോബർ 2,5,6 തീയതികളിൽ സംസ്ഥാനത്തെ മുഴുവൻ കോളേജ് സ്കൂൾ വിദ്യാർത്ഥികളും വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുന്ന ജനകീയ ക്യാമ്പയിനാക്കുന്ന

തരത്തിലാണ് പ്രവർത്തനം ലക്ഷ്യമിടുന്നത്. ഇതിലൂടെ സംസ്ഥാനത്തെ മുഴുവൻ വിദ്യാർത്ഥികളെയും ശുചിത്വ അംബാസിഡർമാരാക്കുന്ന മെഗാ ഇവന്റ് ആണ് ഉദ്ദേശിക്കുന്നത്. ഒക്ടോബർ 2ആം തീയതി വീടുകൾ കേന്ദ്രീകരിച്ചും , 5,6 തീയതികളിൽ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചും ക്യാമ്പയിൻ നടത്തുന്നതിനാണ് ലക്ഷ്യമിടുന്നത്. വൃത്തിയുള്ള പരിസരം നമ്മുടെ അവകാശമാണെന്ന ആപ്ത വാക്യത്തെ മുൻ നിർത്തി സംസ്ഥാനത്തെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും മുഴുവൻ വിദ്യാർത്ഥികളെയും പങ്കാളിയാക്കി കൊണ്ട് ജനകീയ ക്യാമ്പയിൻ.

| | |
|---|---|
| തീയതി | ഒക്ടോബർ 2,5,6 |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും |
| സംഘടനകൾ | പൊതു വിദ്യാഭ്യാസ വകുപ്പ് / ഉന്നത വിദ്യാഭ്യാസ വകുപ്പ് / ശുചിത്വ മിഷൻ / ഹരിതകേരളം മിഷൻ / കില / CKCL |
| പ്രവർത്തനങ്ങൾ | • ഒക്ടോബർ 2,5,6 തീയതികളിൽ സംസ്ഥാനത്തെ മുഴുവൻ കോളേജ് സ്കൂൾ വിദ്യാർത്ഥികളും വീടുകളും സ്ഥാപനങ്ങളും സന്ദർശിക്കുന്ന ജനകീയ ക്യാമ്പയിനാക്കുന്ന തരത്തിലാണ് പ്രവർത്തനം<br>• മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ , സെമിനാറുകൾ , ഡിബേറ്റുകൾ , എക്സിബിഷനുകൾ, എന്നിവ ഇതിനു മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപനത്തിൽ സംഘടിപ്പിക്കാവുന്നതാണ്<br>• മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്തുന്നതിനും തദ്ദേശ സ്ഥാപനത്തിലെ ഹരിതകർമ്മസേനയുമായി വിദ്യാർത്ഥികൾക്ക് സംവദിക്കാനുള്ള അവസരവും ഇതിനു മുന്നോടിയായി വിദ്യാഭ്യാസ സ്ഥാപന തലത്തിൽ ഒരുക്കാം.<br>• ഒക്ടോബർ 2ന് വിദ്യാഭ്യാസ സ്ഥാപനം സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലെ വീടുകളിലെ മാലിന്യ സംസ്കരണ അവസ്ഥ വിലയിരുത്തലും തരം തിരിക്കൽ ജൈവ മാലിന്യം വീടുകളിൽ തന്നെ സംസ്കരിക്കൽ എന്നിവയുടെ ബോധവത്കരണവും.<br>• വിദ്യാഭ്യാസ സ്ഥാപനം സ്ഥാപന തലത്തിൽ ആലോചിച്ച് സ്ഥാപനത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് കൊണ്ട് അവരവരുടെ വീടുകളിലെ മാലിന്യ സംസ്കരണ അവസ്ഥ വിലയിരുത്തലും ബോധവത്കണവും<br>• ഒക്ടോബർ 5 , 6 തീയതികളിൽ തദ്ദേശ സ്ഥാപനത്തിലെ വ്യാപാര സ്ഥാപനങ്ങളടക്കം എല്ലാ സ്ഥാപനങ്ങളും സന്ദർശിക്കുകയും ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം വിലയിരുത്തുകയും, ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.<br>• വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും പങ്കെടുപ്പിച്ച് കൊണ്ട് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം ജനങ്ങളിലേക്ക് എത്തിക്കാൻ സാധിക്കുന്ന തരത്തിൽ കാൽനട യാത്ര , സൈക്കിൾ റാലി , ഫ്ലാഷ്മോബ്, തെരുവ് നാടകം എന്നിവ തദ്ദേശ സ്ഥാപന തലത്തിൽ നടത്താവുന്നതാണ്. |

**ശുചിത്വ പദയാത്ര**

മാലിന്യ മുക്തം നവകേരളം സാധ്യമാകുന്നതിനായി സംസ്ഥാനമൊട്ടാകെ ഏറ്റെടുത്ത പ്രവർത്തനങ്ങളും അതിലൂടെ

നേടിയ നേട്ടങ്ങളും ജനങ്ങളിലേക്ക് എത്തേണ്ടതുണ്ട്. ക്യാമ്പയ്നിന്റെ ഭാഗമായി ഓരോ തദ്ദേശ സ്ഥാപനവും ഏറ്റെടുത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വൻതോതിൽ ജനങ്ങളിലേക്ക് എത്തിക്കുന്നതിനും, തദ്ദേശ സ്ഥാപനം മാലിന്യ സംസ്കരണ രംഗത്ത് നേടിയ നേട്ടങ്ങൾ, നിലവിലെ ഗ്യാപ്പ് എന്നിവ വലിയ രീതിയിൽ ജനങ്ങളിലേക്ക് എത്തിക്കേണ്ടതുണ്ട് . ഇതിനായി വമ്പിച്ച ജനപങ്കാളിത്തത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടക്കുന്ന പ്രവർത്തനമാണ് ശുചിത്വ പദയാത്രകൾ. തദ്ദേശ സ്ഥാപന തല ഭരണസമിതിയുടെ നേതൃത്വത്തിൽ ജനപ്രതിനിധികൾ എല്ലാം പങ്കെടുത്ത് കൊണ്ടാകണം ശുചിത്വ പദയാത്ര.

| | |
|---|---|
| തീയതി | ഒക്ടോബർ 20 - ഒക്ടോബെർ 30 |
| സ്ഥലം | തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ |
| പങ്കാളിത്തം | തദ്ദേശ സ്വയംഭരണ സ്ഥാപന ജന പ്രതിനിധികൾ , തദ്ദേശ സ്ഥാപന പരിധിയിലെ പൊതുജനങ്ങൾ |
| സംഘടനകൾ | റെസിഡന്റ്സ് അസോസിയേഷനുകൾ, പരിസരത്തെ ക്ലബ്ബ്കൾ, രാഷ്ട്രീയ ,മത ആത്മീയ സംഘടനകൾ , സർക്കാർ - സർക്കാർ ഇതര സംഘടനകൾ |
| സംഘാടനം | തദ്ദേശ സ്ഥാപന തലം - സംഘാടക സമിതി |
| പ്രവർത്തനങ്ങൾ | • തദ്ദേശ സ്ഥാപനത്തിലെ എല്ലാ പൊതു ജനങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് (ഹരിതകർമ്മ സേന അംഗങ്ങളെ പദയാത്രയിൽ പങ്കെടുപ്പിക്കേണ്ടതില്ല)<br>• തദ്ദേശ സ്ഥാപനത്തിലെ ജനപ്രതിനിധികൾ നേതൃത്വം നൽകിയുള്ള ശുചിത്വ പദയാത്ര<br>• മാലിന്യം പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നതിനെതിരെയും , നിയമങ്ങൾ/ശിക്ഷ വ്യവസ്ഥകൾ സംബന്ധിച്ചും , മാലിന്യം തരംതിരിച്ച് കൈമാറേണ്ടത് സംബന്ധിച്ചും , പൊതു സ്ഥലങ്ങളിൽ സ്ഥാപിച്ച ബിന്നുകൾ / ബോട്ടിൽ ബൂത്തുകൾ എന്നിവയുടെ ഉപയോഗം സംബന്ധിച്ചുള്ള പ്രചാരണം ശുചിത്വ പദയാത്രയുടെ ഭാഗമായിരിക്കണം.<br>• ഓരോ വാർഡിലും 2-3 കേന്ദ്രങ്ങളിൽ ഒത്തു ചേരൽ സ്വീകരണ യോഗങ്ങൾ.<br>• മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം നേടിയ നേട്ടങ്ങൾ, നടത്തിയ പ്രവർത്തനങ്ങൾ എന്നിവയുടെ അവതരണം ( വാർഡ് ജനപ്രതിനിധികൾ)<br>• മികച്ച പ്രവർത്തനം കാഴ്ച്ച വെച്ച വാർഡുകളിലെ സംഘടനകൾക്ക് അവാർഡ് നൽകി ആദരിക്കലും പദയാത്രയുടെ മുഖ്യ ഘടകം ആക്കുകയും ചെയ്യുക.<br>• ശുചിത്വ വാർഡ് പ്രഖ്യാപനം/ അവസ്ഥ പ്രഖ്യാപനം<br>• തദ്ദേശ സ്ഥാപനത്തിലെ എല്ലാ വാർഡുകളും ശുചിത്വ വാർഡുകൾ എന്ന നേട്ടം കൈവരിച്ചാൽ മാലിന്യ മുക്ത തദ്ദേശ സ്വയംഭരണ സ്ഥാപന പ്രഖ്യാപനം<br>• അല്ലാത്ത പക്ഷം നിലവിലെ വിടവുകളുടെ അവതരണം - വിടവുകൾ നികത്തുന്നതിനുള്ള പ്രവർത്തനങ്ങളുടെ ചർച്ച<br>• ചർച്ച ചെയ്ത് തീരുമാനമെടുത്ത പ്രവർത്തനങ്ങൾ കാലഗണന പ്രകാരം തയ്യാറാക്കുക<br>• പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് ഓരോ വിഷയങ്ങൾക്കും തദ്ദേശ സ്ഥാപന തലത്തിലെ ഓരോ ഉദ്യോഗസ്ഥർക്കും പ്രത്യേക ചുമതല നൽകുക. |

## 5. കുട്ടികളുടെ നേതൃത്വത്തില് ശുചിത്വ ഓഡിറ്റും കുട്ടികളുടെ ഹരിതസഭയും

മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ആദ്യ ഘട്ടത്തിൽ നടന്ന കുട്ടികളുടെ ഹരിത സഭയുടെ തുടർ പ്രവർത്തനം എന്ന തരത്തിൽ കുട്ടികളെ തദ്ദേശ സ്വംയംഭരണ സ്ഥാപനത്തിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെയും സേവനങ്ങളുടെയും ഓഡിറ്റിംഗ് നടത്തുന്നതിന് ചുമതലപ്പെടുത്തുന്നു. ഇത് സംബന്ധിച്ച റിപ്പോർട്ട് കുട്ടികൾ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ അവതരിപ്പിക്കുന്നു.

| | |
|---|---|
| തീയതി | ആഗസ്റ്റ്-നവംബർ 14 |
| സ്ഥലം | തദ്ദേശ സ്വയംഭരണ സ്ഥാപന തലം |
| പങ്കാളിത്തം | കഴിഞ്ഞ കുട്ടികളുടെ ഹരിതസഭയിൽ പങ്കെടുത്ത വിദ്യാർത്ഥികളും ശുചിത്വ ക്ലബ്ബ് അംഗങ്ങളും |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപന തല സംഘാടക സമിതി, പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപന തല സംഘാടക സമിതി |
| പ്രവർത്തനങ്ങൾ | 1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള വിദ്യാലയങ്ങൾക്ക് തദ്ദേശ സ്വയംഭരണ പ്രദേശം വീതിച്ചു നൽകുക, കോർപ്പറേഷനുകളിൽ സോൺ അടിസ്ഥാനത്തിൽ (വിദ്യാഭ്യാസ സ്ഥാപനത്തിന്റെ എണ്ണത്തിന് അനുസൃതമായി തുല്യമായി)<br>2. ഓരോ വിദ്യാലയത്തി ൽ നിന്നും കഴിഞ്ഞ കുട്ടികളുടെ ഹരിതസഭയിൽ പങ്കെടുത്ത വിദ്യാർത്ഥികളും ശുചിത്വ ക്ലബ്ബ് അംഗങ്ങൾക്കും പ്രാഥമിക പരിശീലനം നൽകുക (ക്യാമ്പയിൻ സെക്രട്ടറിയേറ്റ്)<br>3. തിരഞ്ഞെടുത്ത പ്രദേശത്ത് വിദ്യാർഥികളെ ചെറു ഗ്രൂപ്പുകൾ ആക്കി ശുചിത്വ മാലിന്യ സംസ്കരണ ഗ്രേഡിംഗ് നടത്തുന്നു.<br>4. ഇത് സംബന്ധിച്ച റിപ്പോർട്ട് കുട്ടികൾ തയ്യാറാക്കി ആഗസ്റ്റ് 15നു മുൻപ് തദ്ദേശ സ്വയംഭര സ്ഥാപനത്തിൽ സമർപ്പിക്കുക<br>5. തദ്ദേശ സ്ഥാപനത്തലത്തിൽ ഇവയുടെ ചർച്ച നടത്തി വേണ്ട നടപടികൾ സ്വീകരിക്കുക<br>6. വിദ്യാർത്ഥികൾ പ്രദേശത്തെ ശുചിത്വം ദിനംപ്രതി അവലോകനം ചെയ്യുകയും ആഴ്ചയിലൊരിക്കൽ അവ ശുചിത്വ ക്ലബ്ബ് കൂടി ചർച്ച ചെയ്യുകയും വേണം<br>7. നവംബർ 14ന് കുട്ടികളുടെ ഹരിതസഭ എല്ലാ തദ്ദേശ സ്ഥാപനത്തിലും കൂടുക<br>8. ഓഗസ്റ്റ് മാസം കുട്ടികൾ സമർപ്പിച്ചതിന്റെ റിപ്പോർട്ടിൽമേൽ എടുത്ത പ്രവർത്തനങ്ങൾ അവതരിപ്പിക്കുക<br>9. വിദ്യാർത്ഥികളുടെ നിരീക്ഷണത്തിൽ കണ്ടെത്തിയ തദ്ദേശ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഇനിയും നികത്തേണ്ട പോരായ്മകളും, വീഴ്ചകളും അവതരിപ്പിക്കുക. |

**6. കുട്ടികളുടെ അവാർഡ് - "ഭാവി തലമുറയോട് നീതി പുലർത്തുന്ന LSG" - നവംബർ 15 -ഡിസംബർ 15**

കുട്ടികൾക്ക് അവരുടെ സ്കൂൾ സ്ഥിതി ചെയ്യുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ മാലിന്യസംസ്കരണ സംവിധാനങ്ങളെ വിലയിരുത്തി റാങ്ക് നിശ്ചയിക്കാനുള്ള അവസരം ഒരുക്കുക.

| | |
|---|---|
| തീയതി | നവംബർ 15 -ഡിസംബർ 15 |
| സ്ഥലം | തദ്ദേശ സ്ഥാപന തലം |
| പങ്കാളിത്തം | കുട്ടികളുടെ ഹരിത സഭയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ |
| സംഘടനകൾ | ഉന്നത -പൊതു വിദ്യാഭ്യാസ വകുപ്പുകൾ, LSG , ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, ശുചിത്വ മിഷൻ , ഹരിതകേരളം മിഷൻ |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപനം |
| പ്രവർത്തനങ്ങൾ | 1. ഓരോ LSG യിൽ നിന്നും കുട്ടികളുടെ ഹരിതസഭയിൽ പങ്കെടുത്ത 3 മുതൽ 5 വിദ്യാർത്ഥികളെയും അവതരണം നടത്താനായി LSGയിൽ നിന്നും ജനപ്രതിനിധികളെയും ഉദ്യോഗസ്ഥരേയും പങ്കെടുപ്പിച്ചുകൊണ്ട് ബ്ലോക്ക് തലത്തിൽ (ഒരു വിദ്യാലയത്തിൽ വച്ച് സ്കൂൾ/ കോളേജ് ആകാം) തദ്ദേശ സ്വയംഭരണ സ്ഥാപനം മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് അവതരണം നടത്തുക<br>2. തുടർ ന്ന് L S G കൾ പ്രതികരണം നടത്തുകയും ചെയ്യുക. ഇത് രണ്ടും കേട്ട് വിലയിരുത്താൻ വിദ്യാർത്ഥികളുടെ മറ്റൊരു ജൂറി ടീം ഉണ്ടാകും.<br>3. ഈ അവതരണങ്ങളിലും ചർച്ചയിലും നിന്നും ഏറ്റവും മെച്ചപ്പെട്ടതിനെ തിരഞ്ഞെടുത്ത് **കുട്ടികളുടെ അവാർഡ് - "ഭാവി തലമുറയോട് നീതി പുലർത്തുന്ന LSG"** എന്ന സന്ദേശം വരുന്ന മൊമന്റോയും സർട്ടിഫിക്കറ്റും നൽകുകയും ചെയ്യുക. |

**8. മാലിന്യമുക്തം നവകേരളം - മെഗാ ഇവന്റ്**

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾ പൊതുജനങ്ങളുടെ മുന്നിൽ അവതരിപ്പിക്കുവാൻ ഒരു വേദി.

മാലിന്യ സംസ്കരണ രംഗത്ത് ദേശീയതലത്തിൽ തന്നെ മാതൃകയാക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ സംസ്ഥാനത്ത് ഇതിനോടകം തന്നെ നടന്നിരിക്കുന്നു , പൊതു ജനങ്ങൾക്ക് മികച്ച പ്രവർത്തനങ്ങളുടെ അവതരണങ്ങൾ ശ്രവിക്കുന്നതിനും, വിവിധ മാലിന്യ സംസ്കരണ സംവിധാങ്ങൾ മനസിലാക്കുന്നതിനും, ഇന്ന് മാലിന്യ സംസ്കരണ രംഗത്ത് ഭാഗമായ എല്ലാ സർക്കാർ ഇതര സ്ഥാപനങ്ങളുടെയും പ്രവർത്തനങ്ങൾ നേരിട്ട് മനസിലാക്കുന്നതിനും വേദി ഒരുക്കുകയാണ് .

| | |
|---|---|
| തീയതി | ഡിസംബർ |
| സ്ഥലം | സംസ്ഥാനത്തു തിരഞ്ഞെടുത്ത ഒരു സ്ഥലം |
| പങ്കാളിത്തം | പൊതുജനം, മാലിന്യ സംസ്കരണ മേഖലയിലെ വിദഗ്ധർ, സംരംഭകർ, ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ |
| സംഘടനകൾ | ക്യാമ്പയിനുമായി ബന്ധപെട്ട എല്ലാ ഏജൻസികളും |
| സംഘാടനം | സംസ്ഥാന തല സംഘാടക സമിതി |
| പ്രവർത്തനങ്ങൾ | • മെഗാ ഇവന്റ് 3 ദിവസങ്ങളിലായി സംസ്ഥാനത്ത് തിരഞ്ഞെടുത്ത ഒരു ജില്ലയിൽ ഒരേ സമയം വിവിധ വേദികളിലായിരിക്കും നടക്കുക<br><br>**ആദ്യ ദിനം** |

- മാലിന്യ സംസ്കരണ രംഗത്ത് വിവിധ മേഖലകളിൽ മികച്ച പ്രവർത്തനം കാഴ്ച വെച്ച തദ്ദേശ സ്ഥാപനത്തിന്റെ അവതരണം
- പ്രവർ ത്തനം - ഏറ്റെടുത്ത രീതികൾ -കൈ വരിച്ച നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തണം
- നിലവിലെ വിടവുകൾ , നേരിടുന്ന പ്രശ്നങ്ങൾ , സർക്കാർ ഭാഗത്ത് നിന്നുമുള്ള ഇടപെടലുകൾ എന്നിവ ഉൾപ്പെടുത്തേണ്ടതാണ് അവതരണത്തിൽ ( ഇവ മൂന്നാം ദിവസത്തിലേക്ക് അവതരിപ്പിക്കുന്നതിന് എഴുതി സംസ്ഥാന സംഘാടക സമിതിക്ക് സമർപ്പിക്കുക)
- വിവിധ പാനലുകളിലായി വിവിധ വിഷയങ്ങൾ വിവിധ വേദികളിലായിരിക്കും നടക്കുക

**രണ്ടാം ദിവസം**

- സംസ്ഥാനത്ത് നിലവിലെ പ്രവർത്തിക്കുന്ന വിവിധ സർവിസ് പ്രൊവൈഡേഴ്സ് , ഗവേഷകർ , സ്റ്റാർട്ട് അപ്പുകൾ എന്നിവയുടെ പ്രവർത്തന അവതരണം
- നിലവിൽ ഉപയോഗിക്കുന്ന സാങ്കേതിക വിദ്യ
- മാറ്റം സൃഷ്ടിച്ച പ്രദേശത്തിലെ ഇടപെടലുകൾ എന്നിവ ഉൾപ്പെടുത്തുക
- പ്രവർത്തനങ്ങളിൽ നിലവിൽ നേരിടുന്ന പ്രശ്നങ്ങൾ സർക്കാർ ഭാഗത്ത് നിന്നും ആവശ്യമായ ഇടപെടലുകൾ എന്നിവ അവതരണത്തിൽ ഉൾ പ്പെടുത്തേണ്ടതാണ് ( ഇവ മൂന്നാം ദിവസത്തിലേക്ക് അവതരിപ്പിക്കുന്നതിന് എഴുതി സംസ്ഥാന സംഘാടക സമിതിക്ക് സമർപ്പിക്കുക)
- വിവിധ പാനലുകളിലായി വിവിധ വിഷയങ്ങൾ വിവിധ വേദികളിലായിരിക്കും നടക്കുക
- ഈ വേദിയിൽ ഇൻവെസ്റ്റേഴ്സ് ബിസിനസ് മീറ്റും സംഘടിപ്പിക്കുന്നതാണ്.

**മൂന്നാം ദിവസം**

- രണ്ട് ദിവസങ്ങളിലായി നടന്ന അവതരണങ്ങളുടെ ക്രോഡീകരണം
- സർക്കാർതലത്തിൽ നിന്നും നേരിട്ട് ഇടപെടൽ ആവശ്യമായ വിഷയങ്ങളുടെ അവതരണം
- അവതരണത്തിൻ മേൽ പൊതു ചർച്ച നയപരമായ ഇടപെടലിന് നിർദ്ദേശങ്ങൾ നൽകാനുള്ള വേദി
- മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച തദ്ദേശ സ്ഥാപനങ്ങൾ , സംഘടനകൾ, പ്രവർത്തനങ്ങൾ, വ്യക്തികൾ എന്നിവക്കുള്ള അവാർഡ്

| | |
|---|---|
| | **എക്സിബിഷൻ**<br>• മെഗാ ഇവന്റ് നടക്കുന്ന 3 ദിവസങ്ങളിലും എക്സിബിഷൻ ഉണ്ടാകും<br>• പ്രധാന വേദിയിലായിരിക്കും എക്സിബിഷൻ നടക്കുക<br>• മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന തദ്ദേശ സ്ഥാപനം, മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന സർവീസ് പ്രൊവൈഡേഴ്സ്, മറ്റ് സംഘടനകൾ എന്നിവർക്കെല്ലാം എക്സിബിഷന്റെ ഭാഗമാകാവുന്നതാണ്<br>• മാലിന്യ സംസ്കരണ സംവിധനങ്ങളുടെ പ്രദർശനം എന്നിവ ഉണ്ടായിരിക്കും<br>• പുതിയതായി മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന സ്റ്റാർട്ട് അപ്പുകൾക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിന് എക്സിബിഷനിൽ സംവിധാനം ഉണ്ടാകും |

**9. മാലിന്യ സംസ്കരണ പുരോഗതി അവലോകന റിപ്പോർട്ട് പ്രസിദ്ധപ്പെടുത്തൽ -**

ഡിസംബർ /ജനുവരി മാസങ്ങളിൽ നടക്കുന്ന വാർഷിക പദ്ധതി ആസൂത്രണ ഗ്രാമസഭയിലും വികസന സെമിനാറിലും പുരോഗതി വിലയിരുത്തുകയും ജനങ്ങൾക്ക് മുന്നിൽ വസ്തുനിഷ്ഠമായി അവതരിപ്പിക്കുകയുമായിരിക്കണം ലക്ഷ്യം.

| | |
|---|---|
| തീയതി | ഡിസംബർ /ജനുവരി |
| സ്ഥലം | എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും |
| സംഘാടനം | തദ്ദേശ സ്ഥാപന തല ക്യാമ്പയിൻ സെക്രട്ടറിയേറ്റ് , ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | • ഓരോ തദ്ദേശ സ്ഥാപനങ്ങളും അച്ചടിച്ച പുരോഗതി റിപ്പോർട്ട് അതാത് സ്ഥലങ്ങളിൽ ജനങ്ങൾക്ക് സമർപ്പിക്കണം<br>• പുരോഗതി വിലയിരുത്താനുള്ള മാനദണ്ഡങ്ങൾ ഡയറക്ടറേറ്റ് നിശ്ചയിച്ച് അറിയിക്കണം.<br>• അവയുടെ അടിസ്ഥാനത്തിലായിരിക്കണം തദ്ദേശ സ്വയംഭരണ സ്ഥാപനം പുരോഗതി റിപ്പോർട്ട് .<br>• ഇവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതലത്തിൽ തദ്ദേശ സ്ഥാപനങ്ങളെ മികച്ചത് , ശരാശരി, ശരാശരിക്ക് താഴെ എന്നീ നിലകളിൽ വിഭജിക്കാവുന്നതാണ്.<br>• പിന്നിലുള്ളവർ മാർച്ച് 30നകം ലക്ഷ്യം കൈവരിക്കണമെന്നും നിഷ്കർഷിക്കാവുന്നതാണ്. |

**II. മറ്റ് വകുപ്പ് / മിഷനുകളുടെ നേതൃത്വത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ**

1. **കുടുംബശ്രീയുടെ ഭാഗമായി ഏകോപിപ്പിക്കേണ്ട പ്രവർത്തനങ്ങൾ**

## 1.1. കുടുംബശ്രീ ADS തല ശുചിത്വ കൺവെൻഷൻ

മാലിന്യ മുക്തം നവകേരളം സാധ്യമാകുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ പങ്ക് വളരെ വലുതാണ്. മാലിന്യ സംസ്കരണ സംവിധാനങ്ങളെപ്പറ്റി അയൽക്കൂട്ട അംഗങ്ങളിൽ അവബോധം സൃഷ്ടിക്കുകയും അതിലൂടെ അവരുടെ വീടുകളിലും സമീപ പ്രദേശത്തും കൃത്യമായ മാലിന്യ സംസ്കരണ രീതി ഉറപ്പ് വരുത്തുന്നതിനും സാധ്യമാകും. ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന അയൽക്കൂട്ടങ്ങൾക്ക് പ്രേത്യേക പ്രോത്സാഹനവും ലഭ്യമാണ്.

| മാലിന്യ മുക്ത അയൽക്കൂട്ടം | |
|---|---|
| തീയതി | ജൂലൈ |
| സ്ഥലം | അയൽകൂട്ട തലത്തിൽ |
| പങ്കാളിത്തം | അയൽക്കൂട്ടം ശുചിത്വ വോളന്റിയർ, ADS, യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയിൽ പങ്കെടുത്ത യുവത, വാർഡ് ജനപ്രതിനിധി, വാർഡ് ശുചിത്വാരോഗ്യ സമിതി, ഹരിതകർമ്മസേന |
| സംഘടനകൾ | ശുചിത്വ മിഷൻ, കുടുംബശ്രീ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപന തല സംഘാടക സമിതി, കുടുംബശ്രീ ADS |
| പ്രവർത്തനങ്ങൾ | **തദ്ദേശ സ്ഥാപനത്തല യോഗം**<br>1. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ CDS അംഗങ്ങളെയും ADS പ്രതിനിധിയുടെയും യോഗം വിളിച്ച് ചേർക്കണം<br>2. യോഗത്തിൽ ADS തല ശുചിത്വ കൺവെൻഷൻ നടത്തുന്നതിനെപറ്റിയുള്ള സമ്പൂർണ്ണ പരിശീലനം നൽകണം<br>3. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അയൽകൂട്ടതലത്തിൽ നടത്തേണ്ട പരിശീലനം<br>4. എല്ലാ അയൽക്കൂട്ടങ്ങളിലും മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഒരു കോർഡിനേറ്ററിനെ തിരഞ്ഞെടുക്കണം<br>5. സമ്പൂർണ്ണ മാലിന്യ മുക്ത പ്രദേശമായി മാറ്റുന്നതിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ<br>6. യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയിൽ പങ്കാളികളാകുന്ന യുവതയെ തിരഞ്ഞെടുക്കുന്നതിനായുള്ള പ്രവർത്തനം, ശുചിത്വ ഗ്രേഡിംഗ് എന്നിവ ആയിരിക്കണം യോഗത്തിൽ പരാമർശിക്കേണ്ടത് |
| | **ADS തല യോഗം**<br>1. ADS തലത്തിൽ യോഗം വിളിച്ച് ചേർക്കണം - ADS ഭരണസമിതി അംഗങ്ങൾ , അയൽക്കൂട്ട പ്രതിനിധികൾ എന്നിവരാണ് യോഗത്തിൽ പങ്കെടുക്കേണ്ടത്.<br>2. തദ്ദേശ സ്ഥാപനതലത്തിൽ ചർച്ച ചെയ്ത എല്ലാ വിഷയങ്ങളും ADS തല യോഗത്തിൽ അവതരിപ്പിക്കുക<br>3. ശേഷം യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയുടെ ഭാഗമായി വാർഡ് സന്ദർശനത്തിലൂടെ യുവത കണ്ടെത്തിയ പോരായ്മകളും<br>4. മാലിന്യം തരം തിരിച്ച് നൽകാത്ത ,കൃത്യമായി മാലിന്യം കൈമാറാത്ത യൂസർ ഫീ കൃത്യമായി നല്കാത്തതുമായ വീടുകളെ ഹർതകർമ്മ സേന അംഗങ്ങളും |

| | |
|---|---|
| | 5. മാലിന്യം വലിച്ചെറിഞ്ഞ് വൃത്തി ഹീനമായി കിടക്കുന്ന പൊതു ഇടങ്ങൾ, സംവിധാനങ്ങൾ എന്നിവ ADS അംഗങ്ങളും അവതരിപ്പിക്കുന്നു<br>6. ആയതിൽ ഓരോ അയൽക്കൂട്ടത്തിന് കീഴിലും നടക്കേണ്ട ഇടപെടലുകൾ ചർച്ച ചെയ്ത് മാലിന്യ മുക്ത വോളന്റിയർ നിശ്ചയിക്കുന്ന കാലഗണനയോടെ എഴുതി തയ്യാറാക്കുന്നു<br>7. ശേഷം മാലിന്യ മുക്ത വോളന്റിയർമാർ നിശ്ചയിച്ചു നൽകിയ പ്രവർത്തനങ്ങൾ അയൽക്കൂട്ടത്തിൽ അവതരിപ്പിക്കയും അവ എല്ലാ അയൽക്കൂട്ട അംഗങ്ങളും ചേർന്ന് നടപ്പിലാക്കുകയും ചെയ്യുന്നു |
| | അയൽക്കൂട്ട തല പ്രവർത്തനങ്ങൾ |
| | 1. ADS തല യോഗത്തിൽ ചർച്ച ചെയ്ത വിടവുകൾ പോരായ്മകൾ എന്നിവ നികത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുക<br>2. മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിനായി ഓരോ അയൽക്കൂട്ടത്തിൽ നിന്നും ഒരു ശുചിത്വ വോളന്റിയറിനെ തിരഞ്ഞെടുക്കണം.<br>3. അയൽക്കൂട്ടത്തിലെ എല്ലാ അംഗങ്ങളുടെ വീട്ടിലും മാലിന്യം തരത്തിരിക്കുന്നു എന്ന് ഉറപ്പാക്കുക.<br>4. എല്ലാ വീടുകളിൽ നിന്നും അജൈവ മാലിന്യം കൃത്യമായി ഹരിതകർമ്മ സേനക്ക് കൈമാറുന്നുണ്ട് എന്ന് ശുചിത്വ വോളന്റിയർ ഉറപ്പുവരുത്തുക<br>5. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട അവബോധം അയൽക്കൂട്ട അംഗങ്ങൾക്ക് കുടുംബശ്രീ ഓക്സിലറി ഗ്രൂപ്പ് വഴി നൽകുക - മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന്റെ പ്രാധാന്യം, അജൈവ മാലിന്യം കൃത്യമായി ഹരിതകർമ്മസേനക്ക് നൽകുക , ഹരിതകർമ്മസേനയുടെ യൂസർ ഫീ , നിരോധിച്ച ഒറ്റതവണ ഉപയോഗിക്കുന്ന വസ്തുക്കൾ പൂർണ്ണമായും ഒഴിവാക്കുന്നതിനെ സംബന്ധിച്ച്, മാലിന്യ സംസ്കരണത്തിൽ പിഴവ് സംഭവിച്ചാലുള്ള നിയമനടപടി എന്നീ വിഷയങ്ങൾ അവതരിപ്പിക്കാവുന്നതാണ്<br>6. അയൽക്കൂട്ട അംഗങ്ങൾ പ്രദേശത്തെ വീടുകൾ സന്ദർശിച്ച് മാലിന്യ സംസ്കരണത്തിന്റെ പ്രാധാന്യം മനസിലാക്കി നൽകുക കൂടാതെ ആ പ്രദേശത്തെ എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും കൃത്യമായ മാലിന്യ സംസ്കരണം പിന്തുടരുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുക.<br>7. അയൽക്കൂട്ടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് മാലിന്യം വലിച്ചെറിഞ്ഞിട്ടുള്ളതോ അല്ലെങ്കിൽ കത്തിക്കുന്നതോ ആയ പ്രദേശം കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിന് അയൽക്കൂട്ടം അംഗങ്ങളെ പരിശീലിപ്പിക്കണം<br>8. അങ്ങനെയുള്ള പ്രദേശങ്ങൾ ഇല്ലാതാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ അയൽക്കൂട്ടത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കുക. |

## 1.2. മാലിന്യമുക്ത അയല്കൂട്ടം – ഗ്രേഡിംഗ്

സാധാരണയായി അയൽക്കൂട്ടങ്ങളെ ഗ്രേഡ് ചെയ്യുന്നത് അവയുടെ സമ്പാദ്യത്തിന് ആനുപാതികമായി ബാങ്കിൽ നിന്നും അനുവദിക്കുന്ന ബാങ്ക് ലിങ്കേജ് പ്രകാരമാണ്. ഇവിടെ നിർദ്ദേശിക്കുന്നത് ശുചിത്വ രീതിയിൽ അയൽക്കൂട്ടങ്ങളെ ഗ്രേഡ് ചെയ്യുക എന്നതാണ് , ഇതിലൂടെ അയൽക്കൂട്ടങ്ങളുടെ ഇന്നേ വരെയുള്ള മൊത്ത പുരോഗതി കാണുവാൻ സാധിക്കും. ഇങ്ങനെ ഒരു പ്രവർത്തനം അന്താരാഷ്ട്ര തലത്തിൽ പോലും നടന്നിട്ടില്ല. ഇത്തരത്തിൽ ഗ്രേഡിംഗ് നടത്തി അയൽക്കൂട്ടങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകും.

| | |
|---|---|
| തീയതി | സെപ്റ്റംബർ - ഒക്ടോബർ |
| സ്ഥലം | അയൽകൂട്ട തലത്തിൽ |
| പങ്കാളിത്തം | അയൽകൂട്ട അംഗങ്ങൾ |
| സംഘടനകൾ | ശുചിത്വ മിഷൻ, കുടുംബശ്രീ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപന തല സംഘാടക സമിതി, കുടുംബശ്രീ CDS/ADS, വാർഡ് ശുചിത്വാആരോഗ്യ സമിതി പ്രതിനിധി / യുവത |
| പ്രവർത്തനങ്ങൾ | • കുടുംബശ്രീ ADS നിയോഗിക്കുന്ന ടീമുകൾ തങ്ങളുടെ പരിധിയിലെ അയൽകൂട്ടങ്ങളിൽ നേരിട്ട് ഗ്രേഡ് ചെയ്യുന്നു<br><br>**ഗ്രേഡിംഗ് മാനദണ്ഡങ്ങൾ**<br><br>1. അയൽകൂട്ട അംഗങ്ങളുടെ വീടുകളിൽ ശരിയായ രീതിയിലെ മാലിന്യ സംസ്കരണം<br>2. സമീപപ്രദേശത്തെ വീടുകളിൽ ഖര ,ദ്രവ മാലിന്യ സംവിധാനം ഉറപ്പ് വരുത്തുന്നതിനായി അയൽക്കൂട്ടം ഏറ്റെടുത്ത പ്രവർത്തനങ്ങൾ<br>3. അയൽക്കൂട്ടത്തിന്റെ നേതൃത്വത്തിൽ നിരോധിത ഉത്പന്നങ്ങളുടെ ഉപയോഗം തടയുന്നതിന് ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ<br>4. അയൽക്കൂട്ട അംഗങ്ങളുടെ വീടുകളിൽ നിരോധിത ഉത്പന്നങ്ങൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുകയും അയൽക്കൂട്ടം നേരിട്ട് നടത്തുന്ന പ്രവർത്തനങ്ങളിൽ കൃത്യമായി ഗ്രീൻ പ്രോട്ടോക്കോൾ പാലനം ഉറപ്പാക്കുന്നുണ്ടോ എന്നും പരിശോധിക്കണം<br>5. അയൽക്കൂട്ടം സ്ഥിതി ചെയ്യുന്ന പ്രദേശത്തിലെ പൊതു സ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനും ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ<br>6. അയൽക്കൂട്ട പ്രദേശത്തെ ശുചിത്വമുള്ള പാതയോരങ്ങൾ ആക്കുന്നതിനായി ഏറ്റെടുത്തിട്ടുള്ള പ്രവർത്തനങ്ങൾ<br>7. പൊതു ഇടങ്ങളിൽ മാലിന്യം വലിച്ചെറിയുന്ന പ്രവർത്തനങ്ങളെ പ്രതിരോധിക്കുകയോ അയൽക്കൂട്ട അംഗങ്ങൾ ഇടപെടുകയോ , അവ തദ്ദേശ സ്ഥാപനത്തെ അറിയിക്കുകയോ ചെയ്താൽ - അറിയിപ്പ് ഒന്നിന് 10 മാർക്ക് കൂടുതൽ ( തദ്ദേശ സ്ഥാപനത്തിലെ മുഴുവൻ ഇടങ്ങളിലും ഇടപെടൽ നടത്താം)<br>8. മാലിന്യം കെട്ടികിടക്കുന്ന ഒരു പ്രദേശം വൃത്തിയാക്കി പരിപാലിച്ചാൽ 20 മാർക്ക് കൂടുതൽ<br>9. പരിശോധനയിൽ കണ്ടെത്തിയ നേട്ടങ്ങൾ വിടവുകൾ എന്നിവയെപറ്റി ടീം അയൽകൂട്ട അംഗങ്ങളെ ബോധ്യപ്പെടുത്തുന്നു. ശേഷം കുറവുകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദേശങ്ങൾ നൽകുന്നു. ആവശ്യമായ ബോധവൽക്കരണം നൽകുന്നു. |
| **ADS ഗ്രേഡിംഗ്** | |
| സ്ഥലം | തദ്ദേശ സ്ഥാപന തലത്തിൽ |
| പങ്കാളിത്തം | ADS |

| | |
|---|---|
| സംഘടനകൾ | ശുചിത്വ മിഷൻ, കുടുംബശ്രീ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപന തല സംഘാടക സമിതി, കുടുംബശ്രീ CDS |
| പ്രവർത്തനങ്ങൾ | • കുടുംബശ്രീ CDS നിയോഗിക്കുന്ന ടീമുകൾ തങ്ങളുടെ പരിധിയിലെ ADSകളെ നേരിട്ട് ഗ്രേഡ് ചെയ്യുന്നു<br><br>**ഗ്രേഡിംഗ് മാനദണ്ഡങ്ങൾ**<br><br>10. ADS കീഴിലെ എല്ലാ അയൽക്കൂട്ടങ്ങളും പാസ്സ് ആകണം (60മാർക്കിന് മുകളിൽ)<br>11. ADS കീഴിൽ മാലിന്യവുമായി ബന്ധപ്പെട്ട പൊതു നിരത്തിലെ നിയമലംഘനം തദ്ദേശ സ്ഥാപനത്തെ റിപ്പോർട്ട് ചെയ്താൽ റിപ്പോർട്ട് ഒന്നിന് 10 മാർക്ക് വീതം കൂടുതൽ (വാർഡ് തലത്തിലെ ഇടപെടലാണ് കണക്കാക്കുക)<br>12. ADS ഒരു പ്രദേശം ഏറ്റെടുത്ത് അവിടെ മാലിന്യം വലിച്ചെറിയാതെ പരിപാലിച്ചാൽ ഇടം ഒന്നിന് 20 മാർക്ക് കൂടുതൽ |
| **CDS ഗ്രേഡിംഗ്** | |
| സ്ഥലം | തദ്ദേശ സ്ഥാപന തലത്തിൽ |
| പങ്കാളിത്തം | CDS |
| സംഘടനകൾ | ശുചിത്വ മിഷൻ, കുടുംബശ്രീ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപന തല സംഘാടക സമിതി, കുടുംബശ്രീ DMC |
| പ്രവർത്തനങ്ങൾ | • തദ്ദേശ സ്വയംഭരണ സ്ഥാപനം നിയോഗിക്കുന്ന ടീമുകൾ തങ്ങളുടെ പരിധിയിലെ CDSകളെ നേരിട്ട് ഗ്രേഡ് ചെയ്യുന്നു<br><br>**ഗ്രേഡിംഗ് മാനദണ്ഡങ്ങൾ**<br><br>1. CDS കീഴിലെ എല്ലാ ADSകളും എല്ലാ അയൽക്കൂട്ടങ്ങളും പാസ്സ് ആകണം (60മാർക്കിന് മുകളിൽ)<br>2. 2 പൊതു ഇടങ്ങളെങ്കിലും സംരക്ഷിച്ച് പരിപാലിക്കുകയാണെങ്കിൽ 20 മാർക്ക് കൂടുതൽ<br>3. ബദൽ ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടത്തിയാൽ 10 മാർക്ക് കൂടുതൽ<br>4. ഹരിതകർമ്മസേന പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് പ്രത്യേക ഇടപെടൽ നടത്തിയാൽ 10 മാർക്ക് കൂടുതൽ<br>5. CDS കീഴിൽ മാലിന്യവുമായി ബന്ധപ്പെട്ട പൊതു നിരത്തിലെ നിയമലംഘനം തദ്ദേശ സ്ഥാപനത്തെ റിപ്പോർട്ട് ചെയ്താൽ റിപ്പോർട്ട് ഒന്നിന് 10 മാർക്ക് വീതം കൂടുതൽ (പഞ്ചായത്ത് തലത്തിലെ ഇടപെടലുകൾ) |

## 1.3. കുടുംബശ്രീ ഹരിത കുടുംബ സദസ്സ്

ക്യാമ്പയ്നിന്റെ രണ്ടാം ഘട്ടത്തിൽ കുടുംബശ്രീയുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ രംഗത്ത് നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്തിരുന്നു. മാലിന്യ സംസ്കരണ സന്ദേശം ഓരോ വീടുകളിലേക്കും എത്തുന്ന തരത്തിൽ അയൽക്കൂട്ടങ്ങൾ വഴിയുള്ള പ്രവർത്തനങ്ങൾക്കാണ് കൂടുതൽ പ്രാധാന്യം നൽകിയത് . മികച്ച പ്രവർത്തനം കാഴ്ച വെച്ച അയൽകൂട്ടങ്ങൾ, ADS കളെയും ആദരിക്കുന്ന പ്രവർത്തനമാണ് ചുവടെ നൽകിയിട്ടുള്ളത്.

| | |
|---|---|
| തീയതി | നവംബർ |
| സ്ഥലം | തദ്ദേശ സ്ഥാപനതലത്തിൽ |
| പങ്കാളിത്തം | അയൽകൂട്ട അംഗങ്ങൾ, പൊതുജനങ്ങൾ |
| സംഘടനകൾ | ശുചിത്വ മിഷൻ, കുടുംബശ്രീ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനം |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപന തല സംഘാടക സമിതി, കുടുംബശ്രീ ADS, വാർഡ് തല ശുചിത്വ ആരോഗ്യ സമിതി |
| പ്രവർത്തനങ്ങൾ | 1. ഗ്രേഡിങ്ങിലൂടെ മികച്ച പ്രവർത്തനം കാഴ്ച വെച്ച അയൽക്കൂട്ടങ്ങൾക്കും , A D S , ഒന്നിലധികം C D S ഉള്ള ഇടങ്ങളിൽ അവയിൽ മികച്ചവ എന്നിവയെയും മാലിന്യ മുക്ത അയൽക്കൂട്ടങ്ങളായി പ്രഖ്യാപിക്കുകയും അവാർഡ് നൽകുകയും ചെയ്യും<br>2. പ്രശംസനീയമായ പ്രവർത്തനം കാഴ്ചവെച്ച ADS CDS എന്നിവക്ക് ക്യാഷ് സമ്മാനവും നൽകാവുന്നതാണ്. |

## 1.4. കുടുംബശ്രീ- ബാലസഭ

കുടുംബശ്രീയുടെ ബാലസഭ ഈ അവധിക്കാലത്തു തുടങ്ങി ഒരു വർഷത്തോളം നീണ്ടു നിൽക്കുന്ന പരിപാടികൾ ആസൂത്രണം ചെയ്ത് വരികയാണ്. നിലവിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പറ്റി അറിവ് നേടുന്നതിനും, പങ്കെടുക്കുന്ന കുട്ടികളുടെ വീടുകളിലെ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാകുന്നതിനായി കുട്ടികളെ പ്രാപ്തരാക്കുവാനുമാണ് ഈ പ്രവർത്തനത്തിലൂടെ ലക്ഷ്യം വെക്കുന്നത്. കുട്ടികൾക്ക് വൈദഗ്ധ്യ പരിശീലനം എന്ന നിലക്ക് പാഴ്‌വസ്തുക്കളിൽ നിന്നും ഉത്പന്നങ്ങൾ നിർമ്മിക്കുവാനും അതിലൂടെ വലിച്ചെറിയൽ, കത്തിക്കൽ, അമിത ഉപഭോഗം എന്നിവക്കെതിരെ പോരാടുന്ന ചേഞ്ച് മേക്കേഴ്സ് ആക്കുന്നതിനും ഈ പ്രവർത്തനങ്ങളിലൂടെ കുടുംബശ്രീ ലക്ഷ്യം വെക്കുന്നു. ബാലസഭയുമായി ബന്ധപ്പെട്ട മൊഡ്യൂൾ തയ്യാറാക്കുന്നതിന് ഏപ്രിൽ 15,16 തീയതികളിൽ സംസ്ഥാന തലത്തിൽ വർക്ക് ഷോപ്പ് സംഘടിപ്പിച്ചു. തുടർന്ന് ജില്ലാ പരിശീലകരുടെ പരിശീലനം ഏപ്രിൽ 19,20 തീയതികളിലായി നടന്നു. നിലവിൽ ജില്ലാ തല പരിശീലനങ്ങൾ നടന്നു വരുന്നു. ആയതിന്റെ തുടർ പ്രവർത്തനം ചുവടെ ചേർക്കുന്നു.

| | |
|---|---|
| തീയതി | ജൂൺ മുതൽ നവംബർ വരെ |
| സ്ഥലം | വാർഡ് തലം |
| പങ്കാളിത്തം | കുട്ടികൾ |
| സംഘടനകൾ | ശുചിത്വ മിഷൻ,കുടുംബശ്രീ |
| സംഘാടനം | വാർഡു തല ശുചിത്വ ആരോഗ്യ സമിതി |
| പ്രവർത്തനങ്ങൾ | 1. രണ്ടു ഘട്ടങ്ങളായാണ് പ്രവർത്തനം സംഘടിപ്പിക്കുന്നത്.<br>2. ആദ്യഘട്ടം ഏപ്രിൽ മാസം ആരംഭിച്ച് ജൂൺ ആദ്യവാരം അവസാനിക്കും രണ്ടാം ഘട്ടം നവംബർ മാസം അവസാനിക്കും. |

| | |
|---|---|
| | 3. ആദ്യ ഘട്ടത്തിൽ മാലിന്യത്തിൽ നിന്നും അപ്പ് സൈക്ലിംഗ് ഉത്പന്ന നിർമാണ ക്യാമ്പ്, പ്രകൃതി നടത്തം, മാലിന്യത്തിൽ നിന്നും ഗവേഷണ സാധ്യമാകുന്ന വസ്തുക്കളുടെ നിർമ്മാണം, തദ്ദേശ സ്ഥാപന തല പ്രദർശന മേളയും/സ്വാപ് ഷോപ്പും എന്നിവ ജൂൺ മാസത്തിനുള്ളിൽ വാർഡ് തലത്തിൽ പൂർത്തീകരിക്കും<br>4. ജൂൺ മുതൽ നവംബർ വരെ കുട്ടികൾ പരിസ്ഥിതി പഠന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങളും വാർഡ് തല നിരീക്ഷണവും തുടരുകയും<br>5. കുട്ടികളുടെ ശുചിത്വ ഉച്ചകോടി നവംബർ 14 ന് സംഘടിപ്പിക്കുകയും ചെയ്യും |

## 2. പൊതു വിദ്യാഭ്യാസ വകുപ്പ്

### 2.1. എന്റെ വിദ്യാലയം മാലിന്യ മുക്തം

മാലിന്യമുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി , എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൃത്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതിനായുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നടത്തിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യസ വകുപ്പിൽ നിന്നും അധ്യായന വർഷ ആരംഭ ഘട്ടത്തിൽ തന്നെ മാലിന്യ മുക്ത വിദ്യാലയം ഉറപ്പു വരുത്തുന്നതിനു വേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകുകയും, പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തു. തുടർന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാർത്ഥികളെ ശുചിത്വ രീതി പിന്തുടരാൻ നിർദ്ദേശിക്കുന്നതിനും, വിദ്യാഭ്യാസ സ്ഥാപനത്തെ മാലിന്യ മുക്ത സ്ഥാപനമായി നിലനിർത്തുന്നതിനും വേണ്ടിയുള്ള പ്രവർത്തനമാണ് "എന്റെ വിദ്യാലയം മാലിന്യ മുക്തം"

| | | |
|---|---|---|
| തീയതി | ജൂൺ 3- നവംബർ14 | |
| സ്ഥലം | സ്കൂൾ തലങ്ങളിൽ | |
| പങ്കാളിത്തം | കുട്ടികൾ | |
| സംഘടനകൾ | പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ ,LSG , ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, ശുചിത്വ മിഷൻ,ഹരിതകേരളം മിഷൻ | |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി. | |
| പ്രവർത്തനങ്ങൾ | 1. എല്ലാ വിദ്യാഭാസ സ്ഥാപനത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തണം<br>2. മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന് വേണ്ടിയുള്ള ബിന്നുകൾ സ്ഥാപനത്തിന് പല ഇടങ്ങളിലും സ്ഥാപിക്കൽ<br>3. ശുചിമുറികൾ ശുചീകരിക്കുകയും , ദ്രവ മാലിന്യം കൃത്യമായി സംസ്കരിക്കുന്നതിനുള്ള സംവിധാനവും ഉറപ്പാക്കുക.<br>4. ജൈവ മാലിന്യ സംസ്കരണ സംവിധാനം ഉറപ്പ് വരുത്തൽ( നിലവിലുള്ളവ പ്രവർത്തന ക്ഷമമാക്കൽ)<br>5. അജൈവ മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേനയുമായി കരാറിൽ ഏർപ്പെടൽ<br>6. നിലവിൽ സ്ഥാപനത്തിൽ ഉപയോഗ ശൂന്യമായി കിടക്കുന്ന ഫർണിച്ചറുകൾ, ലൈറ്റ് , മറ്റ് ഇ-മാലിന്യങ്ങൾ, ലാബിലെ | **പ്രവേശനോത്സവം** |

മാലിന്യങ്ങൾ എന്നിവ സ്ഥാപനം തുറക്കുന്നതിനു മുൻപ് തന്നെ CKCL അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന ഏജൻസിക്കോ കൈമാറേണ്ടതാണ്

7. തദ്ദേശ സ്വയംഭരണ സ്ഥാപനം മുൻകൈ എടുത്ത് , ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റിന്റെ സഹായത്തോടെ അധ്യാപകർക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്

8. വിദ്യാലയത്തിൽ പരമാവധി മാലിന്യം ഉണ്ടാവാതിരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അധ്യാപകരും പി ടി എ ഭാരവാഹികളും ചേർന്ന് ചർച്ച ചെയ്യുക

9. വിദ്യാർത്ഥികൾ വിദ്യാലയത്തിൽ ഭക്ഷണം സ്റ്റീൽ പാത്രത്തിലും, വെള്ളം സ്റ്റീൽ കുപ്പിയിലും കൊണ്ട് വരുന്നത് ഉറപ്പ് വരുത്തുക

10. സ്റ്റാഫ് റൂമിലും , എല്ലാ ക്ലാസ് മുറികളിലും ബിന്നുകൾ സ്ഥാപിക്കുക - തരം തിരിച്ച് മാലിന്യം നിക്ഷേപിക്കുന്ന രീതി ക്ലാസ് മുറികളിൽ നിന്ന് പഠിപ്പിക്കുക.

11. ക്ലാസ് മുറിയിലെ ബിന്നുകൾ കുട്ടികൾക്ക് പ്രോജക്റ്റ് വർക്കായി കൊടുത്ത് ചെയ്യിപ്പിക്കുന്നതും ആലോചിക്കാം. (ബിൻ നിർബന്ധമാക്കണം) വലിച്ചെറിയൽ മുക്ത സ്കൂൾ പരിസരം എന്ന ആശയം കുട്ടികളിൽ ഉറപ്പിക്കുക.

12. ഓരോ സ്കൂളിലേക്കും കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ക്ലാസ്സ് മുറിക്ക് പുറത്ത് ബിന്നുകൾ /മിനി എം സി എഫ് , ജൈവ മാലിന്യ സംസ്കരണ സംവിധാനം ആഗസ്റ്റ് 15ന് മുൻപ് ഉറപ്പാക്കുക.

13. വലിച്ചെറിയൽ മുക്ത സ്കൂൾ പരിസരം എന്ന ആശയം കുട്ടികളിൽ ഉറപ്പിക്കുക.

---

1. പ്രവേശനോത്സവം ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തണം (ഉന്നത വിദ്യാഭ്യാസ വകുപ്പ് നിർദേശം നല്കി എല്ലാ വിദ്യാലയങ്ങളിലും പ്രവേശനോത്സവം ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടത്തിയിരുന്നു)

2. "**ശുചിത്വ-സാക്ഷരത**" ഒരു പ്രധാന തീം ആയി കൊണ്ടു വരികയും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പങ്കാളിത്തത്തോടെ കുട്ടികൾക്ക് ശുചിത്വ ശീലങ്ങൾ, ശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന്റെ പ്രധാന്യം എന്നിവ മനസ്സിലാക്കാനുള്ള ആകർഷണീയമായ സാക്ഷരതാ പരിപാടികൾ നടത്തുക.

3. ഹരിതകർമ സേനയെ പരിപാടിയിലേക്ക് ക്ഷണിക്കുകയും മാലിന്യ മുക്തം നവകേരളം തീം സോങ്ങിനൊപ്പം ഹരിതകർമസേനയും കുട്ടികളും ചേർന്ന് ഫ്ലാഷ് മോബ് സംഘടിപ്പിക്കുക.

4. പ്രവേശനോത്സവ തീയതിയിൽ തന്നെ സ്കൂളിലെ മാലിന്യ സംസ്കരണ രീതികളും ആയതിൽ വിദ്യാർത്ഥികൾ പാലിക്കേണ്ട

നിബന്ധനകളെ സംബന്ധിച്ചും വിദ്യാർത്ഥികൾക്ക് പറഞ്ഞ് കൊടുക്കുക. എല്ലാ ക്ലാസ് മുറികളിലും മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് കുട്ടികൾ പാലിക്കേണ്ട കാര്യങ്ങൾ ആകർഷകമായ സ്ഥിരം ചുമർപത്രമായി പ്രദർശിപ്പിക്കുക. ഇത് പ്രിന്റ് ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.

5. ഓരോ ക്ലാസ്സിൽ നിന്നും ശുചിത്വ ലീഡറെ തിരഞ്ഞെടുക്കുക

6. എല്ലാ ആഴ്ചകളിലും സ്കൂൾ അസംബ്ലിയിൽ ശുചിത്വ മാലിന്യ പരിപാലനത്തിൽ പാലിക്കേണ്ട നിർദ്ദേശങ്ങൾ വിശദീകരിച്ച് നല്കുകയും ശുചിത്വ പ്രതിജ്ഞ ചൊല്ലുകയും ചെയ്യുക.

7. "*ക്ലാസ്സുകളിൽ ശുചിത്വ പ്രതിജ്ഞ ചൊല്ലുക - മാലിന്യം സ്കൂളിലും പൊതു ഇടങ്ങളിലും വലിച്ചെറിയില്ല, മാലിന്യം പൊതു ഇടങ്ങളിലായി വലിച്ചെറിയുന്നത് ശ്രദ്ധയിൽ പെട്ടാൽ അവ റിപ്പോർട്ട് ചെയ്യൽ , വീടുകളിൽ കൃത്യമായ മാലിന്യ സംസ്കരണം നടപ്പിലാക്കുമെന്നും അജൈവ മാലിന്യം കൃത്യമായി തരംതിരിച്ച് ഹരിതകർമ്മസേനക്ക് കൈമാറും*" എന്നതാവണം പ്രതിജ്ഞ

**ജൂലൈ - ആഗസ്റ്റ് മാസത്തിൽ-ശുചിത്വ ക്ലബ് രൂപീകരണം**

1. എല്ലാ സ്കൂളുകളിലും ജൂൺ മാസത്തിൽ ശുചിത്വ ക്ലബ് രൂപീകരിക്കുക.

2. ഇതിന്റെ നേതൃത്വത്തിൽ ശുചിത്വവും മാലിന്യ സംസ്കരണവും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്ന പ്രവർത്തനവും സംഘടിപ്പിക്കുക. സ്കൂളിനെ ഹരിത വിദ്യാലയമാക്കി മാറ്റുന്നതിന്റെ ഉത്തരവാദിത്വം, സ്കൂൾ ശുചിത്വ ഓഡിറ്റിംഗ്, സ്കൂൾ തല സ്വാപ് ഷോപ്പ് സംഘടിപ്പിക്കൽ, തദ്ദേശ സ്വയംഭരണസ്ഥാപനത്തിന്റെ ശുചിത്വാവസ്ഥ ഓഡിറ്റിംഗ് തുടങ്ങിയവ ശുചിത്വ ക്ലബിന്റെ പ്രധാന പ്രവർത്തനങ്ങളിൽ കൊണ്ടുവരണം.

3. ഈ പ്രവർത്തനങ്ങളുടെ മുന്നോടിയായി ക്ലാസ് റൂം തല പ്രതിജ്ഞ ശുചിത്വ ക്ലബിലെ അംഗങ്ങൾ ഓരോ ക്ലാസ്സിലും ചൊല്ലി കൊടുക്കുക.

**ആഗസ്റ്റ് -ഞങ്ങൾ എല്ലാവരും ഹരിതകർമ്മസേനയോടൊപ്പം**

1. സ്കൂൾ അസംബ്ലിയിൽ മാലിന്യ സംസ്കരണത്തെ കുറിച്ച് സംസാരിക്കാൻ ഹരിതകർമ സേനയെ ക്ഷണിക്കുകയും, അവർക്ക് സ്കൂൾ വക ആദരവ് നല്കുന്ന പരിപാടികൾ നടത്തുക.

2. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളും വീടുകളിലെ അജൈവ മാലിന്യം ഹരിതകർമ്മസേനക്ക് കൈമാറുന്നു എന്ന് ഉറപ്പ് വരുത്തുക.

3. ഇത് ക്ലാസ് റൂമുകളിലെ സംവാദം വഴി ഉറപ്പ് വരുത്തേണ്ടതാണ്

4. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളോടും "അവരുടെ വീട്ടിലെ ജൈവ മാലിന്യം ഉറവിടത്തിൽ സംസ്കരിക്കുന്നു,അജൈവ മാലിന്യം ഹരിത കർമസേനയ്ക്ക് കൈമാറുന്നു, മാലിന്യത്തിന്റെ അളവ്

| | |
|---|---|
| | കുറയ്ക്കാൻ ഒറ്റത്തവണ ഉപയോഗിക്കുന്ന വസ്തുക്കൾ ഉപയോഗിക്കില്ല'' എന്നുള്ള രക്ഷിതാക്കളുടെ സാക്ഷ്യപത്രം കൊണ്ടുവരാൻ ആവശ്യപ്പെടുക.<br>5. ക്ലാസ് റൂം തലങ്ങളിലാണ് പരിപാടി നടക്കുന്നത്.<br>6. ക്ലാസ്സ് റൂമിൽ വച്ച് ചുമതലയുള്ള അധ്യാപകരുമായി ചേർന്ന് സെൽഫി എടുക്കുക. ശുചിത്വ മിഷൻ നിശ്ചയിക്കുന്ന സൈറ്റിൽ അപ്‌ലോഡ് ചെയ്യുക (മികച്ച ഫോട്ടോയ്ക്ക് ജില്ലാതലത്തിൽ അംഗീകാരം) ആ ക്ലാസ്സുകളെ പ്രത്യേകമായി വിദ്യാലയത്തിൽ ആദരിക്കുക<br>7. അത്തരത്തിൽ വിദ്യാലയത്തിലെ മുഴുവൻ ക്ലാസ്സുകളും എത്തിയാൽ ആ വിദ്യാഭ്യാസ സ്ഥാപനത്തിന് തദ്ദേശ സ്ഥാപന തലത്തിൽ പ്രത്യേക അംഗീകാരം.<br>8. സ്കൂളിലെ എല്ലാ കുട്ടികളുടേയും അദ്ധ്യാപകരുടേയും വീടുകളിൽ നിന്നും അജൈവ പാഴ് വസ്തു ഹരിതകർമ സേനയ്ക്ക് നല്കുന്നതായി ഉറപ്പാക്കിയും സ്കൂളിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഫലപ്രദമായി പ്രവർത്തിപ്പിച്ചും വിദ്യാഭ്യാസ സ്ഥാപന തലത്തിൽ "**എന്റെ വിദ്യാലയം മാലിന്യ മുക്തം**'' പ്രഖ്യാപനം നടത്തുകയും "**എന്റെ വിദ്യാലയം ഹരിത വിദ്യാലയം**'' ക്യാമ്പയിൻ തുടക്കംകുറിക്കുകയും ചെയ്യുക. |
| | **ആഗസ്റ്റ് - സ്കൂൾ തല സ്വാപ്പ് ഷോപ്പ്** |
| | 1. വിദ്യാഭ്യാസ സ്ഥാപനത്തിൽ സ്വാപ്പ് ഷോപ്പുകൾ സംഘടിപ്പിക്കുക<br>2. മുൻ വർഷത്തെ പുസ്തകങ്ങൾ, കുപ്പി,പത്രം,കുട, യൂണിഫോം,നോട്ട് ബുക്കുകൾ എന്നിവയെല്ലാം സ്കൂൾ തല സ്വാപ്പ് ഷോപ്പിൽ കുട്ടികൾ സമർപ്പിക്കുകയും<br>3. അവ ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് കൈ മാറുകയും ചെയ്യാം<br>4. ഈ പരിപാടിയുടെ നേതൃത്വം സ്കൂൾ തല ശുചിത്വ ക്ലബ്ബിന് നടത്താവുന്നതാണ്. |
| | **സ്കൂൾ തല പഠനയാത്ര** |
| | • സ്കൂൾ തല പഠനയാത്രകളിൽ ആധുനിക മാലിന്യ സംസ്കരണ കേന്ദ്രങ്ങൾ ഉൾപ്പെടുന്നുവെന്ന് ഉറപ്പാക്കണം.<br>• മാലിന്യ സംസ്കരണം , ശുചിത്വം എന്നിവ സംബന്ധിച്ച ശാസ്ത്രീയ പാഠങ്ങൾ , ലോകാനുഭവങ്ങൾ എന്നിവ ഡിജിറ്റൽ സംവിധാനങ്ങളിലൂടെ കുട്ടികൾക്ക് പരിചയപ്പെടുത്താം. |

## 2.2. മാലിന്യ മുക്ത വിദ്യാലയം- ശുചിത്വ പഠന സംഗമം

മാലിന്യമുക്തം നവകേരളം ആരംഭിച്ച ഘട്ടത്തിൽ തന്നെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും കൃത്യമായ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കണമെന്നും , മാലിന്യ സംസ്കരണ മേഖലയിൽ വിദ്യാർത്ഥികളെ

പങ്കാളികളാക്കുന്നതിനു ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളെ സംബന്ധിച്ചും സർക്കാർ തലത്തിൽ നിന്നും നിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ ഒരു വർഷ കാലയളവിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച നിരവധി വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇന്ന് സംസ്ഥാനത്തുണ്ട് അതിൽ നിന്നും തിരഞ്ഞെടുത്ത മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് മറ്റ് വിദ്യാഭ്യസ സ്ഥാപനത്തിലെ വിദ്യാർത്ഥികളും അധ്യാപകരും സന്ദർശനം നടത്തുന്നു.

| | |
|---|---|
| തീയതി | ആഗസ്റ്റ് |
| സ്ഥലം | യു.പി സ്കൂൾ സബ് ജില്ലാ തലത്തിലും , ഹൈ സ്കൂൾ -ഹയർ സെക്കണ്ടറി വിദ്യാഭ്യാസ ജില്ലാ തലത്തിലും. |
| പങ്കാളിത്തം | ശുചിത്വ ക്ലബ് ലീഡർമാർ , ചുമതലയുള്ള അധ്യാപിക(ൻ) |
| സംഘടനകൾ | പൊതു-ഉന്നത വിദ്യാഭ്യാസ വകുപ്പുകൾ, LSG, ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനതല സംഘാടക സമിതി. |
| പ്രവർത്തനങ്ങൾ | 1. ജില്ലാ ക്യാമ്പയിൻ സെക്രെട്ടറിയേറ്റിന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ ജില്ലയിൽ ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വെക്കുന്ന വിദ്യാഭ്യാസ സ്ഥാപനത്തെ കണ്ട് പിടിച്ച് ജില്ലാ തലത്തിൽ അംഗീകാരം നൽകുക<br>2. തിരഞ്ഞെടുത്ത ഈ വിദ്യാലയങ്ങളിലാണ് മറ്റ് വിദ്യാലയത്തിൽ നിന്നും ശുചിത്വ ക്ലബ് ലീഡർമാരും , ചുമതലയുള്ള അധ്യാപികയും സന്ദർശിക്കേണ്ടത്<br>3. തിരഞ്ഞെടുത്ത വിദ്യാലയം ഒരു ദിവസം നിശ്ചയിക്കുകയും അവ ക്യാമ്പയിൻ സെക്രട്ടറിയേറ്റിനെ അറിയിക്കുക<br>4. നിശ്ചയിച്ച ദിവസം ശുചിത്വ ക്ലബ്ബിൽ നിന്നും തിരഞ്ഞെടുത്ത വിദ്യാർത്ഥികളും ചുമതലയുള്ള അധ്യാപകരും വിദ്യാലയം സന്ദർശിക്കുക<br>5. വിദ്യാലയത്തിലെ നിലവിലെ ജൈവ അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ റ്റെസ്റ്റ്ഹാ മറ്റ് പ്രവർത്തനങ്ങൾ എന്നിവ തിരഞ്ഞെടുത്ത സ്കൂളിലെ ശുചിത്വ ക്ലബ്ബ് ലിഡർമാർ അവതരിപ്പിക്കുക<br>6. വിദ്യാലയം നടന്ന് കാണുന്നതിനുള്ള അവസരം ഒരുക്കണം<br>7. വിദ്യാഭ്യാസ സ്ഥാപനത്തിലെ മാലിന്യ സംസ്കരണ രീതി കണ്ടു മനസ്സിലാക്കിയതിന് ശേഷം മാറ്റ് ശുചിത്വ ക്ലബ്ബ് അംഗങ്ങളുമായും മറ്റ് അധ്യാപകരുമായും പങ്കിടുക<br>8. ശേഷം സ്വന്തം വിദ്യാലയത്തിലെ വിടവുകൾ മനസിലാക്കുകയും അവ നികത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ശുചിത്വ ക്ലബ്ബ് അംഗങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുക.<br>9. വിടവുകൾ നികത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും ജില്ലാ ശുചിത്വ മിഷന്റെയും സഹായം തേടാവുന്നതാണ്.<br>10. കുട്ടികളുടെ പഠനയാത്രയുടെ സംഘാടനം CKCL ആയിരിക്കും. |

## 2.3. സ്കൂൾ തല ഗ്രേഡിംഗ്

മാലിന്യമുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി , എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൃത്യമായ മാലിന്യ

സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതിനായുള്ള നിർദ്ദേശം സർക്കാർ തലത്തിൽ നടത്തിയിരുന്നു. ആയത് സ്ഥാപനത്തിലെ വിദ്യാഭ്യാസ സ്ഥാപനത്തിന് കീഴിൽ രൂപീകരിച്ച ശുചിത്വ ക്ലബ്ബ് അംഗങ്ങൾക്ക് ഗ്രേഡിംഗ് നടത്തുന്നതിനായുള്ള പരിശീലനം തദ്ദേശ സ്ഥാപന തലത്തിൽ നൽകി പരിശീലനം ലഭിച്ച വിദ്യാർത്ഥികൾ തന്നെ ഗ്രേഡിംഗ് നടത്തുകയും വേണം.

| | |
|---|---|
| തീയതി | ആഗസ്റ്റ് / സെപ്റ്റംബർ |
| സ്ഥലം | സ്കൂൾ തലത്തിൽ |
| പങ്കാളിത്തം | ശുചിത്വ ക്ലബ്ബിലെ അംഗങ്ങൾ |
| സംഘടനകൾ | ഉന്നത -പൊതു വിദ്യാഭ്യാസ വകുപ്പുകൾ, LSG , ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, ശുചിത്വ മിഷൻ , ഹരിതകേരളം മിഷൻ |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപനം |
| പ്രവർത്തനങ്ങൾ | 1. വിദ്യാഭ്യാസ സ്ഥാപനത്തിന് കീഴിൽ രൂപീകരിച്ച ശുചിത്വ ക്ലബ്ബ് അംഗങ്ങൾക്ക് ഗ്രേഡിംഗ് നടത്തുന്നതിനായുള്ള പരിശീലനം തദ്ദേശ സ്ഥാപന തലത്തിൽ നൽകണം<br>2. ജൈവ മാലിന്യം, അജൈവ മാലിന്യം, ദ്രവ മാലിന്യം , ശുചിമുറിയുടെ വൃത്തി, ഗ്രീൻ പ്രോട്ടോക്കോൾ പാലനം എന്നിങ്ങനെ ആകണം ഗ്രേഡിംഗ് ഘടകങ്ങൾ<br>3. ശുചിത്വ ക്ലബ്ബ് അംഗങ്ങൾ ഓരോ വിഷയത്തിനും വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് വേണം പ്രവർത്തനം നടത്തേണ്ടത്<br>4. ഗ്രേഡ് ചെയ്തതിന് ശേഷം ശുചിത്വ ക്ലബ്ബ് അംഗങ്ങൾ സ്ഥാപനത്തിലെ മാലിന്യ സംസ്കരണ വിടവുകൾ കണ്ടെത്തുക<br>5. ശേഷം ശുചിത്വ ക്ലബ്ബ് ലീഡർ അവ അസംബ്ലിയിൽ അവതരിപ്പിക്കുക. |

## 2.4. കുട്ടികളുടെ സംസ്ഥാന ജില്ലാ തല കോൺക്ലേവ്

“മാലിന്യ മുക്തം നവകേരളം” ക്യാമ്പയിനിന്റെ ഭാഗമായി നടന്നു വരുന്ന പ്രവർത്തനങ്ങൾക്ക് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ മികച്ച പ്രവർത്തനങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി നിരവധി വിദ്യാർത്ഥികൾ മാതൃകാപരമായ നിരവധി പ്രവർത്തനങ്ങൾ സ്വതന്ത്രമായി ഏറ്റെടുത്തു നടത്തുന്നുണ്ട്. ഇത്തരം സവിശേഷ പ്രവർത്തനങ്ങൾ നടത്തുന്ന കുട്ടികളെയും വിദ്യാഭ്യാസ സ്ഥാപന പ്രതിനിധികളേയും ഉൾപ്പെടുത്തി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ശില്പശാലകൾ സംഘടിപ്പിക്കുക.

| | |
|---|---|
| തീയതി | ഡിസംബർ |
| സ്ഥലം | ജില്ലാതലം/ സംസ്ഥാന തലം |
| പങ്കാളിത്തം | മാതൃകപരമായ പ്രവർത്തനം കാഴ്ചവച്ച വിദ്യാർത്ഥികൾ, സവിശേഷമായ പ്രവർത്തനങ്ങൾ നടത്തിയ വിദ്യാഭ്യാസ സ്ഥാപനം |
| സംഘടനകൾ | ഉന്നത -പൊതു വിദ്യാഭ്യാസ വകുപ്പുകൾ, LSG , ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, ശുചിത്വ മിഷൻ , ഹരിതകേരളം മിഷൻ |
| സംഘാടനം | ഉന്നത -പൊതു വിദ്യാഭ്യാസ വകുപ്പുകൾ |
| പ്രവർത്തനങ്ങൾ | 1. ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച്ചവെച്ച കുട്ടികളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളേയും കണ്ടെത്തുന്നു.<br>2. തുടർന്ന് ഇവരെ വിദ്യാഭ്യാസ ജില്ലാ തലത്തിലും തുടർന്ന് സംസ്ഥാന തലത്തിലും വിളിച്ച് ചേർക്കുകയും ശില്പശാലകൾ സംഘടിപ്പിക്കുന്നു. |

## 2.5. മാലിന്യമുക്തം ശുചിത്വ മണിക്കൂർ

മാലിന്യസംസ്കരണ മേഖലയിൽ ഏറെ മാറ്റം കൊണ്ട് വരാൻ സാധിക്കുന്ന ഒരു വിഭാഗമാണ് വിദ്യാർത്ഥി സമൂഹം. മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ പല ഘട്ടങ്ങളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനായി മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ പാഠ്യ വിഷയങ്ങളുടെ ഭാഗമാക്കണം എന്ന് നിർദ്ദേശം വന്നിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 2024-25 പാഠ്യ പദ്ധതിയുടെ ഭാഗമായി , ആഴ്ചയിൽ ഒരിക്കൽ ഒരു മണിക്കൂർ ക്ലാസ് റൂമുകളിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യണം.

| | |
|---|---|
| തീയതി | 2024 -25 അധ്യായന വർഷം |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും |
| സംഘടനകൾ | പൊതു വിദ്യാഭ്യാസ വകുപ്പ് / ഉന്നത വിദ്യാഭ്യാസ വകുപ്പ് / ശുചിത്വ മിഷൻ / ഹരിതകേരളം മിഷൻ / കില / CKCL |
| പ്രവർത്തനങ്ങൾ | 1. പൊതു - ഉന്നത വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗം<br>2. അധ്യാപക സംഘടനകളുമായുള്ള യോഗം<br>3. ഓരോ ആഴ്ചയിലും ഒരു മണിക്കൂർ ചർച്ചയുടെ ഭാഗമാകുന്നതിനായുള്ള വിഷയങ്ങൾ തയ്യാറാക്കൽ<br>4. സംവിധാനങ്ങൾ പരിചയപ്പെടുത്തൽ , വീടുകളിൽ പ്രവർത്തന സാധ്യമായ ചെറു പ്രവർത്തനങ്ങൾ , പ്രൊജെക്ടുകൾ , അസൈന്മെന്റുകൾ , എന്നിവ 30 മുതൽ 40 വിഷയങ്ങൾ എന്ന തരത്തിൽ<br>5. ആയതിനായുള്ള പരിശീലന മൊഡ്യൂൾ ശുചിത്വ മിഷന്റെ സഹായത്തോടെ തയ്യാറാക്കൽ<br>6. ജില്ലാതലങ്ങളിൽ വിദ്യാഭ്യാസ സോൺ അടിസ്ഥാനത്തിൽ അധ്യാപകർക്ക് പരിശീലനം<br>7. അദ്യായന വർഷത്തിൽ 3 0 മുതൽ 4 0 മണിക്കൂർ വിദ്യാർത്ഥികൾ മാലിന്യ സംസ്കരണ വിഷയത്തിൽ ഭാഗമാകുന്ന തരത്തിൽ<br>8. ആയതിന്റെ അടിസ്ഥാനത്തിൽ മാസത്തിൽ ഒരിക്കൽ ശുചിത്വ അസ്സംബ്ലി<br>9. ശുചിത്വ അസംബ്ലിയുടെ ഉത്തരവാദിത്വം ഒരു ക്ലാസ്സിന് നൽകൽ<br>10. ആ മാസം ശുചിത്വത്തിൽ മുന്നിൽ നിൽക്കുന്ന ക്ലാസ്സിന് അസ്സംബ്ലിയിൽ വെച്ച് ശുചിത്വ സ്റ്റാർ നൽകാവുന്നതാണ്. |

## 2.6. മികച്ച ശുചിത്വ, മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉള്ള സ്കൂളുകൾക്ക് ഗ്രീൻ റോളിങ് ട്രോഫി

| | |
|---|---|
| തീയതി | മാർച്ച് 2025 |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും |

| | |
|---|---|
| സംഘടനകൾ | ഉന്നത -പൊതു വിദ്യാഭ്യാസ വകുപ്പുകൾ, LSG , ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, ശുചിത്വ മിഷൻ , ഹരിതകേരളം മിഷൻ |
| സംഘാടനം | പൊതു വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് |
| പ്രവർത്തനങ്ങൾ | 1. ഈ അധ്യയന വർഷം ആരംഭിച്ച് അടുത്ത മാർച്ചിനുള്ളിൽ മികച്ച രീതിയിലുള്ള ശുചിത്വ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കിയതും മാതൃക പരമായ മാറ്റങ്ങൾ വന്നതുമായ സ്കൂളുകൾകളെ തെരെഞ്ഞെടുക്കുക.<br>2. ജൈവ-അജൈവ മാലിന്യ സംസ്കരണ ഉപാധികൾ നന്നായി പ്രവർത്തിക്കുകയും, ക്ലാസ്സ്റൂം, സ്കൂൾ പൊതുയിടം എന്നിവ നന്നായി പരിചരിക്കുകയും, കുട്ടികളുടെ മനോഭാവത്തിലും ശീലത്തിലും നല്ല മാറ്റങ്ങൾ കൊണ്ടുവന്നിട്ടുമുള്ള സ്കൂളുകൾക്ക് ഉപജില്ലാ അടിസ്ഥാനത്തിൽ ഗ്രീൻ റോളിങ് ട്രോഫി നൽകുക.<br>3. വർഷം തുടർച്ചയായി ലഭിച്ചാൽ അങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് പ്രത്യേക ഗ്രീൻ അച്ചീവ്മെന്റ് അവാർഡ് നല്കുക. |

## 3. ഉന്നതവിദ്യാഭ്യസ വകുപ്പിന്റെ നേതൃത്വത്തിൽ നടക്കേണ്ട യുവതയുടെ പ്രവർത്തനം

### 3.1. ഉന്നത വിദ്യാഭ്യസ സ്ഥാപനങ്ങളിൽ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തുക.

ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി നടത്തുന്ന നാഷണൽ അസസ്മെൻ്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിൽ (NAAC) റാങ്കിങ്ങിൽ മാലിന്യ സംസ്കരണവും ഒരു പ്രധാന ഘടകമാണ്. സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും ഗ്രീൻ ക്യാമ്പസ് ആയി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കേണ്ടതുണ്ട്. മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ ആരംഭഘട്ടത്തിൽ തന്നെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും സമഗ്ര ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ടാകണമെന്ന് അറിയിച്ചിരുന്നു. ഈ അധ്യയന വർഷത്തിൽ നിലവിലുള്ള സംവിധാനങ്ങൾ പ്രവർത്തന ക്ഷമമാക്കുകയും ഇല്ലാത്തവ തദ്ദേശ സ്വയംഭരണ സ്ഥാപനം, ശുചിത്വ മിഷൻ എന്നിവയുടെ സഹായത്തോടെ നിർമിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ.

| | |
|---|---|
| തീയതി | ഒക്ടോബർ 2ന് മുൻപ് |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും |
| സംഘടനകൾ | ഉന്നത വിദ്യാഭ്യസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, KSWMP , CKCL |
| പ്രവർത്തനങ്ങൾ | 1. സംസ്ഥാനത്തെ എല്ലാ ക്യാമ്പസുകളിലെയും ക്ലാസ്സുകളിൽ മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിനായുള്ള ബിന്നുകൾ സ്ഥാപിക്കുക<br>2. കോളേജ്, യൂണിവേഴ്സിറ്റി ക്യാമ്പസുകളുടെ പല ഇടങ്ങളിലും മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിന് വേണ്ടിയുള്ള ബിന്നുകൾ സ്ഥാപിക്കണം.<br>3. കോളേജ് ക്യാമ്പസുകളിലും , യൂണിവേഴ്സിറ്റി ക്യാമ്പസുകളിലും ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉറപ്പ് വരുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ<br>4. കോളേജ് , യൂണിവേഴ്സിറ്റി ക്യാമ്പസുകളിൽ നിലവിലുള്ള സംവിധാനങ്ങൾ പ്രവർത്തനക്ഷമമാക്കുകയും |

| | |
|---|---|
| | 5. സംവിധാനങ്ങളുടെ ഗ്യാപ്പ് മനസിലാക്കി ഇല്ലാത്തവ സ്ഥാപിക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണം.<br>6. സംവിധാനങ്ങൾ ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെയും ശുചിത്വമിഷൻ്റെയും ഭാഗത്ത് നിന്നുമുള്ള സാമ്പത്തിക സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.<br>7. സംവിധാനങ്ങളുടെ ഗ്യാപ്പ് മനസിലാക്കുന്നതിനായി ജില്ലാ ശുചിത്വ മിഷന്റെ സഹായം പ്രയോജനപ്പെടുത്താവുന്നതാണ്.<br>8. യൂണിവേഴ്സിറ്റി, കോളേജ് ക്യാമ്പസുകളെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രത്യേക ഗ്രേഡിംഗ് നടത്തി ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെക്കുന്ന യൂണിവേഴ്സിറ്റി,കോളേജ് ക്യാമ്പസുകൾക്ക് പ്രത്യേക അവാർഡ് ജില്ലാ തലത്തിൽ നൽകണം.<br>9. കോളേജ് ക്യാമ്പസുകളെ മാലിന്യ സംസ്കരണ പഠന കേന്ദ്രങ്ങളാക്കി മാറ്റുന്ന തരത്തിൽ എല്ലാ കോളേജുകളിലും സമഗ്രമായ മാലിന്യ സംസ്കരണ സംവിധാനങ്ങളുള്ള ക്യാമ്പസുകളാക്കി മാറ്റണം.<br>10. മാറ്റം തീം സോങ് പ്രചാരണത്തിനായി എല്ലാ ക്യാമ്പ്സുകളിലും ഒരു ടീം ഉണ്ടാക്കുകയും ആയത് സ്ഥാപന തലത്തിലും , സ്ഥാപനം സ്ഥിതി ചെയ്യുന്ന പൊതു സ്ഥലത്തും ഫ്ലാഷ്മോബുകൾ സംഘടിപ്പിക്കണം |

### 3.2. ഇന്റേൺഷിപ്പ്

മാലിന്യ സംസ്കരണ മേഖലയിലേക്ക് കൂടതൽ യുവതയെ ആകർഷിക്കുന്നതിനും. മാലിന്യ സംസ്കരണ മേഖലയിൽ കൂടതൽ പ്രൊഫഷണലുകളെ ഭാഗമാക്കുന്നതിനും , ഇന്റേൺഷിപ്പുകൾ. മാലിന്യ സംസ്കരണം സമ്പൂർണ്ണവും സുസ്ഥിരവും ആക്കുന്നതിനായി ആശയ രൂപീകരണം , ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ പ്രചാരണം, പുതിയ സാങ്കേതിക വിദ്യ വികസനം , സാമൂഹ്യ തലത്തിലെ പ്രവർത്തനങ്ങൾ തുടങ്ങി വിദ്യാർത്ഥികൾക്ക് നേരിട്ട് പങ്കാളിത്തം വഹിക്കാൻ കഴിയുന്ന വിവിധ പ്രവർത്തനങ്ങളാണ് ഇന്റേൺഷിപ്പിലൂടെ ഉദ്ദേശിക്കുന്നത്. പുതിയ പാഠ്യപദ്ധതി അനിശാസിക്കുന്ന തരത്തിൽ വിവിധ അക്കാദമിക് പശ്ചാത്തലങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്കും പ്രൊഫഷണലുകൾക്കും തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലെ മാലിന്യ സംസ്കരണ പ്രൊജെക്ടുകളിലും മിഷനുകളിലും വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിനായി അവസരം ലഭ്യമാക്കിയിട്ടുണ്ട്.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | തദ്ദേശ സ്ഥാപന തലം / ജില്ലാ തലം/ സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും, പ്രൊഫെഷണലുകൾക്കും ഇന്റേൺഷിപ്പ് ചെയ്യുന്നതിന് വേണ്ടിയുള്ള അവസരം ഉണ്ടാകും. |
| സംഘടനകൾ | തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ , കുടുംബശ്രീ , CKCL |
| സംഘാടനം | തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ |
| പ്രവർത്തനങ്ങൾ | 1. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി, ക്യാമ്പയിനുമായി ഏകോപിപ്പിക്കുന്ന എല്ലാ സംഘടനകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഇന്റേൺഷിപ്പ്<br>2. മാലിന്യ സംസ്കരണ മേഖലയിൽ ഓരോ വിഷയത്തിനും ഭാഗമാകാൻ കഴിയുന്ന തരത്തിലാണ് ഇന്റേൺഷിപ്പ് ഉണ്ടാകുന്നത് . |

| | |
|---|---|
| | 3. സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികളും കുറഞ്ഞത് 10 ദിവസത്തെ ഇന്റേൺഷിപ്പിന്റെ ഭാഗമാകുന്ന തരത്തിൽ.<br>4. ഇന്റേൺസിന്റെ ആവശ്യാനുസരണം ഇന്റേൺഷിപ്പ് കാലയളവ് തിരഞ്ഞെടുക്കാം.<br>5. ഇതിനാവശ്യമായ പ്രവർത്തന പരിപാടി ഉന്നതവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ശുചിത്വ മിഷൻ തയ്യാറാക്കണം.<br>6. തൽപ്പരരായ ഇന്റേൺസിന് ആദ്യം ഓറിയെന്റേഷൻ ഓറിയെന്റ്ഷന് ശേഷം ഫീൽഡ് വിസിറ്റും ഉണ്ടാകും.<br>7. ആയതിനു ശേഷം ഇന്റേൺസിന് അവരുടെ ഇഷ്ട പ്രവർത്തന മേഖല തിരഞ്ഞെടുക്കാവുന്നതാണ്.<br>8. വാർഡ് തലത്തിലെ പ്രവർത്തനം, തദ്ദേശ സ്ഥാപന തലത്തിലെ പ്രവർത്തനം, ഹരിതകർമസേനയുമായുള്ള പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി തല സംവിധാനങ്ങളുടെ ഭാഗമായി പ്രവർത്തനങ്ങൾ എന്നിങ്ങനെ നീളുന്ന പ്രവർത്തന മേഖലകൾ.<br>9. ഇന്റേൺസിനെ ജില്ലാതലത്തിൽ സഹായിക്കേണ്ട പൂർണ്ണ ചുമതല ജില്ലാ ശുചിത്വ മിഷനാണ്. കൂടാതെ കുടുംബശ്രീ, സി കെ സി എൽ എന്നീ ഏജൻസികളിലും ഇന്റേൺഷിപ്പിന് വേണ്ടി ഒരു പ്രത്യേക ടീമിനു രൂപം നൽകണം.<br>10. ആഴ്ചതോറും ക്യാമ്പയിൻ സെക്രട്ടറിയേറ്റുമായി ഫോളോ അപ്പ് മീറ്റിങ് ഉണ്ടാകുന്നതാണ്. |

## 3.3. പ്രോജക്ടുകൾ / ഗവേഷണങ്ങൾ

പുതിയ പാഠ്യ പദ്ധതി അനിശാസിക്കുന്ന നിർബന്ധിത പ്രോജക്ടുകൾ മാലിന്യ സംസ്കരണ മേഖലയിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്ന തരത്തിൽ കൊണ്ട് വരുന്നതിനുള്ള പ്രവർത്തനങ്ങൾ.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാന തലത്തിൽ |
| പങ്കാളിത്തം | എല്ലാ ഉന്നത വിദ്യാഭ്യസ സ്ഥപനങ്ങളും |
| സംഘടനകൾ | ഉന്നത വിദ്യാഭ്യാസ വകുപ്പ്, ശുചിത്വ മിഷൻ |
| പ്രവർത്തനങ്ങൾ | 1. ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കരിയർ ടെക്നോ ഇൻക്യൂബേറ്റർ പ്രവർത്തനത്തിന്റെ ഭാഗമായി നിലവിൽ വിദ്യാർത്ഥികൾ മാലിന്യ സംസ്കരണ മേഖലയിൽ ഏറ്റെടുത്തിട്ടുള്ള പ്രോജക്ടുകൾ ശുചിത്വ മിഷൻ വിലയിരുത്തി അവയ്ക്ക് സാങ്കേതിക സഹായവും മറ്റ് പിന്തുണയും നൽകാനും പ്രയോജനപ്പെടുത്തുക.<br>2. മികച്ച പ്രൊജെക്ടുകൾ, സ്റ്റാർ ട്ടപ്പുകൾ , പുതിയ സാങ്കേതിക വിദ്യകൾ, ഉപകരണങ്ങൾ, ഉത്പ്പന്നങ്ങൾ വികസിപ്പിക്കാൻ ആവശ്യമുള്ള വിദഗ്ധ മാർഗ്ഗ നിർദ്ദേശം എന്നിവ ശുചിത്വ മിഷൻ, KDISC ഇന്നോവേഷൻ ഹബ്ബിലൂടെയും മറ്റ് ഗവേഷണ സ്ഥാപനങ്ങളുടെ സഹായത്തോടെയും സാധ്യമാക്കുന്ന തരത്തിൽ. |

| | |
|---|---|
| | 3. ക്യാമ്പസ് ഇൻഡസ്ട്രി പാർക്കിന്റെ ഭാഗമായി ശാസ്ത്രീയ മാലിന്യ സംസ്കരണ വിഷയങ്ങൾ കൂടി ഉൾപ്പെടുത്തി പുതിയ ഉപകരണങ്ങൾ , ഉത്പന്നങ്ങൾ എന്നിവയുടെ ആശയങ്ങൾ രൂപീകരിക്കുന്നതിനും നിർമിക്കുന്നതിനും പ്രയോജനപ്പെടുത്താവുന്നതാണ്.<br>4. എല്ലാ സർവകലാശാലകളെയും കേന്ദ്രീകരിച്ച് വിദ്യാർത്ഥികൾ മാലിന്യ സംസ്കരണ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും അവയിൽ മികച്ചവ ശുചിത്വ മിഷന്റെ ഭാഗമാക്കുന്ന തരത്തിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം. |

### 3.4. സാമൂഹിക തലത്തിൽ നടക്കേണ്ട പ്രവർത്തനങ്ങൾ

സാമൂഹ്യ തലത്തിൽ ഇടപെട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് NAAC അക്രിഡിറ്റേഷനിൽ പ്രധാന ഭാഗം വഹിക്കുന്നുണ്ട് ആയതിനാൽ സംസ്ഥാനത്തെ എല്ലാ ക്യാമ്പസുകളും തദ്ദേശ സ്ഥാപനങ്ങളുടെ ഭാഗമായി മാലിന്യ മുക്തം നവകേരളം കാമ്പയിനിന്റെ ഭാഗമായി നടത്തേണ്ട പ്രവർത്തനങ്ങൾ.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാന തലത്തിൽ |
| പങ്കാളിത്തം | എല്ലാ ഉന്നത വിദ്യാഭ്യസ സ്ഥപനങ്ങളും |
| സംഘടനകൾ | ഉന്നത വിദ്യാഭ്യാസ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് , ശുചിത്വ മിഷൻ , കില, കുടുംബശ്രീ , CKCL |
| പ്രവർത്തനങ്ങൾ | 1. സാമൂഹ്യ തലത്തിൽ ഇടപെട്ട് നടത്തുന്ന പ്രവർത്തനങ്ങൾക്ക് NAAC അക്രിഡിറ്റേഷനിൽ പ്രധാന ഭാഗം വഹിക്കുന്നുണ്ട് ആയതിന് ക്യാമ്പസുകൾ വില്ലേജുകൾ ദത്തെടുക്കുന്ന പ്രവർത്തനങ്ങൾ നടത്താം<br>2. ദത്തെടുത്ത വില്ലേജുകളിലെ മാലിന്യ സംസ്കരണ സംവിധാനങ്ങൾ വിലയിരുത്തുന്നതിന് ഒരു എക്സ്റ്റേർണൽ ഏജൻസികളായി ഓരോ ക്യാമ്പസുകൾക്കും പ്രവർത്തിക്കാൻ സാധിക്കും.<br>3. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നിലവിലെ പ്രവർത്തന മികവ് വർധിപ്പിക്കുവാൻ ഓരോ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും സാധ്യമാകുന്ന തരത്തിൽ.<br>4. എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളിലൂടെ സമൂഹത്തെ അടുത്തറിയുന്നതിനും ആയതിലൂടെ വിദ്യാർത്ഥികളുടെ സാമൂഹിക , പ്രൊഫഷണൽ കരിയർ ഡെവലപ്മെന്റിനു സഹായിക്കും. |

### 3.5. MOOC കോഴ്സ്

- തദ്ദേശ സ്വയംഭരണ വകുപ്പ് കിലയുടെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങളെ പറ്റി പഠിക്കുന്നതിനും മനസിലാക്കുന്നതിനും സർട്ടിഫിക്കറ്റ് ഓൺലൈൻ കോഴ്സ് ആരംഭിച്ചിട്ടുണ്ട് .

- വിദ്യാർത്ഥികൾക്ക് ഇന്ന് കേരളത്തിൽ പിന്തുടർന്ന് വരുന്ന ശാസ്ത്രീയ മാലിന്യ സംസ്കരണത്തെ പറ്റി പഠിക്കുവാനും

ഈ ഓൺലൈൻ കോഴ്സിലൂടെ സഹായകരമാകും. സാമൂഹിക തലത്തിൽ മാലിന്യ സംസ്കരണ മേഖലയിൽ ഇടപെടുമ്പോൾ ലഭിക്കുന്ന സർട്ടിഫിക്കറ്റിന് തദ്ദേശ സ്ഥാപന തലങ്ങളിലെ പ്രവർത്തനങ്ങൾക്കും തുടർ പഠനം / തൊഴിൽ പരിശീലനത്തിനും സഹായകരമാകും.

### 3.6. ഓൺലൈൻ ക്രെഡിറ്റ് കോഴ്സ്

- നിലവിലെ ഓൺലൈൻ കോഴ്സിന് ആവശ്യമായ മാറ്റങ്ങൾ വരുത്തി യൂണിവേഴ്സിറ്റികൾ നൽകുന്ന ഗ്രേഡഡ് ഓൺലൈൻ കോഴ്സുകളുടെ ഭാഗമാക്കുന്നതിനും തീരുമാനിച്ചു.
- കില , ശുചിത്വ മിഷൻ എന്നിവർ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് മൊഡ്യൂൾ തയ്യാറാക്കി നൽകേണ്ടതാണ്.

### 3.7. നാഷണൽ സർവീസ് സ്കീം

നാഷണൽ സർവീസ് സ്കീമിന്റെ അടുത്ത വർഷത്തെ പ്രധാന പ്രവർത്തന മേഖല മാലിന്യ മുക്തം നവകേരളം ആകുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | തദ്ദേശ സ്ഥാപന തലം / ജില്ലാ തലം/ സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ എൻ എസ് എസ് യൂണിറ്റുകളും |
| സംഘടനകൾ | NSS, തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ |
| സംഘാടനം | NSS |
| പ്രവർത്തനങ്ങൾ | 1. നാഷണൽ സർവീസ് സ്കീമിന്റെ അടുത്ത വർഷത്തെ പ്രധാന പ്രവർത്തന മേഖല മാലിന്യ മുക്തം നവകേരളം ആയിരിക്കും.<br>2. സ്നേഹാരാമങ്ങളെ കൂടുതൽ ജനകീയമാക്കുന്നതിന് എൻ എസ് എസ് യൂണിറ്റുകളുടെ നേതൃത്വത്തിൽ സ്നേഹാരാമങ്ങളിൽ വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br>3. മികച്ച സ്നേഹാരാമങ്ങളെ ഹാപ്പിനെസ്സ് പാർക്കുകളാക്കി മാറ്റുന്നതിനുള്ള സാധ്യതകൾ പരിശോധിക്കണം<br>4. മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ തീം സോങ്ങിന്റെ പ്രചരണാർത്ഥം എൻ എസ് എസ് പ്രവർത്തിക്കുന്ന ദത്ത് ഗ്രാമങ്ങളിൽ കുറഞ്ഞത് 2 ഇടങ്ങളിൽ എങ്കിലും ഫ്ളാഷ്മോബ് നടത്തുന്നതിനും തുടർന്ന് വരുന്ന എല്ലാ പരിപാടികളിലും ഫ്ളാഷ്മോബ് ഒരു പ്രധാന പ്രവർത്തനമായി കൊണ്ട് വരുന്ന പ്രവർത്തനം<br>5. എൻ എസ് എസിന്റെ ദത്തു ഗ്രാമങ്ങളെ പൂർണ്ണമായി മാലിന്യ മുക്തമാക്കുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ |

### 3.8. ഗ്രീൻ നോളഡ്ജ് ഫെസ്റ്റിവൽ

കേരളീയത്തിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പും ഉന്നത വിദ്യാഭ്യസ വകുപ്പുമായി ചേർന്ന് സംസ്ഥാന തലത്തിൽ ഗ്രീൻ നോളഡ്ജ് ഫെസ്റ്റിവൽ

| | |
|---|---|
| തീയതി | നവംബർ |

| | |
|---|---|
| സ്ഥലം | സംസ്ഥാനതലം |
| പങ്കാളിത്തം | എല്ലാ ഉന്നത വിദ്യാഭ്യസ സ്ഥാപനങ്ങളിലെ വിദ്യാത്ഥികളും |
| സംഘടനകൾ | ഉന്നത വിദ്യാഭ്യസ വകുപ്പ് , തദ്ദേശ സ്വയംഭരണ വകുപ്പ്,ശുചിത്വ മിഷൻ |
| സംഘാടനം | ഉന്നത വിദ്യാഭ്യസ വകുപ്പ് , തദ്ദേശ സ്വയംഭരണ വകുപ്പ് |
| പ്രവർത്തനങ്ങൾ | • 2024-25 അധ്യായന വർഷത്തിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെച്ച വിദ്യാഭാസ സ്ഥാപനങ്ങൾക്ക് അവരുടെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനായുള്ള അവസരം നോളഡ്ജ് ഫെസ്റ്റിവലിന്റെ ഭാഗമായി സാധിക്കും.<br><br>• വിദ്യാർത്ഥികളുടെ പ്രോജക്ടുകൾ , ഇന്റേൺഷിപ്പ് പ്രവർത്തനങ്ങൾ എന്നിവ കോർത്തിണക്കികൊണ്ട് എക്സിബിഷനുകൾ എന്നിവ സംഘടിപ്പിക്കുകയും പഠന സംബന്ധമായി നടത്തിയ ഗവേഷണങ്ങൾ , കണ്ടുപിടിച്ച സാങ്കേതിക വിദ്യ , ഉപകരണങ്ങൾ, ഉത്പന്നങ്ങൾ എന്നിവ അവതരിപ്പിക്കുന്നതിനുള്ള അവസരം.<br><br>• ഗ്രീൻ നോളഡ്ജ് ഫെസ്റ്റിവലിന്റെ ഭാഗമായി മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെച്ച വിദ്യാഭ്യസ സ്ഥാപനങ്ങൾക്കും , പ്രവർത്തനങ്ങൾക്കും അംഗീകാരം നൽകുന്നതാണ്. |

## 4. വിനോദ സഞ്ചാര വകുപ്പ്

### 4.1. മാതൃക വിനോദ സഞ്ചാര കേന്ദ്രങ്ങൾ

സമ്പൂർണ്ണ ശാസ്ത്രീയ മാലിന്യ സംസ്കരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്ന മാതൃക വിനോദ സഞ്ചാര കേന്ദ്രങ്ങൾ ജില്ലയിൽ ഒന്ന് വീതം

| | |
|---|---|
| തീയതി | ഓഗസ്റ്റ് മുതൽ |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | KTDC, DTPC, മറ്റു ടൂറിസം കേന്ദ്രങ്ങളുടെ ചുമതലയുള്ള വകുപ്പുകൾ |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | 1. പ്രകൃതി സംരക്ഷണം, ജല സംരക്ഷണം ,മാലിന്യ സംസ്കരണം, കാലാവസ്ഥ വ്യതിയാനം, വിനോദ സഞ്ചാരം, വ്യാപാര വ്യവസായം എന്നിങ്ങനെ വിനോദ സഞ്ചാര മേഖലയുമായി നേരിട്ടും അല്ലാതെയും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ ജില്ലാ തലത്തിൽ ഒരു വിനോദ സഞ്ചാര കേന്ദ്രം വൃത്തിയാക്കി, പൂർണ്ണ മാലിന്യ സംസ്കരണ സംവിധാനം ഉണ്ടാക്കുക.<br><br>2. തിരഞ്ഞെടുക്കുന്ന കേന്ദ്രത്തിൽ സമഗ്ര മാലിന്യ സംസ്കരണം ഉറപ്പാക്കുക.<br><br>3. എല്ലാ കേന്ദ്രങ്ങളിലും ക്യാമറ സർവൈലൻസ് ഉറപ്പാക്കുക.<br><br>4. ജില്ലാ തലത്തിൽ മാതൃക വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഉണ്ടാക്കുക. കേന്ദ്രത്തിന്റെ മാലിന്യ സംസ്കരണം 2ആഴ്ചയിൽ ഒരിക്കൽ വിലയിരുത്തി വേണ്ട നടപടികൾ കൃത്യമായി സ്വീകരിക്കുക. |

| | |
|---|---|
| | 5. ബീച്ചുകൾക്ക് കൂടുതൽ പരിഗണന നൽകുക , വൃത്തിയാക്കുന്ന സമയത്ത് ഉണ്ടാകുന്ന മാലിന്യം കൈമാറാൻ CKCL സേവനം ഉറപ്പാക്കുക.<br><br>6. ബീച്ച് തല ശുചിത്വ കമ്മിറ്റി - തദ്ദേശ സ്ഥാപന തല ഭരണസമിതി ,ജന പ്രതിനിധികൾ, തദ്ദേശ സ്ഥാപന തല ഉദ്യോഗസ്ഥർ , വിനോദ സഞ്ചാര വകുപ്പ് ഉദ്യോഗസ്ഥർ , പ്രാദേശ വാസികൾ , പ്രദേശത്തെ സംഘടനാ പ്രതിനിധികൾ, വ്യാപാര വ്യവസായി പ്രതിനിധികൾ , ജില്ലാ ശുചിത്വ മിഷൻ , CKCL പ്രതിനിധികൾ മുതലായവർ.<br><br>7. വിനോദ സഞ്ചാര കേന്ദ്രത്തിലെത്തുന്ന ഇതര സംസ്ഥാനങ്ങൾക്ക് മാത്രം ഒരു എൻട്രി ഫീസ് LSGകൾക്ക് ഏർപ്പെടുത്താം. ആ തുകയുടെ ഒരു നിശ്ചിത ശതമാനം ശുചിത്വം ഉറപ്പുവരുത്താൻ ഉപയോഗിക്കണം.<br><br>8. വിനോദ സഞ്ചാര കേന്ദ്രത്തിൽ സന്ദർശിക്കുന്ന സഞ്ചാരികൾക്ക് മാലിന്യ സംസ്കരണ അവബോധവും റെസ്പോൺസിബിൾ ടൂറിസം എങ്ങനെ പ്രോത്സാഹിപ്പിക്കാം എന്നതിനെ സംബന്ധിച്ചും ഫേസ് ടു ഫേസ് ക്യാമ്പയിൻ (ടൂറിസം ക്ലബ്ബ് വോളന്റിയർമാർ)<br><br>9. മാതൃക വിനോദ സഞ്ചാര കേന്ദ്രം അത്തരത്തിൽ ആക്കിയ പ്രവർത്തങ്ങൾ മുഴുവൻ വീഡിയോ ഡോക്യുമെന്റ് ചെയ്തത് ക്ലൗഡ് സ്റ്റോറേജിൽ സൂക്ഷിച്ച് ,QR കോഡിന്റെ സഹായത്തോടെ കേന്ദ്രത്തിലെത്തുന്ന വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കുക,<br><br>10. സമൂഹ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുക പ്രവർത്തനത്തിനു മാധ്യമ ശ്രദ്ധ ഉണ്ടാക്കിയെടുക്കുക.<br><br>11. മാതൃക വിനോദ സഞ്ചാര കേന്ദ്രങ്ങൾക്ക് അംബാസിഡർമാരേ കണ്ടെത്തുക. |

## 4.2. വിനോദസഞ്ചാര കേന്ദ്രങ്ങളുടെ റേറ്റിംഗ്

സഞ്ചാരികൾക്ക് വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ വൃത്തി റേറ്റ് ചെയ്യാനുള്ള അവസരം ഒരുക്കുക. ഇതുവഴി ഈ കേന്ദ്രങ്ങളുടെ ശുചിത്വവും മാലിന്യ സംസ്കരണവും ഉറപ്പാക്കുക.

| | |
|---|---|
| തീയതി | ഒക്ടോബർ |
| സ്ഥലം | സംസ്ഥാനതലം |
| പങ്കാളിത്തം | പൊതുജനം |
| സംഘടനകൾ | തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥർ, വിനോദ സഞ്ചാര വകുപ്പ് |
| സംഘാടനം | തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥർ, വിനോദ സഞ്ചാര വകുപ്പ് |
| പ്രവർത്തനങ്ങൾ | 1. കേന്ദ്രത്തിലെത്തുന്ന സഞ്ചാരികൾക്ക് കേന്ദ്രത്തിന്റെ വൃത്തി റേറ്റ് ചെയ്യാനും മാലിന്യ സംസ്കരണം സംബന്ധിച്ച പരാതികൾ സമർപ്പിക്കാനും ഒരു പോർട്ടൽ തയ്യാറാക്കുക<br><br>2. പോർട്ടലിൽ കയറി റേറ്റ് ചെയ്യാനുള്ള QR എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും സ്ഥാപിക്കുക |

### 4.3. വിനോദ സഞ്ചാര കേന്ദ്രങ്ങൾ ഗ്യാപ്പ് നികത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ ഗ്യാപ്പ് കണ്ടെത്തിയിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ കണ്ടെത്തിയ ഗ്യാപ്പ് നികത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഓരോ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും നടന്ന് വരുന്നു. ആയതിന്റെ നിലവിലെ സ്ഥിതി വിലയിരുത്തി അവ ഗ്രേഡ് ചെയ്യുന്നതിനുള്ള പ്രവർത്തനം

| | |
|---|---|
| തീയതി | ആഗസ്റ്റ് മുതൽ |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | തദ്ദേശ സ്വയംഭരണ വകുപ്പ്, ശുചിത്വ മിഷൻ, വിനോദ സഞ്ചാര കേന്ദ്രത്തിന്റെ ഉടമസ്ഥർ, വിനോദ സഞ്ചാര വകുപ്പ് |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയറ്റ് |
| പ്രവർത്തനങ്ങൾ | 1. SGLR മാതൃകയിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ മാലിന്യ സംസ്കരണം ഗ്രേയ്ഡിങ് ഡോകുമെൻ്റ് തയ്യാറാക്കി അതിൻ്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര കേന്ദ്രങ്ങളെ ഗ്രേയ്ഡിങ് നടത്തി തരംതിരിക്കുക.<br>2. ഗ്രേയ്ഡിങ് വിവരങ്ങൾ ശുചിത്വ മിഷന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുക |

### 4.4. വിനോദ സഞ്ചാര കേന്ദ്രങ്ങളില് മാലിന്യ സംസ്കരണ പ്രോട്ടോകോൾ

ശുചിത്വ മിഷൻ തയ്യാറാക്കിയ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പാലിക്കേണ്ട മാലിന്യ സംസ്കരണ പ്രോട്ടോകോൾ എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പ്രാവർത്തികമാക്കുക

| | |
|---|---|
| തീയതി | ജൂലൈ മാസം |
| സ്ഥലം | സംസ്ഥാനതലം |
| പങ്കാളിത്തം | തദ്ദേശ സ്വയംഭരണ വകുപ്പ്, ടൂറിസം വകുപ്പ്, KTDC, DTPC, മറ്റു ടൂറിസം കേന്ദ്രങ്ങളുടെ ചുമതലയുള്ള വകുപ്പുകൾ |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയറ്റ് |
| പ്രവർത്തനങ്ങൾ | 1. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ശുചിത്വ മാലിന്യവുമായി ബന്ധപ്പെട്ട് പാലിക്കേണ്ട പ്രോട്ടോക്കോൾ ശുചിത്വമിഷൻ തയ്യാറാക്കിയത് കൂടുതൽ ചർച്ചക്കും നിയമസാധ്യത പരിശോധനകൾക്കും ശേഷം കർശനമായി നടപ്പിലാക്കുക.<br>2. തദ്ദേശ സ്ഥാപന പരിധിയിൽ പ്രവർത്തിക്കുന്ന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രോട്ടോക്കോൾ പാലിക്കുന്നു എന്നുറപ്പാകാൻ തദ്ദേശ സ്ഥാപനങ്ങൾ പരിശോധനകൾ നടത്തുക.<br>3. മുഴുവൻ വിനോദ സഞ്ചാര കേന്ദ്രത്തിലും ക്യാമറ സർവൈലൻസ് ഉറപ്പ് വരുത്തുക.<br>4. പ്രോട്ടോക്കോൾ പാലിക്കപെടാത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ തദ്ദേശ സ്ഥാപനം നിയമ നടപടികൾ സ്വീകരിക്കുക.<br>5. [illegible] |

| | |
|---|---|
| | 5. പ്രോട്ടോക്കോൾ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പാലിക്കപ്പെടുന്നു എന്നുറപ്പാകാൻ ജീവനക്കാർക്ക് ചുമതല നൽകുക.<br><br>6. ശുചിത്വ മാലിന്യ പ്രോട്ടോക്കോൾ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ കൃത്യമായി പാലിക്കപ്പെടുന്നുണ്ട് എന്ന് വിലയിരുത്തൽ നടത്തുക.<br><br>7. പ്രോട്ടോകോൾ കൃത്യമായി പാലിക്കാത്ത വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ എന്തുകൊണ്ട് അത് പാലിക്കപ്പെടുന്നില്ല എന്ന് കണ്ടെത്തി വിടവ് നികത്താനുള്ള പ്രവർത്തങ്ങൾ നടത്തുക. സാങ്കേതിക സഹായം ശുചിത്വ മിഷനും സാമ്പത്തിക സഹായം ബന്ധപ്പെട്ട വകുപ്പുകളും തദ്ദേശ സ്ഥാപനങ്ങളും നൽകുന്ന തരത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക. |

## 5. ഗതാഗത വകുപ്പ്

### 5.1. കെ എസ് ആര് ടി സി കേന്ദ്രീകരിച്ചുള്ള പ്രവര്ത്തനങ്ങള്

പൊതുജനങ്ങൾ കൂടുതൽ ഇടപെടുന്ന പൊതുഗതാഗത സംവിധാനങ്ങളുടെ വൃത്തിയും ഭംഗിയും ക്യാമ്പയിനിന്റെ ഭാഗമായി ഉറപ്പാക്കേണ്ടതുണ്ട്. കേരളത്തിൽ വലിയൊരു വിഭാഗം ജനങ്ങൾ ഉപയോഗിക്കുന്ന യാത്രാമാർഗമാണ് കെ എസ് ആർ ടി സി. ദൂരയാത്രക്കാർക്കും ദൈനംദിന യാത്രക്കാർക്കും ഒരുപോലെ ഉപകാരപ്രദമായ ഈ പൊതുഗതാഗത സംവിധാനം കാര്യക്ഷമമായ മാലിന്യ പരിപാലന സജ്ജീകരണങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. ഇതിലൂടെ വൃത്തിയുടെയും ശാസ്ത്രീയ മാലിന്യ സംസ്കരണത്തിന്റെയും അനിവാര്യത ജനങ്ങളിൽ എത്തിക്കുന്നതിനുള്ള വിവര വിജ്ഞാന വ്യാപന കേന്ദ്രങ്ങളാക്കി ബസ് സ്റ്റേഷനുകളെ മാറ്റാൻ സാധിക്കും.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാന തലം |
| സംഘാടനം | • കെ എസ് ആർ ടി സി<br>• ശുചിത്വ മിഷൻ |
| പങ്കാളിത്തം | • തദ്ദേശ സ്വയംഭരണ സ്ഥാപനം<br>• കെ എസ് ആർ ടി സി തൊഴിലാളി സംഘടനകൾ |
| ഉദ്ദേശ ലക്ഷ്യം | കേരളത്തിലെ എല്ലാ ബസ് സ്റ്റേഷനിലെ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കൽ |
| പ്രവർത്തനങ്ങൾ | 1. പ്രാഥമിക ഘട്ടമെന്ന നിലയിൽ ഓരോ ജില്ലയിലും തെരഞ്ഞെടുക്കുന്ന ബസ് സ്റ്റേഷനുകളിൽ അവസ്ഥ പഠനം നടത്തി, കണ്ടെത്തുന്ന വിടവുകൾ പരിഹരിക്കാനുള്ള പ്ലാൻ ആസൂത്രണം സ്വീകരിക്കും.<br><br>2. ബസ് സ്റ്റേഷനിലെ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനായി ഹ്രസ്വ/ ദീർഘം തുടങ്ങി ഉപഘട്ടങ്ങളായി ആക്ഷൻ പ്ലാൻ തയാറാക്കൽ,<br><br>3. തുടർന്ന് സംസ്ഥാന വ്യാപകമായി നടപ്പാക്കൽ<br><br>4. വർക്ക് ഷോപ്പിലെ മാലിന്യ സംസ്കരണ സംവിധാനം സജ്ജീകരണം. |

| | |
|---|---|
| | 5. മലിനജല പരിപാലന സംവിധാനം സജ്ജീകരണം<br>6. KSRTC സ്റ്റാൻഡുകൾ മാലിന്യമുക്തം ആകുന്നതിന് CKCL നേതൃത്വം നൽകും . |

**6. റെയില്വേയുമായി ബന്ധപെട്ട പ്രവര്ത്തനങ്ങള്**

സംസ്ഥാനത്തെ പ്രധാന പൊതുഗതാഗത സംവിധാനമാണ് ഇന്ത്യൻ റെയിൽവേ. റെയിൽവേ ഗതാഗത മാർഗം ഉപയോഗിക്കുന്നവർക്കും അതിന്റെ പരിസരത്ത് ജീവിക്കുന്നവർക്കും നേരിടേണ്ടി വരുന്ന രൂക്ഷമായ മാലിന്യ പ്രശ്നത്തിന് പരിഹാരം കാണേണ്ടത് അടിയന്തര പ്രാധ്യാന്യമുള്ള വിഷയമാണ്. റെയിൽവേ സ്റ്റേഷനുകളിലും ട്രെയിനുകളിലും ശാസ്ത്രീയ മാലിന്യ പരിപാലന സംവിധാനങ്ങൾ സജ്ജീകരിക്കുന്നതിനും റെയിൽവേ ട്രാക്കുകളുമായി ബന്ധപ്പെട്ട മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനായും ക്യാമ്പയിൻ ആസൂത്രണം ചെയ്യുന്നു.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | തിരുവനന്തപുരം, പാലക്കാട് ഡിവിഷനുകൾ |
| പങ്കാളിത്തം | • തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഘടക സ്ഥപാനങ്ങളുടെ പിന്തുണ<br>• സന്നദ്ധ സംഘടനകൾ |
| സംഘാടനം | • തിരുവനന്തപുരം, പാലക്കാട് റെയിൽവേ ഡിവിഷൻ<br>• ശുചിത്വ മിഷൻ<br>• ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| ഉദ്ദേശ ലക്ഷ്യം | 1. റെയിൽവേ ട്രാക്കുകൾ മാലിന്യമുക്തമാക്കൽ<br>2. ട്രെയിനുകളിൽ നിന്ന് മതിയായ മാലിന്യ ശേഖരണ സംവിധാനവും കൃത്യമായ മാലിന്യനീക്കവും.<br>3. കേരളത്തിലെ റെയിൽവേ സ്റ്റേഷനുകളിലെ മാലിന്യ പരിപാലന സംവിധാനം കാര്യക്ഷമമാക്കൽ.<br>4. റെയിൽവേ സ്റ്റേഷനുകൾ/ റെയിൽവേ കോളനികൾ തുടങ്ങിയവയിൽ ശാസ്ത്രീയ മാലിന്യ പരിപാലന സംവിധാനങ്ങൾ സജ്ജീകരിക്കൽ. |
| പ്രവർത്തനങ്ങൾ | 1. റെയിൽവേ ട്രാക്കുകളിലെ മാലിന്യം വലിച്ചെറിയുന്നത് ഒഴിവാക്കാനായി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ പ്രത്യേക ക്യാമ്പയിൻ.<br>2. എല്ലാ റെയിൽവേ സ്റ്റേഷനുകളിലും പ്രാഥമിക ഘട്ടമായി അവസ്ഥ പഠനം നടത്തി, അവയിൽ നിന്നും കണ്ടെത്തുന്ന വിടവുകൾ പരിഹരിക്കുന്നതിന് റെയിൽവേ ഡിവിഷനുമായി ചേർന്ന് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണം<br>3. റെയിൽവേ ഹരിതകർമ്മസേനയുടെ സേവനം അഭ്യർത്ഥിച്ചിട്ടുണ്ട് . ഒരു കരാറിന്റെ അടിസ്ഥാനത്തിൽ വേതനം നിശ്ചയിച്ച് ഹരിതകർമ്മസേനക്ക് ഏറ്റെടുക്കാവുന്നതാണ്. |

| | |
|---|---|
| | 4. റെയിൽവേയുടെ സഹകരണത്തോടെ സ്റ്റേഷനുകളിലും ട്രെയിനുകളിലും വിവര വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ. |

## III. വിവിധ സംഘടനകളെ ഏകോപിപ്പിച്ച് കൊണ്ടുള്ള പ്രവർത്തനങ്ങൾ

മാലിന്യ മുക്തം നവകേരളം ക്യാമ്പയിന്റെ ഭാഗമായി വിവിധ സംഘടനകളെ പങ്കെടുപ്പിച്ചുകൊണ്ട് കേരളത്തിലാകെ പൊതുജനങ്ങളെ പങ്കെടുപ്പിച്ച് നടത്തുന്ന പ്രവർത്തനങ്ങൾ.

1. റസിഡന്റ്സ് അസ്സോസിയേഷനുകളുമായി ബന്ധപ്പെട്ട പ്രവർത്തനം

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | റസിഡന്റ്സ് അസോസിയേഷനുകൾ |
| പ്രവർത്തനങ്ങൾ | • എല്ലാ റസിഡന്റ്സ് അസ്സോസിയേഷനുകളിലും മാലിന്യമുക്ത സംരക്ഷണ സമിതികൾ രൂപീകരിക്കുന്ന പ്രവർത്തനങ്ങൾ.<br>• അസോസിയേഷൻ കമ്മിറ്റിയുടെ ഭാഗമായി പ്രസ്തുത പ്രദേശത്തെ മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിനായി ഈ ടീം പ്രവർത്തിക്കണം.<br>• അസ്സോസിയേഷനുകളുമായി സഹകരിച്ച് ക്യാമറ നിരീക്ഷണം.<br>• എല്ലാ റസിഡൻഷ്യൽ അസ്സോസിയേഷനുകളിലേക്കും മിനി എം സി എഫ് , ജൈവ മാലിന്യ സംസ്കരണ സംവിധാനം എന്നിവ നിർബന്ധമാക്കണം.<br>• പ്രദേശത്തെ മാലിന്യ സംസ്കരണ സംവിധാനങ്ങളോട് സഹകരിക്കാത്ത കുടുംബങ്ങളെ സമീപിക്കൽ, വലിച്ചെറിയലിനെതിരെ സ്ക്വാഡ് ആയി പ്രവർ ത്തിക്കൽ , ഹരിതകർമ്മ സേനക്ക് നേരെ ഉണ്ടാകുന്ന പ്രശ്നങ്ങളിൽ ഇടപെടൽ, എന്നിവയിലായിരിക്കും ഈ വിങ് പ്രവർത്തിക്കേണ്ടത്.<br>• 3 മാസത്തിലൊരിക്കൽ ഈ വിങ്ങിന്റെ നേതൃത്വത്തിൽ റെസിഡൻസ് അസ്സോസിയേഷനുകളിലെ എല്ലാ അംഗങ്ങളെയും ഭാഗമാക്കി ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം<br>• അവധിക്കാലത്ത് റെസിഡന്റ്സ് അസോസിയേഷനിലെ വിദ്യാർത്ഥികൾക്കും , യുവജനങ്ങൾക്കും മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഒരു ക്ലാസ് സംഘടിപ്പിക്കാവുന്നതാണ്.<br>• അതിനോടൊപ്പം വിദ്യാർത്ഥികളെയും കുട്ടികളെയും ഉൾപ്പെടുത്തി ഹരിതകർമ്മസേനയുമായി സംവാദത്തിനുള്ള അവസരവും, വിദ്യാർത്ഥികൾ ഹരിതകർമ്മസേനയോടൊപ്പം വീടുകൾ തോറുമുള്ള സന്ദർശനവും ഉറപ്പ് വരുത്താം. . |

2. മുഴുവൻ വാർഡുകളിലെയും എല്ലാ സംഘടനകളെയും ഭാഗമാക്കിയുള്ള പ്രവർത്തനം

സംസ്ഥാനത്തെ എല്ലാ വാർഡുകളിലെയും സംഘടനകളെ ഉൾപ്പെടുത്തികൊണ്ട് ആ പ്രദേശത്തെ എല്ലാ ജനങ്ങളും ഭാഗമാകുന്ന തരത്തിലെ പ്രവർത്തനങ്ങൾ. കുട്ടികളുമായി ബന്ധപ്പെട്ട ലൈബ്രറി കൗൺസിൽ പോലുള്ള സംഘടനകൾ , യുവത ഭാഗമായ ക്ലബ്ബ്കൾ, NGOകൾ വയോജനങ്ങളുടെ ഭാഗമായ സംഘടനകൾ, സ്ത്രീകളുടെ ഭാഗമായ സംഘടനകൾ, പ്രദേശത്തെ തൊഴിലാളി-സർവീസ്-വ്യാപാരി-വ്യവസായി സംഘടനകൾ, സാംസ്കാരിക സംഘടനകൾ, ശാസ്ത്ര സാഹിത്യ പരിഷത്ത്, രാഷ്ട്രീയ മത സംഘടനകളുടെ ഭാഗമായ പ്രവർത്തകർ എന്നിങ്ങനെ വാർഡിലെ മുഴുവൻ സംഘടനകളെയും ഭാഗമാക്കിയുള്ള പ്രവർത്തനങ്ങൾ.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | തൊഴിലാളി-സർവീസ്-വ്യാപാരി-വ്യവസായി-യുവജന-സാംസ്കാരിക സംഘടനകൾ-റസിഡന്റ്സ് അസോസിയേഷനുകൾ |
| സംഘടനകൾ | |
| പ്രവർത്തനങ്ങൾ | • തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ എല്ലാ വാർഡുകളിലും പ്രവർത്തിക്കുന്ന വിവിധ സംഘടനാ പ്രവർത്തകരെ കണ്ടെത്തി അവരുടെ മീറ്റിംഗ് വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ ചേരണം<br>• പ്രദേശത്തെ മാലിന്യ സംസ്കരണ അവസ്ഥ വിലയിരുത്തുന്നതിനും പ്രശ്ന ബാധ്യത പ്രദേശങ്ങളിൽ എങ്ങനെ ഇടപെടാം എന്നും ഈ യോഗത്തിലൂടെ തീരുമാനിക്കാം<br>• ഓരോ സംഘടനകൾക്കും വാർഡിലെ നിശ്ചിത പ്രദേശങ്ങൾ വീതിച്ച് നൽകാവുന്നതാണ്<br>• ആ നിശ്ചിത പ്രദേശത്തെ പ്രശ്നങ്ങളും റിപ്പോർട്ടും പരിഹാരമാർഗങ്ങളും നിർദ്ദേശങ്ങളും ശേഖരിക്കണം<br>• ആ പ്രദേശം വലിച്ചെറിയാൻ മുക്ത പ്രദേശം ആക്കുന്നതിനായും, ആ പ്രദേശത്തെ സൗന്ദര്യ വത്ക്കരണവും സംഘടനാ അംഗങ്ങൾക്ക് നടത്താവുന്നതാണ്. .<br>• വാർഡ് തലത്തിലെ മാലിന്യ സംസ്കരണം വിഷ്വൽ ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നതിന് ഈ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി തദ്ദേശ സ്ഥാപന തലത്തിലും, ജില്ലാ തലത്തിലും മത്സരങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. ഡോക്യുമെൻററി മത്സരത്തിന്റെ തദ്ദേശ സ്ഥാപനങ്ങളിലും അവിടെന്ന് മികച്ചവ ജില്ലാ തലത്തിലും വിജയികളെ ഉൾപ്പെടുത്തി സംസ്ഥാനതലത്തിലും ഡോക്കുമെന്ററി ഫെസ്റ്റ് സംഘടിപ്പിക്കാവുന്നതാണ്. |

3. വ്യാപാര വ്യവസായി സംഘടനാ സമിതി/ ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ ഭാഗമായുള്ള പ്രവർത്തനങ്ങൾ

സംസ്ഥാനത്തെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ടുള്ള പ്രത്യേക പര്യാപാടികൾ.

| | |
|---|---|
| [illegible] | |

| | |
|---|---|
| തിയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | വ്യാപാര വ്യവസായ സംഘടനകൾ ,ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ |
| പ്രവർത്തനങ്ങൾ | • സംസ്ഥാനത്തെ മുഴുവൻ വ്യാപാര സ്ഥാപനങ്ങളുടെയും ,ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനുകളുടെയും നേതാക്കളുമായുള്ള യോഗം സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും സംഘടിപ്പിക്കുക.<br>• മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി വ്യാപാര സ്ഥാപനങ്ങൾക്കും ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷനുകൾക്കും ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ രൂപരേഖ തയ്യാറാക്കുക.<br>• വ്യാപാര സ്ഥാപനങ്ങളിൽ വന്നു പോകുന്ന പൊതു ജനങ്ങൾക്ക് മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിനായുള്ള ബിന്നുകൾ സ്ഥാപിക്കുകയും അതിനുള്ള പരിപാലനം ഉറപ്പാക്കുകയും വേണം.<br>• വ്യാപാര സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ മാലിന്യം കെട്ടികിടക്കുന്ന പ്രദേശങ്ങൾ വൃത്തിയാക്കി സൗന്ദര്യ വത്കരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.<br>• മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ ജനകീയമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലെ വിവിധ സമിതികളിൽ ഭാഗമാകേണ്ടതാണ്.<br>• ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന എല്ലാ ഉത്പന്നങ്ങളും എല്ലാ വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടൽ ആൻഡ് റെസ്റ്റോറന്റുകളിലും പൂർണ്ണമായി ഒഴിവാക്കുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കണം<br>• വ്യാപാര വ്യവസായ സംഘടനയുടെ നേതൃത്വത്തിൽ നടക്കുന്ന പൊതു പരിപാടിയിൽ മാലിന്യ മുക്തം നവകേരളം സന്ദേശം എത്തിക്കുന്നതിനായി ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>• എല്ലാ സ്ഥാപനങ്ങളും അജൈവ മാലിന്യം ഹരിതകർമ്മസേനക്ക് തരം തിരിച്ച് നൽകണം.<br>• മാലിന്യ മുക്തം നവകേരളം ക്യാമ്പയിൻ പ്രചാരണാർത്ഥം മാലിന്യ സംസ്കരണ സന്ദേശങ്ങൾ ഉൾപ്പെടുത്തി ചെറു ബോർഡുകൾ/ തുണിയിൽ എഴുതിയ സന്ദേശങ്ങൾ പോലുള്ളവ എല്ലാ വ്യാപാര സ്ഥാപനങ്ങളിലും ഹോട്ടൽ ആൻഡ് റെസ്റ്റോറന്റുകളിലും സ്ഥാപിക്കാവുന്നതാണ്.<br>• തദ്ദേശ സ്ഥാപന അടിസ്ഥാനത്തിൽ S T P ഇല്ലെങ്കിൽ - ഹോട്ടൽ & റെസ്റ്റോറന്റ് , വ്യാപാര സ്ഥാപനങ്ങളുടെ കൂടി പങ്കാളിത്തത്തോടെ തദ്ദേശ സ്ഥാപന മൊബൈൽ STP/FSTP സംവിധാനം ഏർപ്പെടുത്തണം. ശുചിത്വ മിഷൻ ഇതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി 2025 മാർച്ച് 30നകം നടപ്പിലാക്കണം.<br>• കാറ്ററിങ് എജൻസികളുടെ യോഗം വിളിച്ച് ചേർക്കുക . നിയമഭേദഗതികളുടെ അടിസ്ഥാനത്തിൽ അവരുടെ പ്രവർത്തനത്തിന് s o p തയ്യാറാക്കണം. ലൈസൻസിന് ശുചിത്വ മാനദണ്ഡങ്ങൾ ഉപാധിയാക്കണം. |

4. സർവീസ് സംഘടനകളുടെ ഭാഗമായ പ്രവർത്തനങ്ങൾ സംസ്ഥാനത്തെ മുഴുവൻ സർവീസ് സംഘടനകളെയും ഉൾപ്പെടുത്തി മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായ പ്രവർത്തനങ്ങൾ.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | സർക്കാർ , ഇതര സർക്കാർ സർവീസ് സംഘടനകൾ |
| പ്രവർത്തനങ്ങൾ | • എല്ലാ സർവീസ് സംഘടനകളും അവരുടെ സ്ഥാപനങ്ങളിൽ മാലിന്യം തരം തിരിച്ച് നിക്ഷേപിക്കുന്നതിനായുള്ള ബിന്നുകൾ സ്ഥാപിക്കുകയും അതിനുള്ള പരിപാലനം ഉറപ്പാക്കുകയും വേണം.<br>• സർ ക്കാർ , ഇതര സർക്കാർ സർവീസ് സംഘടനകളുടെ നേതൃത്വത്തിൽ മാലിന്യം കെട്ടികിടക്കുന്ന പ്രദേശങ്ങൾ വൃത്തിയാക്കി സൗന്ദര്യ വത്കരിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്.<br>• സർ ക്കാർ , ഇതര സർക്കാർ സർവീസ് സംഘടനകളുടെ നേതൃത്വത്തിൽ നടക്കുന്ന പൊതു പരിപാടിയിൽ മാലിന്യ മുക്തം നവകേരളം സന്ദേശം എത്തിക്കുന്നതിനായി ഗ്രീൻ പ്രോട്ടോകോൾ പാലിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.<br>• ഒക്ടോബർ മുതൽ നവംബർ 1 വരെ സർവീസ് സംഘടനകൾ ക്യാമ്പയിൻ കേന്ദ്രീകരിച്ച് വിപുലമായ പരിപാടി ആസൂത്രണം ചെയ്യേണ്ടതാണ് ( ഒക്ടോബർ 2,5,6 നടക്കുന്ന കുട്ടികളുടെ ക്യാമ്പയിനിന് തടസ്സം വരാതെ) |

5. രാഷ്ട്രീയ പാർട്ടികൾ ക്യാമ്പയിനിന്റെ ഭാഗമാകുകയും , മാലിന്യം കൃത്യമായി തരം തിരിച്ച് സംസ്കരിക്കുന്നതിന്റെയും , മാലിന്യം കുറക്കുന്നതിന്റെയും സന്ദേശങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുന്നതിന് എല്ലാ രാഷ്ട്രീയ പാർട്ടികളും നേതൃത്വം നൽകണം.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ രാഷ്ട്രീയ പാർട്ടികളും |
| പ്രവർത്തനങ്ങൾ | രാഷ്ട്രീയ പാർട്ടികളുടെ ചുമതലകൾ നിശ്ചയിക്കേണ്ടതാണ്<br>• ഹരിത/ ശുചിത്വ മാനദണ്ഡങ്ങൾ പ്രചാരണത്തിന് പാലിക്കുക<br>• സ്ഥാപിച്ച പ്രചാരണ സാമഗ്രികൾ ആവശ്യം കഴിഞ്ഞ ഉടൻ സ്വയം നീക്കം ചെയ്യുക / തദ്ദേശ സ്ഥാപനം ഹരിതകർമ്മസേനയെ ഉപയോഗിച്ച് നീക്കുക<br>• പർട്ടികളുടെ എല്ലാ തലങ്ങളിലുമുള്ള ഓഫീസുകളിലും തരം തിരിച്ച് നിക്ഷേപിക്കാൻ ബിന്നുകൾ നിർബന്ധമാക്കൽ<br>• പൊതു പരിപാടി സ്ഥലങ്ങളിലെ മാലിന്യം ശേഖരിക്കാനും സംസ്കരിക്കാനുമുള്ള സംവിധാനം ഉണ്ടാകണം - ആയതിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കണം. |

| | |
|---|---|

## IV. ക്യാമ്പയിന്റെ ഭാഗമായി സമയ ബന്ധിതമായി പൂർത്തിയാക്കേണ്ട പ്രവർത്തനങ്ങള്

### 1. അജൈവ/ ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ

അഗ്നി സുരക്ഷാ ഓഡിറ്റ് നടത്തിയ ബ്ലോക്ക് തല ടീം അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളിലെ നിലവിലെ വിടവുകൾ കണ്ടെത്തിയിരുന്നു, ആയതിനൊപ്പം ജില്ലാ ശുചിത്വ മിഷന്റെ പക്കലുള്ള അസ്സസ്സ്മെന്റ് റിപ്പോർട്ടും ശേഖരിക്കുക - ഇത്തരത്തിൽ അഗ്നി സുരക്ഷാ ഓഡിറ്റ് നടത്തിയ ബ്ലോക്ക് തല ടീം കമ്മ്യൂണിറ്റി ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഗ്യാപ്പ് അസ്സസ്സ്മെന്റ് നടത്തുന്നതിനായുള്ള പ്രവർത്തനം

| | |
|---|---|
| തീയതി | ജൂലൈ -സെപ്റ്റംബർ |
| സ്ഥലം | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും |
| പങ്കാളിത്തം | അഗ്നി സുരക്ഷാ ഓഡിറ്റ് നടത്തിയ ബ്ലോക്ക് തല / നഗരസഭാ തല ടീം |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയറ്റ് |
| പ്രവർത്തനങ്ങൾ | 1. ഫയർ ഓഡിറ്റിനായി നിയോഗിച്ച ടീം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ നിലവിലെ ജൈവ, അജൈവ മാലിന്യ സംസ്കരണ കമ്മ്യൂണിറ്റി സംവിധാനങ്ങളുടെ പ്രവർത്തനം, അവയുടെ നടത്തിപ്പ്, എന്നിവ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നു<br><br>2. പരിശോധനയിലൂടെ കണ്ടെത്തിയ ഗ്യാപ്പ് തദ്ദേശ സ്വയംഭരണ സ്ഥാപനതല അധ്യക്ഷൻ, സെക്രട്ടറി, എൻജിനീയർ, ഹെൽത്ത് ഓഫീസർ എന്നിവർ അടങ്ങുന്ന ടീമിനു വിശദീകരിച്ചു നൽകുന്നതിനായി ഏകദിന ശിൽപ്പശാല<br><br>3. ബ്ലോക്ക്/ നഗരസഭാ തലത്തിൽ നിലവിലുള്ള പ്രൊജെക്ടുകൾ നിർവഹണം<br><br>4. നിലവിലെ പ്രോജക്ടിന് പുറമെ ഗ്യാപ്പ് കണ്ടെത്തിയാൽ പ്രത്യേക പ്രൊജക്റ്റ് ക്ലിനിക്കുകൾ സംഘടിപ്പിച്ചു ഈ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കണ്ടെത്തിയ വിടവുകൾ നികത്തുന്നതിനുള്ള പ്രൊജക്റ്റുകൾ തയ്യാറാക്കുക. |

### 2. ഹരിതമിത്രം ഡാറ്റ ബേസ് തയ്യാറാക്കലും പരിപാലനവും ആധുനികവൽക്കരണവും

മാലിന്യം വീടുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ ഏറ്റെടുക്കുന്നത് മുതൽ അന്തിമമായി അത് നിർമാർജനം ചെയ്യുന്നത് വരെയുള്ള എല്ലാ ഘട്ടങ്ങളും ഹരിതമിത്രം ആപ്പ് വഴി ക്രോഡീകരിക്കണം

| | |
|---|---|
| തീയതി | ഡിസംബർ |
| സ്ഥലം | സംസ്ഥാനതലം |
| പങ്കാളിത്തം | ക്യാമ്പയിൻ സെക്രറ്ററിയേറ്റ്, ശുചിത്വ മിഷൻ, പ്രിൻസിപ്പൽ ഡയറക്ടറേറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനം, ഐ കെ എം, കെൽട്രോൺ |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |

| | |
|---|---|
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയറ്റ് |
| പ്രവർത്തനങ്ങൾ | 1. ഹരിത മിത്രം ആപ്പ് വഴി സേവനങ്ങളുടെ ഗുണപരത, കൃത്യ സമയത്ത് സേവനം നൽകൽ, എല്ലാ അജൈവ മാലിന്യങ്ങളും ഹരിതകർമ്മ സേനകൾ ശേഖരിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുക.<br>2. സംസ്ഥാനമൊട്ടുക്കുമുള്ള എല്ലാ ആർ ആർ എഫ്, എം സി എഫ്, മിനി -എം സി എഫ് എന്നിവ ഹരിതമിത്രം ആപ്പ് വഴി ലിങ്ക് ചെയ്യുക<br>3. കെട്ടിടങ്ങളുടെ വിശദ വിവരങ്ങൾ കെ സ്മാർട് പ്ലാറ്റ്ഫോറത്തിന്റെ ഡാറ്റാബേസിൽ നിന്നും ശേഖരിച്ച് ഹരിതമിത്രത്തിലെ സേവനങ്ങളുമായി ബന്ധിപ്പിക്കുന്നതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുക<br>4. ഈ ഡാറ്റാബേസ് ഉപയോഗിച്ച് യൂസർഫീ ശേഖരണം കാര്യക്ഷമമാക്കുക. യൂസർഫീ ശേഖരണം കാര്യക്ഷമമാക്കുന്നതിനായി p o s മെഷീനുകളുടെയും ഓൺലൈൻ സംവിധാനങ്ങളുടെയും ഉപയോഗം വ്യാപകമാക്കുക.<br>5. മാലിന്യ പരിപാലനം അവലോകനം ചെയ്യുന്നതിനായി മറ്റ് ആപ്ലിക്കേഷനുകൾ ഉപയോഗത്തിലുള്ള സ്ഥലങ്ങളിൽ ഹരിതമിത്രം നടപ്പിലാക്കാനുള്ള അല്ലെങ്കിൽ അങ്ങനെയുള്ള ആപ്ലിക്കേഷനുകൾ ഹരിതമിത്രവുമായി ലിങ്ക് ചെയ്യുവാനുള്ള സംവിധാനങ്ങൾ ഒരുക്കുക.<br>6. ഹരിതമിത്രംകൺട്രോൾ റൂമിൽ നിശ്ചയിച്ചിരിക്കുന്ന അഞ്ച് മൊഡ്യൂളുകളും നിരന്തരമായി അവലോകനം ചെയ്യാനുതകുന്നരീതിയിൽ ഉദ്യോഗസ്ഥർക്കുള്ള ഉത്തരവാദിത്വങ്ങൾ നിശ്ചയിക്കുകയും അവർ പോർട്ടലിൽ ആവശ്യമായ വിവരങ്ങൾ അപ്പ്ഡേറ്റ് ചെയ്യുന്നുണ്ട് എന്ന് ഉറപ്പ് വരുത്തുകയും വേണം.<br>7. ഹരിതമിത്രം ആപ്പ് ഉപയോഗിയ്ക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും കൺട്രോൾ റൂമിന്റെ 4, 5 മൊഡ്യൂളുകളുമായി (rrf, mcf, mini mcf related) ബന്ധപ്പെട്ട ഡാറ്റാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പോർട്ടലിൽ അപ്‌ലോഡ്ചെയ്യേണ്ടതാണ്.<br>8. transportation / ലിഫ്റ്റിങ് പ്ലാനുകളും ഹരിതമിത്രവുമായി ഏകോപിപ്പിക്കുക.<br>9. ആവശ്യമായ സൗകര്യങ്ങളോടെ ഒരു സുസജ്ജമായ കൺട്രോൾ റൂം /സഹായ കേന്ദ്രം പ്രിൻസിപ്പൽ ഡയരക്ടറേറ്റിൽ പ്രവർത്തനമാരംഭിക്കുക. |

**3. ട്രാൻസ്പോർട്ടേഷൻ പ്ലാൻ/ ലിഫ്റ്റിങ് പ്ലാൻ**

വാതിൽപ്പടി ശേഖരണവും സംസ്കരണത്തിനായുള്ള കയ്യൊഴിയലും തടസ്സം കൂടാതെ ഉറപ്പാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ട്രാൻസ്പോർട്ടേഷൻ പ്ലാൻ , ലിഫ്റ്റിങ് പ്ലാൻ എന്നിവ അനിവാര്യമാണ് ഇത് സമയബന്ധിതമായി എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും കൃത്യമായ ട്രാൻസ് സംസ്ഥാന തലത്തിൽ ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾക്ക് ഇതുമായുള്ള പരിശീലനം 02/04/2024 തീയതിയിൽ നടന്നു. സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച ക്യാമ്പയിൻ സെക്രട്ടറിയേറ്റ് അംഗങ്ങൾ ജില്ലയിൽ പരിശീലകരെ തിരഞ്ഞെടുക്കുകയും അവർക്ക് ട്രാൻസ്പോർട്ടേഷൻ പ്ലാൻ തദ്ദേശ സ്ഥാപനങ്ങളിൽ തയ്യാറാക്കുന്നതിനുള്ള പരിശീലനം നൽകുകയും, ശേഷം ജില്ലാതല പരിശീലകരുടെ ടീം ഓരോ തദ്ദേശ സ്ഥാപനത്തെയും YP, RP, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ, HKS കൺസോർഷ്യം പ്രതിനിധികൾ എന്നിവർക്ക് ഇതുമായി ബന്ധപെട്ട പരിശീലനം നൽകി പരിശീലത്തെ തുടർന്ന് തദ്ദേശ സ്ഥാപനത്തല ടീം യോഗം ചേർന്ന് പ്ലാനുകൾ തയ്യാറാക്കി വരുന്നു

| | |
|---|---|
| തീയതി | ജൂലൈ |
| സ്ഥലം | തദ്ദേശ സ്വയംഭരണ സ്ഥാപനതലം |
| പങ്കാളിത്തം | മാലിന്യസംസ്കരണ ചുമതലയുള്ള ജില്ലാതല നോഡൽ ഓഫീസർ, ഓരോ തദ്ദേശ സ്ഥാപനത്തെയും ശുചിത്വ മിഷൻ YP/RP, തദ്ദേശ സ്ഥാപനത്തിലെ HKS ചുമതലയുള്ള കുടുംബശ്രീ ഉദ്യോഗസ്ഥൻ, MCF പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥൻ, VEO |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയറ്റ് |
| പ്രവർത്തനങ്ങൾ | 1. മാലിന്യ മുക്തം ക്യാമ്പയിൻ നേട്ടങ്ങൾ പരിശോധിച്ചാൽ വ്യക്തമാകുന്നത് 87% വീട്ടുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നുണ്ട് എന്നാലും സ്ഥാപനങ്ങളിലെയും B W G കളിലെയും ശേഖരണ കവറേജ് 50%നും താഴെയാണ് , ഇത് പരിഹരിക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ തദ്ദേശ സ്ഥാപന തലത്തിൽ നടക്കണം<br>2. വ്യാപാര സ്ഥാപനങ്ങൾ , BWG എന്നിവയിൽ നിന്നുള്ള മാലിന്യ ശേഖരണം എന്ന ലക്ഷ്യം സമയബന്ധിതമായി പൂർത്തിയാക്കാൻ ഉതകുന്ന സമയക്രമം നിശ്ചയിക്കണം.<br>3. ഹരിതകർമ്മ സേന മാലിന്യ ശേഖരണത്തിനായി എത്തുന്ന തിയതിയും സമയവും മുൻകൂട്ടി അറിയിക്കുന്നതിനുള്ള സംവിധാനം<br>4. എല്ലാ അജൈവ മാലിന്യങ്ങളും ഹരിതകർമ്മ സേന ശേഖരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം<br>5. കൃത്യമായ ഇടവേളകളിൽ മാലിന്യം ശേഖരിക്കുന്നതിനായുള്ള പദ്ധതി ട്രാൻസ്പോർട്ടേഷൻ പ്ലാനിൽ ഉൾപ്പെടുത്തണം<br>6. ശേഖരിച്ച മാലിന്യം മിനി എം സി എഫുകളിൽ അല്ലാതെ പൊതു ഇടങ്ങളിൽ കെട്ടിവെച്ചാൽ കർശന നടപടി<br>7. തദ്ദേശ സ്ഥാപന തലത്തിൽ തീരുമാനമെടുത്ത പ്രകാരമുള്ള ട്രാൻസ്പോർട്ടേഷൻ പ്ലാനും , ലിഫ്റ്റിങ് പ്ലാനും നടക്കുന്നുണ്ടോ എന്ന്<br>ബ്ലോക്ക് തലത്തിൽ - GEO , ബ്ലോക്ക് ചുമതയുള്ള R P എന്നിവർ മേൽനോട്ടം വഹിക്കണം<br>8. ADയുടെ നേതൃത്വത്തിൽ എല്ലാ മാസവും പുരോഗതി വിലയിരുത്തൽ നടക്കണം. |

**4. ഹരിത കർമ്മ സേന ബിസിനസ്സ് മോഡല് തയ്യാറാക്കൽ**

മാലിന്യ സംസ്കരണ മേഖലയെ കൂടുതൽ ആധുനികവൽക്കരിക്കുക, ഹരിത കർമ്മ സേനയുടെ വരുമാനം ഉയർത്തുക, മാലിന്യ സംസ്കരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തനതു വരുമാനം ഉയർത്തുന്നതിനുള്ള ഏറ്റവും മികച്ച മാർഗ്ഗമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ഹരിത കർമ്മ സേനക്ക് മികച്ച ഒരു ബിസിനസ് പ്ലാൻ തയ്യാറാക്കുക.

| | |
|---|---|
| തീയതി | ആഗസ്റ്റ് മുതൽ |
| സ്ഥലം | • ആദ്യഘട്ടത്തിൽ തിരഞ്ഞെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രാഥമിക പഠനം<br>• അടുത്ത ഘട്ടത്തിൽ സംസ്ഥാന തലത്തിലുള്ള വയബിലിറ്റി സ്റ്റഡി |
| പങ്കാളിത്തം | ഹരിത കർമ്മ സേനകൾ, വിദഗ്ധർ, തദ്ദേശ സ്വയംഭരണ സ്ഥാപനപ്രതിനിധികൾ, കുടുംബശ്രീ |
| സംഘടനകൾ | കില, കുടുംബശ്രീ |
| സംഘാടനം | സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | 1. പ്രാഥമികഘട്ടത്തിൽ ഒരു തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുമുള്ള മാലിന്യ സംസ്കരണത്തിലൂടെ ലഭിക്കാവുന്ന പരമാവധി വരുമാനം (ജനസംഖ്യ പ്രകാരം) കണ്ടെത്തുക കൂടതെ നിലവിൽ മാലിന്യ സംസ്കരണ മേഖലയിലേയും ഹരിത കർമസേനയുടേയും പ്രശ്നങ്ങൾ കണ്ടെത്തുക.<br>2. വരുമാനം പരമാവധി വർദ്ധിപ്പിക്കാവുന്ന രീതിയിൽ ഉള്ള, പരമാവധി പ്രശ്നങ്ങൾ പരിഹരിക്കാവുന്ന രീതിയിൽ ഉള്ള ബിസിനസ്സ് മോഡൽ കണ്ടെത്തുക<br>3. ഇതിനാവശ്യമായ സംഘടനാ ഘടന കണ്ടെത്തുക, അതിനെ ആവശ്യമായ രീതിയിൽ മാറ്റങ്ങൾ കൊണ്ടുവരിക<br>4. അതിനു ശേഷം സമഗ്രമായ ഒരു ബിസിനസ്സ് പ്ലാൻ ആയി ഇത് സർക്കാരിൽ സമർപ്പിക്കുക |

5. **എല്ലാ BWG കളിലും മാലിന്യ സംസ്കരണ സംവിധാനങ്ങള് ഉറപ്പാക്കുക**

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | • LSG തലം , വാർഡ് തലം<br>• കുറ്റമറ്റ ഡാറ്റാ ബേസ് വാർഡ് തലത്തിൽ തയ്യാറാക്കുക<br>• ഈ രംഗത്തെ സംഘടനകളെ തിരഞ്ഞെടുക്കുക ,തയ്യാറാക്കുക<br>• തദ്ദേശ സ്വയം ഭരണ വകുപ്പിൻറെ മോനിട്ടറിങ്ങ് ഉറപ്പാക്കുക (,ഹരിത മിത്രം അപ്പ്ളിക്കേഷൻ വഴി) |
| പങ്കാളിത്തം | |

| | |
|---|---|
| | വ്യാപാരി വ്യവസായി സംഘടനകൾ, ഹോട്ടൽ & റെസ്റ്റോറന്റ് അസോസിയേഷൻ, മറ്റു സംഘടനകൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റ് |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയറ്റ് |
| പ്രവർത്തനങ്ങൾ | 1. ബൾക്ക് വേസ്റ്റ് ജെനറേറ്ററുടെ തദ്ദേശ സ്വയം ഭരണസ്ഥാപന തല ഡാറ്റബേസ് പരിശോധിച്ച് ക്രിത്യമാക്കുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തണം.<br>2. സ്വന്തം നിലയിൽ ജൈവ മാലിന്യം സംസ്കരിക്കുന്ന B W G യുടെ ലിസ്റ്റ് തയ്യാറാക്കണം<br>3. ജൈവ മാലിന്യം മറ്റ് ഏജൻസികൾക്ക് നൽകുന്ന B W G മാരുടെ ലിസ്റ്റ് തയ്യാറാക്കുകയും അവർ മാലിന്യം നൽകുന്ന ഏജൻസികളുടെ ലിസ്റ്റും ആധികാരികതയും പരിശോധിക്കുന്നതിനുള്ള സംവിധാനം<br>4. BWG കളിൽ നിന്നും മാലിന്യം ശേഖരിക്കുന്ന വാഹനങ്ങളിൽ GPS Tracking ഉറപ്പാക്കണം.<br>5. BWGൽ നിന്നും അജൈവ മാലിന്യം പൂർണ്ണമായും ഹരിതകർമ്മ സേനക്ക് നൽകുന്നു എന്ന് ഉറപ്പാക്കണം.<br>6. BWGമാർ സാനിട്ടറി മാലിന്യം സംസ്കരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട് എന്ന് ഉറപ്പുവരുത്തണം<br>7. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും B W G യുടെ പൂർണ്ണവിവരങ്ങൾ ലഭ്യമായിരിക്കണം |

## 6. BWG/ ഇതര സ്ഥാപനങ്ങൾ - കൺവെൻഷൻ

മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ആദ്യഘട്ടത്തിൽ തന്നെ BWGകൾക്ക് വേണ്ടിയുള്ള പ്രത്യേക ഇടപെടലുകൾ നടക്കുകയും നിർദ്ദേശങ്ങൾ സർക്കാർ തലത്തിൽ നൽകുകയും ചെയ്തു ആയതിന്റെ പുരോഗതി അവലോകനവും തുടർ പ്രവർത്തനവും

| | |
|---|---|
| തീയതി | ജൂലൈ |
| സ്ഥലം | തദ്ദേശ സ്വയംഭരണ സ്ഥാപന തലം |
| പങ്കാളിത്തം | വിവിധ വ്യാപാരി-വ്യവസായി-സർവീസ്-തൊഴിലാളി സംഘടനകൾ, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ മുഴുവൻ BWG കൾ |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, തദ്ദേശ സ്വയംഭരണ സ്ഥാപനം |
| സംഘാടനം | തദ്ദേശ സ്വയംഭരണ സ്ഥാപന തല സംഘാടക സമിതി |
| പ്രവർത്തനങ്ങൾ | • തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ മുഴുവൻ B W G കളുടെയും ലിസ്റ്റ് തയ്യാറാക്കുക.<br>• കൺവെൻഷനു മുൻപ് തദ്ദേശ സ്വയംഭരണ പരിധിയിലെ എല്ലാ B W G കളിലും തദ്ദേശ സ്വയംഭരണ സ്ഥാപന തല ടീം പരിശോധന നടത്തി സംവിധാനങ്ങൾ ഉണ്ടോ, കൃത്യമായ നിയമ വ്യവസ്ഥപാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തുക.<br>• എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ മുഴുവൻ B W G കളെയും അവയുമായി ബന്ധപെട്ട വിവിധ സംഘടനാ പ്രതിനിധികളെയും വിളിച്ച് ചേർത്ത് |

| | |
|---|---|
| | **തദ്ദേശ സ്വയംഭരണ സ്ഥാപന തല കൺവെൻഷന് വിളിച്ച് ചേർക്കുക.**<br>• കൺവെൻഷനിൽ വച്ച് B W G കളുടെ നിലവിലെ അവസ്ഥ ഓരോ സംവിധാനങ്ങളുടെയും വിടവുകൾ എന്നിവ അവതരിപ്പിക്കുക.<br>• കൺവെൻഷനിൽ വെച്ച് വിടവുകൾ നികത്തുന്നതിന് സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് അതതു സ്ഥാപന ഉടമക്ക് വിശദീകരിച്ചു നൽകുക. ആവശ്യമെങ്കിൽ സാങ്കേതിക സഹായം നൽകാവുന്നതാണ്<br>• ശേഷം 20 ദിവസം സ്ഥാപന ഉടമക്ക് വിടവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ സമയം നൽകുക.<br>• BWG കളിലെ പരിശോധനക്കായി തദ്ദേശ സ്ഥാപന തലത്തിൽ ഓഡിറ്റ് സമിതി ഉണ്ടാക്കുക<br>• തദ്ദേശ സ്ഥാപന പരിധിയിലെ സ്ഥാപനങ്ങളുടെ എണ്ണത്തിന് ആനുപാധികമായാണ് സമിതി ഉണ്ടാക്കേണ്ടത്<br>• ഓഡിറ്റ് സമിതിയിൽ- LSG തല ഉദ്യോഗസ്ഥൻ , സംഘടനാ പ്രതിനിധി , LSG തിരഞ്ഞെടുക്കുന്ന സന്നദ്ധ പ്രവർത്തകൻ , RP<br>• ഓഡിറ്റ് സമയത്ത് വിടവുകൾ പരിഹരിച്ചില്ലെങ്കിൽ നിയമനടപടികളിലേക്ക് നീങ്ങുമെന്ന് സൂചിപ്പിക്കുന്ന നോട്ടീസ് നൽകുക<br>• നോട്ടീസ് കാലാവധിയിലും വിടവുകൾ പരിഹരിക്കുന്നതിനുള്ള നീക്കങ്ങൾ ഒന്നും സ്ഥാപന ഉടമ സ്വീകരിച്ചില്ലെങ്കിൽ നിയമനടപടികളിലേക്ക് നീങ്ങുക – **ഒക്ടോബർ 30 നുള്ളില്** |

**7 . കേരളത്തിലെ എല്ലാ പ്ലാസ്റ്റിക്ക് റിസൈക്ലേഴ്സിനെയും E P R രജിസ്ട്രേഷൻ ചെയ്യിക്കുന്നത്തിനായി രജിസ്ട്രേഷൻ പ്രക്രിയ സംബന്ധിച്ച് ട്രെയിനിംഗ്.**

| | |
|---|---|
| തീയതി | ജൂലൈ മാസം |
| സ്ഥലം | ജില്ലാ തലം |
| പങ്കാളിത്തം | പ്ലാസ്റ്റിക്ക് റിസൈക്ലേഴ്സ് |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയറ്റ് |
| പ്രവർത്തനങ്ങൾ | 8. ഓരോ ജില്ലയിലെയും പ്ലാസ്റ്റിക്ക് റിസൈക്ലേഴ്സിൻ്റെ വിവരങ്ങൾ ജില്ലാ മലിനീകരണ നിയന്ത്രണ ബോർഡ് മുഖാന്തരം ശേഖരിക്കണം.<br>9. തുടർന്ന് ഇവരെ ഫോൺ മുഖാന്തരം ബന്ധപെട്ടു പരിശീലനത്തിന് ക്ഷണിക്കുക, പരമാവധി പങ്കാളിത്തം ഉറപ്പാക്കുക<br>10. കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡും സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റും ചേർന്ന് ശില്പശാല സംഘടിപ്പിക്കുക.<br>11. രജിസ്ട്രേഷൻ ചെയ്യുന്നതിൻ്റെ പ്രാധാന്യവും പ്രസക്തിയും ബ്രാൻഡ് ഓണേഴ്സിനിടയിൽ പരമാവധി പ്രചരിപ്പിക്കുക |

| | |
|---|---|
| | 12. EPR രജിസ്ട്രേഷൻ നടപടികളെ സംബന്ധിച്ച ബോധവൽക്കരണം<br>13. മാലിന്യ റീസൈക്ലിംഗ് മേഖലയെ ഒരു പ്രധാന വാണിജ്യ വ്യവസായ മേഖലയായി ഉയർത്തുക.<br>14. കേരളത്തിലെ ബ്രാൻഡ് ഓണേഴ്സിന്റെ വിവരം വ്യവസായ വകുപ്പ്, മലിനീകരണ നിയന്ത്രണ ബോർഡ് , ജി എസ് ടി ഭവൻ എന്നിവിടങ്ങളിൽ നിന്ന് ശേഖരിക്കണം |

**8. ട്രെയിനിംഗ് നൽകിയ കുടുംബശ്രീ അംഗങ്ങളുടെ സഹായത്തോടെ EPR രജിസ്ട്രേഷൻ**

കേരളത്തിലെ എല്ലാ പ്ലാസ്റ്റിക്ക് റിസൈക്ലേഴ്സിനെയും EPRനു പരിധിയിൽ കൊണ്ടുവരിക, പ്ലാസ്റ്റിക്ക് റിസൈക്ലേഴ്സിനെയും E P R രജിസ്ട്രേഷൻ ചെയ്യുമ്പോഴുള്ള തടസ്സങ്ങൾ പരിഹരിക്കാൻ സഹായിക്കുക എന്നാ ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങൾ.

| | |
|---|---|
| തീയതി | ജൂലൈ |
| സ്ഥലം | ജില്ലാ തലം |
| പങ്കാളിത്തം | പ്ലാസ്റ്റിക് റിസൈക്ലേഴ്സ് , ബ്രാൻഡ് ഓണേഴ്സ് |
| സംഘടനകൾ | ശുചിത്വ മിഷൻ, ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, കുടുംബശ്രീ |
| സംഘാടനം | കുടുംബശ്രീ |
| പ്രവർത്തനങ്ങൾ | 1. ഓരോ ജില്ലയിലെയും ട്രെയിനിങ് ലഭിച്ച കുടുംബശ്രീ അംഗങ്ങളുടെ വിവരം ജില്ലാ PCB വഴി ശേഖരിക്കണം.<br>2. E P R രജിസ്ട്രേഷൻ സേവനം ആവശ്യമായ റീസൈക്കിളേഴ്സിന്റെ വിവരം ശേഖരിക്കുകയും ബന്ധപ്പെട്ട ജില്ലകളിലെ ട്രെയിനിങ് ലഭിച്ച കുടുംബശ്രീ അംഗങ്ങളുമായി ബന്ധിപ്പിക്കണം. |

**9. സംസ്ഥാന ഇലക്ട്രോണിക്ക് റിപെയർ അസ്സോസിയേശനുമായി യോഗം**

| | |
|---|---|
| തീയതി | ജൂലൈ |
| സ്ഥലം | സംസ്ഥാനതലം |
| പങ്കാളിത്തം | സംസ്ഥാന ഇലക്ട്രോണിക്സ് റിപെയർ അസ്സോസിയേഷൻ |
| സംഘടനകൾ | സംസ്ഥാന ഇലക്ട്രോണിക്സ് റിപെയർ അസ്സോസിയേഷൻ , ശുചിത്വ മിഷൻ , കേരള സംസ്ഥാന PCB , ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| സംഘാടനം | സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയറ്റ് |
| പ്രവർത്തനങ്ങൾ | 1. സംസ്ഥാന ഇലക്ട്രോണിക്സ് റിപെയർ അസ്സോസിയേഷൻ പങ്കെടുപ്പിച്ചുകൊണ്ട് ശുചിത്വ മിഷൻ , കേരള സംസ്ഥാന PCB , ക്യാമ്പയിൻ സെക്രട്ടറിയേറ്റുമായി യോഗം ചേരണം.<br>2. ഇ-മാലിന്യ പുനരുപയോഗ സാധ്യത പ്രോത്സാഹിപ്പിക്കുന്നതിന് കേരളത്തിലെ റിപ്പയർ ഷോപ്പുകളുടെ സഹകരണം ആവശ്യമാണ്. ഇതിനായി ഒരു സിസ്റ്റം |

| | |
|---|---|
| | വികസിപ്പിക്കുന്നതിനും ഇതിലേക്കായി ഒരു ഭാവി പരിപാടി രൂപീകരിക്കുന്നതിനും യോഗം ചേരണം. |

**മറ്റ് ക്യാമ്പയിൻ പ്രവർത്തനങ്ങൾ**

1. **മാലിന്യ സംസ്കരണ നിയമനടപടികള് - തദ്ദേശ സ്വയംഭരണ സ്ഥാപന തല ക്യാമ്പയിന്**

മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമങ്ങളെ സംബന്ധിച്ചുള്ള വിദ്യാഭ്യാസം മാലിന്യ സംസ്കരണത്തിൽ ഏറെ പ്രധാനപെട്ടതാണ്. മാലിന്യ സംസ്കരണവുമായി ബന്ധപെട്ട അടിസ്ഥാന നിയമങ്ങൾ, നിയമ നടപടികൾ, ഉത്തരവാദിത്വങ്ങൾ, പുതിയ നിയമ ഭേദഗതികൾ എന്നിവയെ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനതലങ്ങളിൽ തന്നെ ശക്തമായ ക്യാമ്പയിൻ സംഘടിപ്പിക്കേണ്ടതുണ്ട്. അതിനായി ആസൂത്രണം ചെയ്ത പ്രവർത്തനങ്ങൾ ചുവടെ നൽകുന്നു.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും |
| പങ്കാളിത്തം | വിവിധ വ്യാപാരി-വ്യവസായി-തൊഴിലാളി–സർവീസ് സംഘടനകൾ, യുവജന സംഘടനകൾ, ജനപ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപന തല ഉദ്യോഗസ്ഥർ, വിദ്യാർഥികൾ, പൊതുജനം. |
| സംഘടനകൾ | ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ്, കില ലീഗൽ റിസോഴ്സ് സെൻറർ |
| സംഘാടനം | തദ്ദേശ സ്ഥാപന തലം - സംഘാടക സമിതി |
| പ്രവർത്തനങ്ങൾ | • തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നിയമ കൺവെൻഷൻ വിളിച്ചു ചേർക്കുക. കൺവെൻഷനിൽ വച്ച് മാലിന്യ സംസ്കരണവുമായി ബന്ധപെട്ട അടിസ്ഥാന നിയമങ്ങൾ, നിയമ നടപടികൾ, ഉത്തരവാദിത്വങ്ങൾ, പുതിയ നിയമ ഭേദഗതികൾ എന്നിവയെ സംബന്ധിച്ച് വിവിധ വിഭാഗങ്ങൾക്ക് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുക.<br>• മാലിന്യ സംസ്കരണവുമായി ബന്ധപെട്ട നിയമനടപടികളെ സംബന്ധിച്ച ഹാൻഡ്ബുക്ക് തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നൽകുക.<br>• കൺവെൻഷനു ശേഷം നിയമവിദ്യർത്ഥികളെ ഉപയോഗിച്ചു സ്ഥാപനങ്ങൾതോറും കയറിയുള്ള ബോധവൽക്കരണം –<br>• തദ്ദേശ സ്വയംഭരണ സ്ഥാപന തല നിയമ കൺവെൻഷനു ശേഷം ഉടൻ നടക്കാൻ പോകുന്ന ഗ്രാമ സഭ/വാർഡ് സഭകളിൽ മാലിന്യ സംസ്കരണം സംബന്ധിച്ച പൊതു ജനങ്ങളുടെ നിയമപരമായ ഉത്തരവാദിത്വങ്ങൾ, നിയമ ലംഘനങ്ങൾക്കെതിരെയുള്ള നിയമനടപടികൾ എന്നിവ സംബന്ധിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഭാഗത്ത് നിന്നുള്ള ഔദ്യോഗിക അവതരണം. |

2. **നിയമ നടപടികൾ**

മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി നിയമ നടപടികൾ കൂടുതൽ ജനകീയമാകുന്ന തരത്തിലെ പ്രവർത്തനങ്ങൾ ആണ് ആസൂത്രണം ചെയ്യുന്നത്. അടുത്ത ഘട്ടത്തിൽ പ്രധാനമായും 3 തലത്തിലാണ് നിയമ നടപടികളുടെ പ്രവർത്തനം ലക്ഷ്യമിടുന്നത്. നിലവിലുള്ള ചട്ടങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ , ഉദ്യോഗസ്ഥ തല പരിശീലനങ്ങളും, പ്രചാരണവും , എൻഫോഴ്സ്മെന്റ് നടപടികൾ

| | |
|---|---|
| തീയതി | 2024 ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാനതലം |

| | |
|---|---|
| സംഘടനകൾ | തദ്ദേശ സ്വയംഭരണ വകുപ്പ്, കില , ശുചിത്വ മിഷൻ |
| പ്രവർത്തനങ്ങൾ | നിലവിലുള്ള ചട്ടങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ<br>1. കേരള പഞ്ചായത്തീ രാജ്/ നഗരപാലിക നിയമ ഭേദഗതികളുടെ പശ്ചാത്തലത്തിൽ മാലിന്യ പരിപാലനവുമായി ബന്ധപെട്ട ചില ചട്ടങ്ങളിൽ ഭേദഗതി അനിവാര്യമാണ്<br>2. പ്രധാനമായും ലൈസൻസ് ചട്ടങ്ങൾ, കോമ്പൌണ്ടിംഗ് ചട്ടങ്ങൾ, കെട്ടിട നിർമ്മാണ ചട്ടങ്ങൾ തുടങ്ങിയ<br>3. ആയതിനായുള്ള ശില്പശാല , യോഗങ്ങൾ എന്നിവ സംസ്ഥാന തലത്തിൽ |
| | ഉദ്യോഗസ്ഥ തല പരിശീലനങ്ങൾ<br>1. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതല സെക്രട്ടറിമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർക്ക് നിയമഭേദഗതിയുടെ അടിസ്ഥാനത്തിൽ പ്രോസിക്യൂഷൻ നടപടികൾ സംബന്ധിച്ച പരിശീലനം<br>2. മാലിന്യ സംസ്കരണത്തിലെ നിയമനടപടികൾ സംബന്ധിച്ച കൈപുസ്തകം തയാറാക്കൽ |
| | എൻഫോഴ്സ്മെന്റ് നടപടികൾ<br>1. പോലീസുമായി ചേർന്ന് സംസ്ഥാന അതിർത്തികളിൽ നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ വരവ് തടയാനുള്ള ഇടപെടൽ<br>2. യുവതയുടെ സഹായത്തോടെ വ്യാപാര സ്ഥാപനങ്ങളിൽ നിരോധിത ഉത്പന്നങ്ങൾ പൂർണ്ണമായി ഒഴിവാക്കുന്നതിനായുള്ള പ്രത്യേക പരിപാടി.<br>3. ജൈവ മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന ഏജൻസികളെ നിർണ്ണയിച്ച് വേണ്ട അംഗീകാരം നൽകുക. ജൈവ മാലിന്യ സംസ്കരണ മേഖലയിൽ നിരവധി സ്വകാര്യ ഏജൻസികൾ പ്രവർത്തിക്കുന്നുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അറിവോടെയും അംഗീകാരം ലഭിച്ചതുമായ ഏജൻസികൾക്ക് മാത്രം ആണ് ഈ രീതിയിൽ പ്രവർത്തിക്കുവാൻ സാധിക്കുകയുള്ളൂ. നിലവിൽ പല ബൾക്ക് മാലിന്യ ഉത്പാദകരും അംഗീകാരം ഇല്ലാത്ത ഏജൻസികൾ മുഖേനയാണ് ജൈവ/അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുന്നത്. ഇത്തരം അസംഘടിത മേഖലയിലൂടെയുള്ള മാലിന്യ നീക്കം ചെയ്യുന്ന ഏജൻസികൾ ഏതു രീതിയിലാണ് മാലിന്യം കൈകാര്യം ചെയ്യുന്നത് എന്നതിൽ കൃത്യത ഇല്ല. ഇത് പരിഹരിക്കുന്നതിനായി ഈ രീതിയിൽ മാലിന്യം കൈകാര്യം ചെയ്യുന്ന ഏജൻസികളെ കണ്ടെത്തി അവർക്ക് അനിയോജ്യമായ ലൈസൻസ് അല്ലെങ്കിൽ മറ്റെന്തെങ്കിലും അംഗീകാരം നൽകേണ്ടതാണ്. ശേഷം ഇവയുടെ പ്രവർത്തനം നിരീക്ഷിക്കുകയും മാലിന്യം അനധികൃതമായി വലിച്ചെറിയുന്ന ഏജൻസികൾ/ വാഹനങ്ങൾ തുടങ്ങിയവ പിടിച്ചെടുക്കുന്നതിന് എൻഫോഴ്സ്മെന്റ് സംവിധാനം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുമാണ്.<br>4. മാലിന്യം വലിച്ചെറിയുന്ന പ്രദേശങ്ങളിലും ജലാശയങ്ങളുടെ ചുറ്റുവട്ടത്തും സ്നേഹാരാമങ്ങളോ പച്ചത്തുരുത്തുകളോ ക്രമീകരിച്ച് അവയുടെ സംരക്ഷണത്തിനായി പ്രാദേശിക ജാഗ്രത കൂട്ടായ്മകൾ തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ രൂപീകരിക്കുന്നതിന്റെ സാദ്ധ്യത പരിശോധിക്കേണ്ടതാണ്. |

## 3. കുട്ടികളുടെ സംസ്ഥാന തല കോൺക്ലേവ്

മാലിന്യ സംസ്കരണ രംഗത്ത് മാതൃക പ്രവർത്തനങ്ങൾ കാഴ്ച വച്ച കുട്ടികളെ കണ്ടെത്തി ആദരിക്കുക എന്ന ലക്ഷ്യത്തോടെയുള്ള പ്രവർത്തനം.

| | |
|---|---|
| തീയതി | ജൂലൈ മാസം |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | കുട്ടികൾ |
| സംഘടനകൾ | തദ്ദേശ സ്വയംഭരണ വകുപ്പ്, ക്യാമ്പയിൻ സെക്രട്ടേറിയേറ്റ് ശുചിത്വ മിഷൻ,ഹരിതകേരളം മിഷൻ, കുടുംബശ്രീ |
| സംഘാടനം | സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | 1. മാലിന്യ സംസ്കരണ രംഗത്ത് മാതൃകാ പ്രവർത്തനം കാഴ്ച വെച്ച് ജില്ലാ ക്യാമ്പയിൻ സെക്രട്ടറിയേറ്റ് നിർദ്ദേശിച്ച വിദ്യാർത്ഥികളെ ആദരിക്കൽ<br>2. വിദ്യാർത്ഥികൾ നടത്തിയ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നതിനുള്ള അവസരം<br>3. അവതരണത്തിലൂടെ പുതിയ പ്രവർത്തനങ്ങൾ ആവിഷ്കരിക്കൽ<br>4. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട മത്സരങ്ങൾ പരിപാടിയിൽ നടത്താം (ക്വിസ് , പ്രസംഗ മത്സരം , ആശയ സംവാദം/ പ്രോജക്റ്റുകൾ മുതലായ)<br>5. പങ്കെടുക്കുന്ന എല്ലാ വിദ്യാർത്ഥികൾക്കും സമ്മാനങ്ങൾ<br>6. കുട്ടികളുടെ സംസ്ഥാന തല കോൺക്ലേവിന്റെ ഭാഗമായി മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്ന കുട്ടികൾക്ക് CKCL വക പ്രത്യേക അംഗീകാരം. |

## 4. തദ്ദേശ ഭരണ സ്ഥാപന തലത്തിൽ വാർഷിക ഐ ഇ സി പ്ലാൻ

മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി നിരവധി നേട്ടങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ കൈവരിക്കുകയും ഓരോ തദ്ദേശ സ്ഥാപനത്തിലും പ്രേത്യേകമായി നടന്ന പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരണം ലഭിക്കുകയും ചെയ്തു. ഈ ഒരു ആശയം മുൻ നിർത്തിയാണ് ഓരോ തദ്ദേശ സ്ഥാപനങ്ങളിലും , ആ പ്രദേശത്തിന്റെ പ്രേത്യേകതകളും നിലവിൽ നേരിടുന്ന വെല്ലുവിളികളും അടിസ്ഥാനമാക്കി ഒരു വർഷത്തെ ഐ ഇ സി പ്ലാനുകൾ തയ്യാറാക്കൽ. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നങ്ങളെ പറ്റി ശരിയായി വിശകലം നടത്തിയ ശേഷമാണ് ഐ ഇ സി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യേണ്ടത്.

| | |
|---|---|
| തീയതി | 2024-25 സാമ്പത്തിക വർഷം |
| സ്ഥലം | സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും |
| സംഘടനകൾ | തദ്ദേശ സ്വയംഭരണ സ്ഥാപനം, കില , ശുചിത്വ മിഷൻ , ഹരിതകേരളം മിഷൻ , സി കെ സി എൽ etc. |
| പ്രവർത്തനങ്ങൾ | 1. ജില്ലാ തലത്തിൽ സെക്രട്ടറിമാരുടെ ശില്പശാല<br>2. ശില്പശാലയിൽ നിലവിൽ ജില്ല പൊതുവിൽ നേരിടുന്ന പ്രശ്നങ്ങളും ആയതിൽ ജില്ലാ തലത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങളും ചർച്ച ചെയ്യേണ്ടതാണ് |

| | |
|---|---|
| | 3. ഐ ഇ സിയുടെ പ്രാധാന്യം , ഓരോ മേഖലയിലെ ജനങ്ങൾക്കും ഏതൊക്കെ വിധത്തിലെ ഐ ഇ സി പ്രവർത്തനങ്ങൾ നടത്തുവാൻ സാധിക്കും എന്ന വിഷയങ്ങളിൽ ശുചിത്വ മിഷൻ , KSWMP എന്നിവരുടെ സഹായത്താൽ ജില്ലാ തല ശില്പശാല നടത്തണം.<br><br>4. ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനവും നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നനങ്ങളെ കുറിച്ച് ശരിയായ തലത്തിൽ വിശകലനം നടത്തുക<br><br>5. ആയതിനു ശേഷം നിലവിൽ ഗ്യാപ്പുള്ള മേഖല മനസിലാക്കുക- മാലിന്യം തരം തിരിക്കൽ , മാലിന്യം വാതില്പടി ശേഖരണം, യൂസർ ഫീ , ഹരിതകർമ്മസേനയോടുള്ള മനോഭാവം, മാലിന്യം വലിച്ചെറിയാൻ തുടങ്ങി വിവിധ മേഖലകൾ തിരഞ്ഞെടുക്കാവുന്നതാണ്<br><br>6. പ്രദേശത്തിന്റെ പ്രത്യേകത, രാഷ്ട്രീയ സാഹചര്യം , ജനങ്ങളുടെ മനോഭാവം എന്നിവ കൂടി കണക്കിലെടുത്ത് വേണം ഐ ഇ സി പ്ലാനുകൾ തയ്യാറാക്കേണ്ടത്<br><br>7. പൊതു ജനങ്ങൾക്ക് പരാതി നൽകാൻ - ഇതിനുവേണ്ടിയുള്ള പ്രത്യേക വാട്സ്ആപ്പ് നമ്പർ.<br><br>8. ഐ ഇ സിക്ക് ഒപ്പം എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും CKCLന്റെ നേതൃത്വത്തിൽ മാലിന്യ സംസ്കരണ സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിന്റെ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാം.<br><br>9. ഐ ഇ സി പ്ലാനുകൾ തയ്യാറാക്കുമ്പോൾ കൃത്യമായ കാലഗണന കൂടി ഉൾപ്പെടുത്തണം<br><br>10. സാമൂഹിക മാധ്യമ പ്രചാരണത്തിന് ഫലപ്രദവും ആകർഷകവുമായ സംവിധാനം. |

**5. മാലിന്യ മുക്തം നവകേരളം മീഡിയ മീറ്റ് - മൊബൈൽ നെറ്റ് വർക്ക് പ്രൊവൈഡേഴ്‌സിന്റെ സഹായം.**

മാലിന്യ മുക്തം നവകേരളം ജനകീയ ക്യാമ്പയ്നിന്റെ ആദ്യ ഘട്ടത്തിൽ നിരവധി പ്രവർത്തനങ്ങൾ നടന്നിട്ടുണ്ടെങ്കിലും കൂടുതൽ ദൃശ്യത കൊണ്ട് വരാൻ സാധിച്ചിട്ടില്ല. ക്യാമ്പയിൻ രണ്ടാം ഘട്ടത്തിലേക്ക് കടക്കുമ്പോൾ പ്രവർത്തനങ്ങൾക്ക് കൂടുതൽ ദൃശ്യത കൈവരിക്കുന്നതിനായി 14 ജില്ലകളിലും മീഡിയ മീറ്റ് സംഘടിപ്പിക്കാൻ സാധിക്കും.

| | |
|---|---|
| തീയതി | ആഗസ്റ്റ് മാസം |
| സ്ഥലം | ജില്ലാ തലം |
| പങ്കാളിത്തം | മാധ്യമങ്ങളിലെ പ്രാദേശിക ലേഖകൻ , കമ്മ്യൂണിറ്റി റേഡിയോ സംരംഭകർ , സോഷ്യൽ മീഡിയ വ്ളോഗേർസ്, ചാനലുകൾ |
| സംഘടനകൾ | ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, KSWMP, കില, CKCL |
| പ്രവർത്തനങ്ങൾ | 1. ഐ ഇ സി പ്രവർത്തനങ്ങൾക്ക് കൂടുതൽ ദൃശ്യത കൈവരിക്കുന്നതിനായി 14 ജില്ലകളിലും മീഡിയ മീറ്റ് സംഘടിപ്പിക്കേണ്ടതാണ്<br><br>2. ഇതിലൂടെ ഓരോ മേഖലയിൽ ഉള്ളവർക്കും മാലിന്യ സംസ്കരണ മേഖലയിൽ ഏറ്റെടുക്കാൻ സാധിക്കുന്ന വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കാം |

| | |
|---|---|
| | 3. മാലിന്യ സംസ്കരണ സംവിധാനങ്ങൾ പരിചയപ്പെടുത്തുന്ന എപ്പിസോഡുകൾ , സംവാധങ്ങൾ , പരസ്യങ്ങൾ അഭിമുഖങ്ങൾ, എഡിറ്റോറിയലുകൾ , ജില്ലയിലെ മികച്ച പ്രവർത്തനങ്ങൾ, മാറ്റം വന്നതിന്റെ കവർ സ്റ്റോറി എന്നിങ്ങനെ ഓരോ മേഖലയിലും ഏറ്റെടുക്കാൻ സാധിക്കുന്ന പ്രവർത്തനങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുക.<br>4. ഇതിലൂടെ എല്ലാ ഇടങ്ങളിലേക്കും മാലിന്യ സംസ്കരണ രീതിയും , പ്രാധാന്യവും,ആവശ്യകതയും എത്തിച്ചേരും<br>5. മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ തീം സോങായ ''മാറേണ്ടത് ഞാനല്ലേ'' എന്ന സോങ്ങിന് പ്രചാരണം നൽകുന്നതിനായി മൊബൈൽ നെറ്റ്‌വർക്ക് പ്രൊവൈഡേഴ്സിന്റെ സഹകരണത്തോട് സാധിക്കും<br>6. തീം സോങ്ങ് , മാലിന്യ മുക്ത പ്രതിജ്ഞയും കോളർ ട്യൂണായി നൽകുന്നത് ഉചിതമാണ്. കൂടാതെ മന്ത്രിയുടെ ശബ്ദ സന്ദേശം വാട്സാപ്പിലൂടെ പ്രചരിപ്പിക്കാൻ സാധിച്ചാൽ ഒരു വലിയ കവറേജ് സാധ്യമാകും |

## 6. MASSIVE OPEN ONLINE COURSE (MOOC)

മാലിന്യ പരിപാലനത്തിന്റെ ആവശ്യകത മനസിലാക്കുന്ന പ്രത്യേക വിവര വിജ്ഞാന വ്യാപന പ്രവർത്തനമായാണ് കോഴ്സ് അവതരിപ്പിക്കുന്നത്. എല്ലാ വിഭാഗം ജനങ്ങൾക്കും മാലിന്യ പരിപാലനം സംബന്ധിച്ച പ്രാഥമിക അറിവുകൾ നൽകുക എന്നതാണ് ലക്ഷ്യം. കേരളത്തിലെ ഖര മാലിന്യ പരിപാലനം സംബന്ധിച്ച പ്രാഥമിക വിവരങ്ങൾ, മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട നിയമനടപടികൾ, ജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ, ഗ്രീൻ പ്രോട്ടോക്കോൾ തുടങ്ങിയവയാണ് കോഴ്സിൽ പ്രതിപാദിക്കുന്ന വിഷയങ്ങൾ.

| | |
|---|---|
| സമയം | ജൂലൈ മുതൽ |
| സ്ഥലം | സംസ്ഥാനതലത്തിൽ ഓൺലൈൻ മുഖേന പങ്കെടുക്കാം |
| പങ്കാളിത്തം | പൊതുജനം |
| സംഘടനകൾ | കില, ശുചിത്വ മിഷൻ |
| സംഘാടനം | സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | |

| | |
|---|---|
| | 1. കില ഇ-കോഴ്സസ് പോർട്ടൽ വഴി കോഴ്സ് ലഭ്യമാക്കും. (ecourses.kila.ac.in)<br>2. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റ്, ബാഡ്ജ് എന്നിവ ലഭ്യമാക്കും. |

**7. യുവജന കോൺക്ലേവ് - സെപ്റ്റംബർ**

യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയിൽ പങ്കെടുത്ത യുവതയിൽ നിന്നും തദ്ദേശ സ്ഥാപനം തിരഞ്ഞെടുക്കുന്ന 2 യുവതയെ ജില്ലാ തലത്തിൽ ഒത്തു ചേർക്കുന്നു. മാലിന്യ മുക്തം നവകേരളത്തിന്റെ അംബാസിഡർമാരായി യുവതയെ പ്രഖ്യാപിക്കുകയും ഇവരിലൂടെ ജില്ലയിലെ യുവതയുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനുമാണ് ഈ പ്രവർത്തനം ലക്ഷ്യമിടുന്നത്.

| | |
|---|---|
| തീയതി | സെപ്റ്റംബർ |
| സ്ഥലം | ജില്ലാ തലം |
| പങ്കാളിത്തം | യൂത്ത് മീറ്റ്സ് ഹരിതകർമ്മസേനയിൽ പങ്കെടുത്ത യുവതയിൽ നിന്നും തദ്ദേശ സ്ഥാപനം തിരഞ്ഞെടുക്കുന്ന 2 യുവത ജില്ലയിൽ പരമാവധി 100 പേർ |
| സംഘടനകൾ | യുവജന , പരിസ്ഥിതി , സന്നദ്ധ സംഘടനകൾ , വിദ്യാഭ്യാസ സ്ഥാപനങ്ങൾ , ക്ലബ്ബ്കൾ |
| സംഘാടനം | ജില്ലാതല ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | • ജില്ലയിൽ 2 ദിവസം നീണ്ട് നിൽക്കുന്ന യുവജന കോണ്ക്ലേവുകൾ<br>• ജില്ലയിലെ 100 യുവജനങ്ങൾ പങ്കെടുക്കുന്ന കോൺക്ലേവ്,<br>• ജില്ലാ ശുചിത്വ മിഷൻ നേതൃത്വത്തിൽ മറ്റ് സംഘടനകളുടെയും, മിഷനുകളുടെയും സഹായത്തോടെ<br>• മാലിന്യ സംസ്കരണത്തിലെ നിലവിലെ സംവിധാനങ്ങൾ പരിചയപ്പെടുത്തുന്ന വിഷയങ്ങൾ (സംവിധാനങ്ങളുടെ എക്സിബിഷൻ)<br>• ജില്ലയിലെ മികച്ച ജൈവ, അജൈവ കമ്മ്യൂണിറ്റി സംവിധാങ്ങളിൽ ഫീൽഡ് വിസിറ്റ്,<br>• ഹരിതകർമ്മസേനയുമായി സംവാദം.<br>• യുവതയുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കുന്നതിന് വേണ്ടിയുള്ള അവസരം<br>• പങ്കെടുത്ത എല്ലാ വിദ്യാർത്ഥികൾക്കും സർട്ടിഫിക്കറ്റ്<br>• കോൺക്ലേവിന് ശേഷം ഈ 1 0 0 യുവതയെ ജില്ലാ അംബാസിഡർമാരായി തിരഞ്ഞെടുക്കുക<br>• ജില്ലാ ശുചിത്വ മിഷന്റെ ഭാഗമായി ചേർന്ന് പ്രവർത്തിക്കുവാൻ താല്പര്യമുള്ള യുവതയെ ഇന്റേൺഷിപ്പ് എന്ന രീതിയിലും ഭാഗമാക്കാവുന്നതാണ് (3 മാസം , 6 മാസം, ഒരു വർഷം എന്ന തരത്തിൽ)<br>• തുടർന്നും ഈ 100 പേരെ ഭാഗമാക്കി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക<br>• മാലിന്യം കുറയ്ക്കുന്നതിനായി ജില്ലയിൽ യുവജനങ്ങൾക്ക് ഇടയിൽ എങ്ങനെ ഇടപെടാം എന്നത് ക്യാമ്പയിനായി ആസൂത്രണം ചെയ്യണം. |

| | |
|---|---|
| | • പ്രവർത്തനങ്ങൾ കാലഗണന അനുസരിച്ച് ക്യാമ്പയിൻ രൂപേണ ചർച്ച ചെയ്ത് തീരുമാനിക്കുക<br>• യുവജന കോൺക്ലേവിൽ CKCLന്റെ ഭാഗമായി യൂണിഫോമും ക്യാപ്പും നൽകുന്നതിന് തീരുമാനിച്ചു. |

8. **യുവജന , പരിസ്ഥിതി , സന്നദ്ധ സംഘടനകളുമായുള്ള ഏകോപനം**

മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിലെ യുവജന പങ്കാളിത്തം വിപുലപ്പെടുത്തുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | തദ്ദേശ സ്ഥാപന തലം / ജില്ലാ തലം/ സംസ്ഥാന തലം |
| പങ്കാളിത്തം | മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കാൻ താത്പര്യമുള്ള എല്ലാ യുവജന, സന്നദ്ധ, പരിസ്ഥിതി സംഘടനകൾ, ഭൂമിത്ര സേന. |
| സംഘടനകൾ | മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കാൻ താത്പര്യമുള്ള എല്ലാ യുവജന, സന്നദ്ധ, പരിസ്ഥിതി സംഘടനകൾ, ഭൂമിത്ര സേന, ശുചിത്വ മിഷൻ |
| സംഘാടനം | സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | • യുവജന , പരിസ്ഥിതി , സന്നദ്ധ സംഘടനകൾക്ക് ശുചിത്വ മിഷനുമായി MoU വെച്ച് ഒരു നിർദിഷ്ട പ്രൊജക്റ്റ് ഏറ്റെടുക്കുന്ന തരത്തിൽ.<br>• മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ശുചിത്വ മിഷനുമായി ബന്ധപ്പെട്ട് പ്രവർത്തിക്കാൻ താത്പര്യമുള്ള യുവജന, പരിസ്ഥിതി, സന്നദ്ധ സംഘടനകളെ ഓപ്പൺകോളിലൂടെ ക്ഷണിക്കാവുന്നതാണ്.<br>• സംഘടനകൾ കൃത്യമായി ഒരു പ്രൊജക്റ്റ് തയ്യാറാക്കിയാണ് അപ്പ്ളിക്കേഷൻ നൽകേണ്ടത് ആയതിന് കൃത്യമായ ഒരു അപ്ലിക്കേഷൻ ഫോർമാറ്റ് തയ്യാറാക്കണം . തിരഞ്ഞെടുക്കുന്ന പ്രൊജെക്ടുകൾ എങ്ങനെ ശുചിത്വ മിഷന്റെ പ്രവർത്തനങ്ങളുടെ ഭാഗമാക്കാം എന്നും, ഏത് രീതിയിൽ സഹായിക്കാൻ സാധിക്കും എന്നതും ചർച്ച ചെയ്യുകയും ആയത് ആപ്ലിക്കേഷനിൽ അറിയിക്കേണ്ടതുമാണ്.<br>• തദ്ദേശസ്വയംഭരണസ്ഥാപനത്തിൻറെ സജീവമായ പങ്കാളിത്തവും ഫണ്ടിൻറെ സംയോജനവും ഉറപ്പാക്കേണ്ടതാണ് .<br>• മാലിന്യ സംസ്കരണ സംവിധാനം സുസ്ഥിരമായി നിലവിൽ കൊണ്ട് വരുന്നതിന് ഒരു പ്രദേശം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം.<br>• പുറമെ മികച്ച പ്രവർത്തനം കാഴ്ച്ച വെക്കുന്ന യുവജന സംഘടനകൾക്ക് CKCLന്റെ ഭാഗത്ത് നിന്നും പ്രത്യേക പാരിതോഷികം ഉണ്ടാകും. |

9. **യുവജന സംഘടനകൾക്ക് മഹാത്മാ ട്രോഫി അവാർഡ്**

മാലിന്യ മുക്തം നവകേരളം ക്യാമ്പയ്നിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ തന്നെ നിരവധി യുവജന സംഘടനകൾ പ്രവർത്തനങ്ങളുടെ ഭാഗമായിരുന്നു. മാലിന്യ സംസ്കരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വെക്കുന്ന സംഘടനകളെ കണ്ടെത്തി ആദരിക്കുന്ന പ്രവർത്തനം.

| | |
|---|---|
| തീയതി | ഫെബ്രുവരി |
| സ്ഥലം | തദ്ദേശ സ്ഥാപന തലം / ജില്ലാ തലം/ സംസ്ഥാന തലം |
| പങ്കാളിത്തം | യുവജനകാര്യ വകുപ്പ്, യുവജന ക്ഷേമ ബോർഡ്, യുവജന കമ്മീഷൻ, എൻ എസ് എസ്, NYK, KYLA, ഭൂമിത്രസേന എന്നിങ്ങനെ സംസ്ഥാനത്തെ എല്ലാ സർക്കാർ അർദ്ധ സർക്കാർ, സന്നദ്ധ സംഘടനകൾ, യുവജന സംഘടനകൾ, പരിസ്ഥിതി സംഘടനകൾ, സാംസ്കാരിക സംഘടനകൾ, ശാസ്ത്ര സംഘടനകൾ രാഷ്ട്രീയ പാർട്ടികളുടെ യുവജന സംഘടനകൾ, ഇതര യുവജന സംഘടനകൾ, റെസിഡന്റ്സ് അസോസിയേഷനുകൾ മറ്റ് ക്ലബ്ബുകൾ തുടങ്ങിയ വിവിധ യുവജന സംഘടനാ വിഭാഗങ്ങളും |
| സംഘടനകൾ | എല്ലാ യുവജന സംഘടനകളും, സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റും. |
| സംഘാടനം | സംസ്ഥാന ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | • മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുവാൻ താത്പര്യമുള്ള/നേതൃത്വമെടുക്കാൻ താല്പര്യമുള്ളതുമായ എല്ലാ യുവജന സംഘടനകളെയും സ്വാഗതം ചെയ്യുന്ന പ്രവർത്തനം<br>• സംഘടനകൾ ഒരു പ്രദേശത്തെ മാലിന്യ രഹിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഏറ്റെടുക്കേണ്ടത്<br>• തിരഞ്ഞെടുക്കുന്ന പ്രദേശത്ത് നിരന്തര ഇടപെടൽ നടത്തി - ബോധവത്ക്കരണം , പൊതു സംവിധാനങ്ങളുടെ മോണിറ്ററിങ് ചുമതല , ജനങ്ങളുടെ മനോഭാവം മാറ്റുന്നതിന് വേണ്ടിയുള്ള പ്രവർത്തനങ്ങൾ , മാലിന്യം വലിച്ചെറിയുന്നത് കണ്ടെത്തി റിപ്പോർട്ട് ചെയ്യൽ എന്നിങ്ങനെ 4, 5 ഘടകങ്ങളിൽ പ്രവർത്തനങ്ങൾ ഏറ്റെടുക്കാവുന്നതാണ്<br>• പ്രവർത്തനങ്ങളിൽ മികച്ച ഇടപെടൽ നടത്തുന്ന സംഘടനകൾക്ക് അവാർഡ്<br>• ഏറ്റവും മികച്ച പ്രവർത്തനം കാഴ്ച വെക്കുന്ന സംഘടനകൾക്ക് പാരിതോഷികം<br>• സവിശേഷ പ്രവർത്തനം ആണെങ്കിൽ ആയതിന് ക്യാഷ് അവാർഡ് നൽകുന്നതിന് പ്രവർത്തനം നടന്ന തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകുന്നതാണ്.<br>• തദ്ദേശ സ്ഥാപന പ്രദേശത്ത് പ്രവർത്തനം ഏറ്റെടുത്ത സംഘടനകൾ , ജില്ലാ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത സംഘടനകൾ , സംസ്ഥാന അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ഏറ്റെടുത്ത സംഘടനകൾ എന്ന തരത്തിലാവും പ്രവർത്തനങ്ങളെ വിലയിരുത്തി അവാർഡ് നൽകുക. |

## 10. കുട്ടികളുമായി ബന്ധപ്പെട്ട സംഘടനകൾ വഴി ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ

മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളെയും കേന്ദ്രീകരിച്ച് ഈ വരുന്ന വർഷം തദ്ദേശ സ്വയംഭരണ സ്ഥാപന - ജില്ലാ -സംസ്ഥാന തലങ്ങളിൽ വിപുലമായ പരിപാടികൾ.

| | |
|---|---|
| [illegible] | [illegible] |

| | |
|---|---|
| തീയതി | ഒരുവർഷം നീളുന്ന പ്രവർത്തനം |
| സ്ഥലം | സംസ്ഥാന തലം/ജില്ലാ തലം/ തദ്ദേശ സ്ഥാപന തലം |
| പങ്കാളിത്തം | കുട്ടികൾ |
| സംഘടനകൾ | രാഷ്ട്രീയ , മത സംഘടനകളുടെ ഭാഗമായ യുവജന വിഭാഗം, ലൈബ്രറിയുടെ ഭാഗമായുള്ള യുവജന വിഭാഗം, മാതൃഭൂമി സീഡ് , ദേശാഭിമാനി അക്ഷരമുറ്റം , നല്ലപാഠം മുതലായ പ്രോജക്ടുകൾ കൂടാതെ കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സംഘടനകളും. |
| സംഘാടനം | ക്യാമ്പയിൻ സെക്രട്ടറിയേറ്റ്,ഹരിതകേരള മിഷൻ, ശുചിത്വ മിഷൻ, കുടുംബശ്രീ മിഷൻ |
| പ്രവർത്തനങ്ങൾ | • കുട്ടികളെ ഭാഗമാക്കിയുള്ള ക്യാമ്പുകൾ/ക്ലാസുകൾ<br>• അതിലൂടെ മാലിന്യ സംസ്കരണത്തിലെ നിലവിലെ സംവിധാനങ്ങൾ പരിചയപ്പെടുത്തൽ<br>• കുട്ടികളുടെ വീട്ടുകളിലെ മാലിന്യ സംസ്കരണത്തിൽ പങ്കാളികളാവുന്നതിന് തയ്യാറാക്കൽ<br>• മാലിന്യ സംസ്കരണ കമ്മ്യൂണിറ്റി സംവിധാനങ്ങളിലേക്ക് പഠനയാത്ര<br>• പ്രദേശത്തെ സൗന്ദര്യ വത്കരിക്കുന്ന പ്രവർത്തനം , ശുചീകരണം<br>• സുസ്ഥിര , മാലിന്യ രഹിത ജീവിതം പുലർത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ/ ജീവിത രീതികൾ പരിചയപ്പെടുത്തൽ<br>• നിലവിൽ സമൂഹത്തിലെ പ്രശ്നങ്ങൾ മനസിലാക്കി കൊടുക്കുന്നതിനും അവക്കെതിരെ ശബ്ദം ഉയർത്തുന്നതിനുമുള്ള പരിശീലനം<br>• മാലിന്യ മുക്ത നാളെയുടെ മാറ്റത്തിന്റെ ചാലകശക്തി ആയി കുട്ടികളെ തയ്യാറാക്കൽ. |

## 11. ഇന്റേൺഷിപ്പ്

മാലിന്യ സംസ്കരണ മേഖലയിലേക്ക് കൂടതൽ യുവതയെ ആകർഷിക്കുന്നതിനും. മാലിന്യ സംസ്കരണ മേഖലയിൽ കൂടതൽ പ്രൊഫഷണലുകളെ ഭാഗമാക്കുന്നതിനും , ഇന്റേൺഷിപ്പുകൾ. മാലിന്യ സംസ്കകരണവുമായി ബന്ധപ്പെട്ട എല്ലാ മിഷനുകൾക്കും , തദ്ദേശ സ്ഥാപനങ്ങൾക്കും ഇന്റേർൺഷിപ്പിന് വേണ്ടി വിദ്യാർഥികളെയും , പ്രൊഫഷണലുകളെയും ക്ഷണിക്കാവുന്നതാണ്.

| | |
|---|---|
| തീയതി | ജൂലൈ മുതൽ |
| സ്ഥലം | തദ്ദേശ സ്ഥാപന തലം / ജില്ലാ തലം/ സംസ്ഥാന തലം |
| പങ്കാളിത്തം | എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും, പ്രൊഫെഷണലുകൾക്കും ഇന്റേൺഷിപ്പ് ചെയ്യുന്നതിന് വേണ്ടിയുള്ള അവസരം ഉണ്ടാകും. |
| സംഘടനകൾ | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരളം മിഷൻ , ശുചിത്വ മിഷൻ , കുടുംബശ്രീ , CKCL,kswmp |
| സംഘാടനം | ജില്ല ക്യാമ്പയിൻ സെക്രട്ടറിയേറ്റ് |
| പ്രവർത്തനങ്ങൾ | 1. മാലിന്യ മുക്തം നവകേരളം ക്യാമ്പയിനിന്റെ ഭാഗമായി, മാലിന്യ സംസ്കരണ മേഖലയിൽ ഇന്റേൺഷിപ്പ്<br>2. [illegible] |

| | |
|---|---|
| | 2. മാലിന്യ സംസ്കരണ മേഖലയിൽ ഓരോ വിഷയത്തിനും ഭാഗമാകാൻ കഴിയുന്ന തരത്തിലാണ് ഇന്റേൺഷിപ്പ് ഉണ്ടാകുന്നത് .<br>3. തൽപ്പരരായ വിദ്യാർഥികൾക്കും , പ്രൊഫഷണലുകൾക്കും ഇന്റേർഷിപ്പിന് അപേക്ഷിക്കാം.<br>4. ആദ്യം ഓറിയെന്റേഷൻ ഓറിയെന്റ്ഷന് ശേഷം ഫീൽഡ് വിസിറ്റും ഉണ്ടാകും.<br>5. ആയതിനു ശേഷം ഇന്റേൺസിന് അവരുടെ ഇഷ്ട പ്രവർത്തന മേഖല തിരഞ്ഞെടുക്കാവുന്നതാണ്.<br>6. വാർഡ് തലത്തിലെ പ്രവർത്തനം, തദ്ദേശ സ്ഥാപന തലത്തിലെ പ്രവർത്തനം, ഹരിതകർമസേനയുമായുള്ള പ്രവർത്തനങ്ങൾ, കമ്മ്യൂണിറ്റി തല സംവിധാനങ്ങളുടെ ഭാഗമായി പ്രവർത്തനങ്ങൾ എന്നിങ്ങനെ നീളുന്നു പ്രവർത്തന മേഖലകൾ.<br>7. ഇന്റേൺസിനെ ജില്ലാതലത്തിൽ സഹായിക്കേണ്ട പൂർണ്ണ ചുമതല ജില്ല ക്യാമ്പയിൻ സെക്രട്ടറിയേറ്റിനായിരിക്കും. |

**<u>ക്യാമ്പയിൻ -മുഖ്യ പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ</u>**

| ക്രമ നം | പ്രവർത്തനം | കാലഗണന | ലക്ഷ്യങ്ങൾ | ലക്ഷ്യങ്ങൾ |
|---|---|---|---|---|
| 1 | യൂത്ത് മീറ്റ്സ് ഹരിതകർമ്മസേന 2.0 | ആഗസ്റ്റ് 15 -ആഗസ്റ്റ് 30 | ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുടെ പ്രോത്സാഹനം മുഴുവൻ വീടുകളിലും , സ്ഥാപനങ്ങളിലും 100% തരം തിരിക്കൽ ഉറപ്പ് വരുത്തൽ BWGകളിൽ പ്രത്യേക പരിശോധന | 4 ലക്ഷം യുവാക്കളെ പങ്കെടുപ്പിച്ച് കൊണ്ടുള്ള പ്രവർത്തനം |
| 2 | ശുചിത്വ സദസ്സ് | സെപ്റ്റംബർ 1 - സെപ്റ്റംബർ 8 വരെ | 100%വീടുകളിലും സ്ഥാപനങ്ങളിലും തരം തിരിക്കൽ , വാതില്പടി ശേഖരണം , ഉറവിട ജൈവ മാലിന്യ സംസ്കരണം ഉറപ്പുവരുത്തൽ പൊതു ഇടങ്ങൾ , ജലാശയങ്ങളുടെ അവസ്ഥാ വിലയിരുത്തലും സൗന്ദര്യ വത്ക്കരണവും. | സംസ്ഥാനത്തെ മുഴുവൻ വീടുകളെയും പങ്കെടുപ്പിച്ച് കൊണ്ട് ഓരോ വാർഡിലും |
| 3 | മാലിന്യ മുക്ത നാട് എന്റെ അവകാശം - സംസ്ഥാനത്താകെ 50 ലക്ഷം ശുചിത്വ അംബാസിഡർമാർ | ഒക്ടോബർ 2,5,6 | ജനകീയ ഇടപെടൽ പരിശോധന | 50 ലക്ഷം വിദ്യാർത്ഥികളെയും യുവാക്കളെയും പങ്കാളികളാക്കി കൊണ്ടുള്ള ബൃഹത്തായ ക്യാമ്പയിൻ |
| 4 | ശുചിത്വ പദയാത്ര | ഒക്ടോബർ 20 - ഒക്ടോബർ 30 | പൊതു ഇടങ്ങളുടെയും ജലാശയങ്ങളുടെയും സൗന്ദര്യ വത്കരണം ഉറപ്പാക്കൽ തീവ്രമായ ജനകീയ ഇടപെടൽ | സംസ്ഥാനത്തെ മുഴുവൻ ജനങ്ങളെയും പങ്കെടുപ്പിച്ച് കൊണ്ട് ഓരോ തദ്ദേശ സ്ഥാപനത്തിലും |
| 5 | കുട്ടികളുടെ ഹരിതസഭ | നവംബർ 14 | മേൽ സൂചിത ലക്ഷ്യങ്ങളുടെ പരിശോധന ഗ്രേഡിംഗ് | 2 ലക്ഷം സ്കൂൾ വിദ്യാർഥികൾ പങ്കെടുക്കുന്നു. |

| | | | | |
|---|---|---|---|---|
| | | | | |
| 6 | കുട്ടികളുടെ അവാർഡ് - "ഭാവി തലമുറയോട് നീതി പുലർത്തുന്ന LSG" - നവംബർ 15 -ഡിസംബർ 15 | നവംബർ 15 -ഡിസംബർ 15 | ഗ്രേഡിങ്ങും പുരസ്കാരവും | സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്ഥാപനങ്ങളെയും വിദ്യാർത്ഥികൾ ഗ്രേഡ് ചെയ്യുന്നു. |
| 7 , | മാലിന്യമുക്തം നവകേരളം - മെഗാ ഇവന്റ് - | ഡിസംബർ | പുരസ്കാരവും,പ്രഖ്യാപനങ്ങളും | മുഴുവൻ ജനങ്ങളെയും , തദ്ദേശ സ്ഥാപനങ്ങളെയും , മാലിന്യ സംസ്കരണ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി |